# പൗരോഹിത്യ ശുശ്രൂഷയിൽ
# 25 വർഷങ്ങൾ പിന്നിടുന്ന
## ബഹു. വൈദികർക്ക്
## ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. ചാക്കോ മേപ്പുറത്ത്**
പൗരോഹിത്യ സ്വീകരണം 5 – 4 – 1994



**റവ.ഫാ. സണ്ണി പുതനപ്ര**
പൗരോഹിത്യ സ്വീകരണം 5 – 4 – 1994



**റവ.ഫാ. ജോസ് കൊച്ചറക്കൽ**
പൗരോഹിത്യ സ്വീകരണം 6 – 4 – 1994



**റവ.ഫാ. ജെസ്റ്റിൻ മൂന്നാനാൽ**
പൗരോഹിത്യ സ്വീകരണം 7 – 4 – 1994



**റവ.ഫാ. പോൾ കൂട്ടാല**
പൗരോഹിത്യ സ്വീകരണം 12 – 4 – 1994



**റവ.ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ**
പൗരോഹിത്യ സ്വീകരണം 14 – 4 – 1994

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 ഏപ്രിൽ - 2018 ലക്കം 4**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 07
സിബിസിഐ 33-ാം ജനറൽബോഡി മീറ്റിങ്ങ് ............ 9
*Letter* .............................................................. 17
യോഗയും കത്തോലിക്കാ വിശ്വാസവും ...................... 18
രൂപതാകച്ചേരി വാർത്തകൾ ..................................... 26
പ്രസ്ബിറ്ററൽ കൗൺസിൽ - റിപ്പോർട്ട് ..................... 35
വൈദികരുടെ മാസധ്യാനം ........................................ 38
അവധിക്കാല ക്രിസ്റ്റീൻ ധ്യാനങ്ങൾ.................................. 38
ദൈവവിളി ക്യാമ്പുകൾ-2018 .................................. 39
കുടുംബകൂട്ടായ്മ ....................................................... 41
യുവജനവർഷം ........................................................... 44
മതബോധനരംഗം ...................................................... 49
ചെറുപുഷ്പമിഷൻലീഗ് ............................................... 52
*Department of Youth Ministry* ................................ 58
കെ.സി.വൈ.എം. ........................................................ 60
കുടുംബപ്രേഷിതത്വം .................................................. 64
സാമൂഹ്യ സേവനരംഗം (WSSS) .................................. 71
ബയോവിൻ അഗ്രോ റിസർച്ച് ..................................... 79
റേഡിയോ മാറ്റൊലി .................................................. 82
Mary Matha Arts & Science College ........................ 91
ഡി.എഫ്.സി. .............................................................. 92
അറിയിപ്പുകൾ .......................................................... 94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 96
ബിഷപ്സ് പ്രോഗ്രാം ..................................................... 97

Prot. No. 0167/2018

## സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനക്രമവത്സരമനുസരിച്ച് നോമ്പുകാലം കഴിഞ്ഞ് ഉയിർപ്പു കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല, മിഷൻ രൂപതകളിലേക്കുള്ള വൈദികരുടേയും സമർപ്പിതരുടേയും ദൈവവിളിയെക്കുറിച്ചുതന്നെ.

“വിളവധികം വേലക്കാരോ ചുരുക്കം” (മത്താ. 9:37) എന്ന ദിവ്യനാഥന്റെ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചും ഇപ്പോൾ കൂടുതൽ അന്വർത്ഥമാണ്. നമ്മുടെ പല മിഷൻ രൂപതകൾക്കും പ്രേഷിത പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ടത്ര വൈദികരെ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനപരവും പ്രേഷിത പ്രവർത്തനപരവുമായ സ്വാതന്ത്ര്യം നൽകിക്കൊണ്ട് പരിശുദ്ധ പിതാവ് ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുകയും തക്കല, രാമനാഥപുരം രൂപതകളുടെ അതിർത്തികൾ വിസ്തൃതമാക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടേയും സമർപ്പിതരുടേയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനത്തിനാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ രൂപതകളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽ തന്നെ അർത്ഥികളെ സ്വീകരിച്ച് മിഷൻ

പരിശീലനം നൽകി വൈദികരായി അഭിഷേകം ചെയ്യാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ ജനുവരി മാസം നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിൻപ്രകാരം, ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽ നിന്ന് മിഷനറി വൈദികരാകാൻ ആഗ്രഹിക്കുന്ന 10-ാം ക്ലാസോ ഉപരിവിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബന്ധപ്പെടാവുന്നതുമാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും താഴെ കൊടുക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോത്സാഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ഈശോയിൽ സസ്നേഹം,

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal Curia
Mount St. Thomas, Kakkanad, P.B. No. 3110,
Kochi - 682 030 - India
Mob: +91 9495772184
E-mail: smcvocationcommission@gmail.com

---

**NB:- ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപതകളിലെ വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.**

# സിബിസിഐ 33-ാം ജനറൽബോഡി മീറ്റിങ്ങ്

**ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘം (സിബിസിഐ)**

**ബാംഗ്ലൂർ, ഫെബ്രുവരി 2–9, 2018**

കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി
വൈവിധ്യത്തിൽ ഐക്യപ്പെട്ട്: "യുഗാവസാനംവരെ ഞാൻ
എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 28:20)

**അന്തിമ പ്രസ്താവന**

**മുഖവുര**

നമ്മുടെ ജനറൽബോഡി മീറ്റിങ്ങിന്റെ പ്രമേയം ത്രിത്വരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ നേരിട്ടുക്ഷണിക്കുന്നു. നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികളിൽ ഐക്യപ്പെട്ടിരിക്കുന്ന ഏക ദൈവമെന്ന മഹാരഹസ്യമാണ്.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ അനന്യമായ സ്വഭാവത്തെ ഓർത്ത് ദൈവത്തിനു നാം നന്ദിപറയുന്നു. അത് മൂന്ന് സ്വയം ഭരണാധികാരമുള്ള (*Sui iuris*) സഭകൾ ചേർന്നുണ്ടായതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെക്കുറിച്ച് ജീവിതത്തിലും ദൗത്യത്തിലും ചിന്തിക്കാൻ ഈ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ വീക്ഷണത്തിൽ വേരുറച്ചവരായി ഞങ്ങൾ, ഇന്ത്യയിലെ 184 മെത്രാന്മാർ സിബിസിഐയുടെ 33-ാം ജനറൽ ബോഡി മീറ്റിങ്ങിനായി സമ്മേളിച്ചു. ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2018 ഫെബ്രുവരി 2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായിരുന്നു സമ്മേളനം. അത് പ്രാർത്ഥിക്കാനും താഴെപ്പറയുന്ന പ്രമേയത്തെപ്പറ്റി ചിന്തിക്കാനുമായിരുന്നു: "കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20). നമ്മുടെതന്നെ തനിമയെപ്പറ്റിയുള്ള ധാരണയെ ആഴപ്പെടുത്താനും രാഷ്ട്രനിർമ്മിതിക്കായുള്ള നമ്മുടെ സംഭാവനയെ വർധിപ്പിക്കാനുമാണത്: "കണ്ടാലും, യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാൽ ഞങ്ങൾ – ഭാരതീയ

കത്തോലിക്കാ മെത്രാന്മാർ – ഉറപ്പും ശക്തിയും കണ്ടെത്തി. 2017 നവംബർ 17 മുതൽ 19 വരെ സമ്മേളിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സിസിഐ) യുടെ അന്തിമ പ്രസ്താവനകൾ ഞങ്ങൾ പരിഗണിച്ചു.

**യേശുവിന്റെ ദൗത്യം**

മനുഷ്യവംശത്തെ മുഴുവനും ദൈവത്തിന്റെ ഒറ്റ കുടുംബമായി ഐക്യപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും വന്ന യേശുതന്നെയാണ് സദ്വാർത്ത. അവിടുന്ന് എല്ലാവരെയും സ്നേഹിച്ചവിധത്തിൽ അതായത്, വിശക്കുന്നവരെ തീറ്റിപ്പോറ്റുന്നതിലും അസ്വസ്ഥരെ ആശ്വസിപ്പിക്കുന്നതിലും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ മഹത്ത്വത്തെ വളർത്തുന്നതിലും, രോഗികളെ സുഖപ്പെടുത്തുന്നതിലും പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ നൽകുന്നതിലും അടിമകൾക്കു സ്വാതന്ത്ര്യം നൽകുന്നതിലും പാപികൾക്കു പാപപ്പൊറുതി നൽകുന്നതിലും ദരിദ്രർക്ക് നീതി നൽകുന്നതിലും മരിച്ചവർക്ക് ജീവൻ നൽകുന്നതിലും ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

**ഭാരതത്തിലെ സഭ**

ഭാരതത്തിലെ സഭ യേശുവിന്റെ അപ്പസ്തോലനായ വിശുദ്ധ തോമായിലൂടെ വിശ്വാസമെന്ന ദാനം സ്വീകരിച്ചു. പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസീസ് സേവ്യറിനെപ്പോലുള്ള മഹാന്മാരായ അനേകം വിശുദ്ധരുടെ പരിശ്രമങ്ങൾവഴി നമ്മുടെ ക്രൈസ്തവവിശ്വാസം പോഷിപ്പിക്കപ്പെടുകയും ശക്തമാക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ക്രൈസ്തവവിശ്വാസം ക്രിസ്തുമതത്തോളം പഴക്കമുള്ളതാണെന്ന് ശക്തിയുക്തം ഉറപ്പിച്ചു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യ ഇന്ന് എന്തായിരിക്കുന്നുവോ അത് ഇന്ത്യയിലെ സഭയുടെ സംഭാവനകൊണ്ടുകൂടിയാണ്. സഭ മാന്യവും കാര്യക്ഷമവുമായ സേവനം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ട്. അതുകൊണ്ട് സഭയെ ഇന്ത്യയ്ക്ക് ആവശ്യമുണ്ടെന്നതു വ്യക്തമാണ്. നമ്മുടെ ഗുരുവായ യേശുവിനെ അനുകരിച്ച് സഭാംഗങ്ങൾ മാതൃരാജ്യത്തോടുള്ള സ്നേഹം തുർന്നുകൊണ്ടിരിക്കുന്നു. അവൾ ഓരോ ദരിദ്രനിലേക്കും ഓരോ അധഃകൃതനിലേക്കും എത്തിച്ചേരുന്നുണ്ടല്ലോ. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് സഭ വിശ്വസിക്കുന്നു. യേശുതന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെതന്നെ: “നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം” (മത്താ 22:39). ദരിദ്രരെ ശക്തിപ്പെടുത്തൽ, മനുഷ്യമഹത്ത്വത്തെ വളർത്തൽ എന്നിവ നമ്മുടെ ഭരണഘടനയിൽ സൂക്ഷിച്ചിട്ടുള്ള മൂല്യങ്ങളാണ്. സഭയും തന്റെ ദൗത്യത്തിൽ

അങ്ങനെ ചെയ്യുന്നുണ്ട്. സഭ തന്റെ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കുന്ന ദൗത്യത്തിന് ഒരു ലക്ഷ്യമേ ഉള്ളൂ. സത്യം, നീതി, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സമാധാനത്തിന്റെ നാലുസ്തംഭങ്ങളിൽ നമ്മുടെ രാഷ്ട്രത്തെ വളർത്തുകയെന്നതാണത് (cf വിശുദ്ധ ജോൺ 23-ാമൻ, "ഭൂമിയിൽ സമാധാനം").

**യഥാർത്ഥ ദേശീയതാവാദത്തെയും ഭരണഘടനാപരമായ മതേതരത്വത്തെയും മനസ്സിലാക്കൽ**

ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തെയോ മതത്തെയോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ദേശീയതാവാദത്തെ വളർത്താനുള്ള ഏതു പരിശ്രമവും അപകടകരമാണ്. അത് ഐകരൂപ്യത്തിലേക്കു നയിച്ചേക്കാം; പക്ഷേ ഒരിക്കലും യഥാർത്ഥ ഐക്യത്തിലേക്കു നയിക്കുകയില്ല. മിഥ്യാധാരണാപരമായ അത്തരം പരിശ്രമങ്ങൾ നമ്മുടെ രാഷ്ട്രത്തെ സ്വയം നശീകരണത്തിന്റെ പാതയിലൂടെയേ നയിക്കുകയുള്ളൂ. സമാധാനം, പുരോഗതി, വികസനം എന്നിവയ്ക്കായുള്ള അന്വേഷണത്തിൽ ഏകസംസ്കാരവാദം ശരിയായ ഉത്തരമായിരുന്നിട്ടില്ല, ആയിരിക്കയുമില്ല. പ്രത്യേകിച്ച് സംസ്കാരവൈവിധ്യം, ഭാഷ, ദേശം, വംശം, മതം എന്നിവയുടെ സമ്പന്നമായ ഒരു രാജ്യത്ത് ഒരിക്കലും അങ്ങനെ ആവുകയില്ല. അക്രമം എപ്പോഴും അക്രമിയിലേക്കു തിരിച്ചു വരും – പെട്ടെന്നോ പില്ക്കാലത്തോ അങ്ങനെ സംഭവിക്കും. "എന്തെന്നാൽ വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ. 26:52). സ്ത്രീകൾക്കെതിരേ നടക്കുന്ന ക്രൂരകൃത്യങ്ങളെയും കൊലകളെയും വംശീയ മാത്സര്യങ്ങളെയും ക്രൈസ്തവസ്ഥാപനങ്ങൾക്കും സമുദായങ്ങൾക്കുമെതിരേയുള്ള സാമുദായിക അക്രമങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. നമുക്ക് യഥാർത്ഥമായ ദേശീയതാവാദത്തിന്റെ പാത പിന്തുടരാം. അത് നമ്മുടെ മാതൃരാജ്യത്തെ യഥാർത്ഥ സമാധാനത്തിലേക്കും സമന്വയത്തിലേക്കും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും നയിക്കും. യഥാർത്ഥ ദേശീയതാവാദം ഓരോ പൗരന്റെയും മാനുഷിക മഹത്ത്വത്തെ ആദരിക്കുന്നു. സാമ്പത്തികസ്ഥിതിയോ സംസ്കാരമോ മതമോ ദേശമോ ഭാഷയോ പരിഗണിക്കാതെ അങ്ങനെ ചെയ്യുന്നു.

നമ്മുടെ ഭാരതീയ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള നിമയവാഴ്ചയെ ഉയർത്തിപ്പിടിക്കാൻ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും നിർബന്ധിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്രമത്തിന്റെ അന്തരീക്ഷത്തിൽ സമാധാനത്തിനുവേണ്ടി ജനക്കൂട്ട സംസ്കാരവും ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നതും ഒഴിവാക്കാൻ നമ്മുടെ എല്ലാ സഹപൗരന്മാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാ

വരുടെയും പുരോഗതിയും വികസനവും ഉറപ്പുവരുത്താനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി നിയമവും ക്രമസംവിധാനവും നിലനിറുത്താൻ സർക്കാർ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ വിലമതിക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമായ വാക്കുകളിലൂടെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "ഓരോ വ്യക്തിയുടെയും ആവശ്യത്തിനുവേണ്ടത് ലോകത്തിലുണ്ട്. എന്നാൽ ഓരോ വ്യക്തിയുടെയും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത് ലോകത്തിലില്ല."

**മനുഷ്യജീവൻ എന്ന അമൂല്യദാനം**

ദൈവം തന്ന അമൂല്യദാനമായ മനുഷ്യജീവന്റെ പരിപൂർണവും അതിശായിത്വരവുമായ മൂല്യത്തെ ക്രൈസ്തവസമൂഹം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ട് മനുഷ്യജീവന് എതിരായ ഒരു ആക്രമണവും ഒരിക്കലും ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാവുകയില്ല. വ്യത്യസ്ത വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ അത് ഒരിക്കലും നീതീകരിക്കാനും സാധ്യമല്ല. നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിലെ ഓരോ വ്യക്തിയുടെയും ജീവനെ വിലമതിക്കുകയും സംരക്ഷിക്കുകയും വേണം.

**സഭയുടെ കാരുണ്യദൗത്യം**

ദൈവത്തിന്റെ ഹൃദയത്തിൽനിന്നു മാത്രമാണ് കാരുണ്യം ഒഴുകുന്നത്. യേശുക്രിസ്തുവിന്റെ കുരിശിലൂടെ അത് ഒഴുകുന്നു. ആ കാരുണ്യത്തിനുമാത്രമേ മുറിവേറ്റ മനുഷ്യഹൃദയങ്ങളെ സുഖപ്പെടുത്താനും വ്യക്തികളും സമുദായങ്ങളും തമ്മിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച് പരിഹരിക്കാനും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരെ ദുരിതത്തിൽനിന്നു രക്ഷിക്കാനും സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ ഞങ്ങൾ അപകടകരമായ ഈ അവസ്ഥ നേരിടുമ്പോൾ കാരുണ്യത്തിന്റെ യഥാർത്ഥ സാക്ഷികളാകാൻ ശപഥംചെയ്യുന്നു. കാരുണ്യമാണ് സുവിശേഷത്തിന്റെ സത്തയും ക്രൈസ്തവ ശിഷ്യത്വത്തിന്റെ പ്രകാശനവും. കൽക്കട്ടയിലെ വിശുദ്ധ തെരേസയുടെ മൃദുലമായ കൈകളും ചുളിവുള്ള മുഖവും ഇൻഡോറിലെ വാഴ്ത്തപ്പെട്ട റാണി മരിയയുടെ രക്തസാക്ഷിത്വവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ക്രൈസ്തവരായ ഞങ്ങൾ രാഷ്ട്രത്തിനുവേണ്ടി – പ്രത്യേകിച്ച് ദളിതർ ഗ്രോത്രവർഗക്കാർ, പിന്നോക്കം നിൽക്കുന്ന മറ്റു ജനസമൂഹങ്ങൾ എന്നിവർക്കുവേണ്ടി – ചെയ്യുന്ന സേവനത്തിൽ ഞങ്ങളുടെ സഹപൗരന്മാരുമായി കൈകോർത്തു പിടിക്കുന്നു. നമ്മുടെ ജനതയുടെ യഥാർത്ഥ മാനുഷിക വികസനം ഉറപ്പാക്കാൻ വേണ്ടിയാണത്. ആ വിക

സനം കേവലം സാമ്പത്തിക മാനദണ്ഡങ്ങളനുസരിച്ചല്ല, പിന്നെയോ മാനുഷിക മാനദണ്ഡമനുസരിച്ചാണ് അളക്കപ്പെടുന്നത്.

ഏതു തരത്തിലുമുള്ള ഇടുങ്ങിയ ആഭ്യന്തര മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്ക് ഇറങ്ങാൻ നമുക്ക് എല്ലാവർക്കും ശപഥംചെയ്യാം. യഥാർത്ഥത്തിൽ മതേതരത്വപരവും സോഷ്യലിസപരവും ജനാധിപത്യ പരവുമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വേണ്ടിയാണത്. ഇന്ത്യൻ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള തരത്തിലുള്ള രാഷ്ട്രം തന്നെ.

**സഭയിലും രാഷ്ട്രത്തിലും വൈവിധ്യങ്ങളുടെയിടയിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.**

1. ശിഷ്യത്വപരമായ നമ്മുടെ ക്രൈസ്തവജീവിതം എല്ലാ തലങ്ങളിലും ആഴപ്പെടുത്താനും തീവ്രതയുള്ളതാക്കാനും അതിനായി നിരന്തരം പ്രാർത്ഥിക്കുന്ന സമുദായമായി നിലനിന്നുകൊണ്ട് ത്രിത്വാത്മക വിശ്വാസത്തിനുചേർന്ന വിധം എപ്പോഴും വൈവിധ്യത്തിൽ ഐക്യത്തോടെ ജീവിക്കണം.

2. അല്മായരും സന്യസ്തരും വൈദികരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണം. എല്ലാതലങ്ങളിലും ആ കൂട്ടായ്മ സഭാജീവിതത്തിന്റെ മാർഗമാണെന്ന് ഉറപ്പുവരുത്തണം.

3. ലഘുക്രൈസ്തവസമൂഹങ്ങളെയും (SCCs) കുടുംബയൂണിറ്റുകളെയും വളർത്തുകയും തീവ്രതരമാക്കുകയും വേണം. വിശ്വാസികളുടെ സമഗ്രമായ, സർവ്വതലസ്പർശിയായ, പരിശീലനത്തിനും മതാന്തര സഹകരണത്തിനും സമാധാനത്തിനും സമന്വയത്തിനും വേണ്ടിയാണത്.

4. ലോകത്തിൽ കുടുംബങ്ങൾ നടത്തുന്ന സുവിശേഷവത്ക്കരണ ദൗത്യത്തിൽ അവരോടൊപ്പമായിരിക്കുകയും അവ സഭയുടെ അജപാലനശുശ്രൂഷയുടെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ക്ലേശിച്ചു കഴിയുന്ന കുടുംബങ്ങളോട് സവിശേഷ ശ്രദ്ധയും സഹതാപവും കാണിക്കണം. ഉത്തരവാദിത്വപൂർണമായ പിതൃത്വത്തെക്കുറിച്ച് അവർക്ക് വെളിച്ചം നൽകണം.

5. നമ്മുടെ യുവജനത്തെ യഥാർത്ഥ ക്രൈസ്തവ ജീവിതത്തെക്കുറിച്ചുള്ള ദർശനംകൊണ്ടു നിറയ്ക്കണം. സഭയിലും സമൂഹത്തിലും അവർക്കുള്ള ധർമ്മം നിർവഹിക്കാൻ അവരെ ശക്തരാക്കണം. നമ്മുടെ യുവജനത്തെ ദൈവവചനത്തെയും സഭയുടെ പ്രബോധനങ്ങളെയും സംബന്ധിച്ച അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് സഭയിൽ സജീവ ധർമ്മം നിർവഹിക്കാൻ ശക്തിപ്പെടുത്തണം. ഇന്ത്യൻ കാത്തലിക്

മൂവ്മെന്റ് (ICYM), മറ്റുള്ള കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങൾ എന്നിവയിലൂടെ അങ്ങനെ ചെയ്യണം. നമ്മുടെ യുവജനങ്ങളെ ദൈവവിളി തിരിച്ചറിയാനും ജീവിതപാത തിരഞ്ഞെടുക്കാനും സഹായിക്കാനാണത്. യുവജനങ്ങളെ സംബന്ധിച്ച് 2018 ഒക്ടോബറിൽ നടത്താനിരിക്കുന്ന സിനഡിന്റെ പ്രഥമ പ്രമേയം അതാണ്.

6. നമ്മുടെ അല്മായരെയും യുവജനത്തെയും രാഷ്ട്രനിർമ്മാണത്തിന് പ്രോത്സാഹിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യണം. രാഷ്ട്രീയം, സിവിൽ സർവീസ്, രാജ്യരക്ഷ, നിയമം, ജുഡീഷ്യറി എന്നിങ്ങനെയുള്ള ദേശീയ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ ഉൾപ്പെട്ടുകൊണ്ടാണ് അവർ അങ്ങനെ ചെയ്യേണ്ടത്.

7. സ്ത്രീകൾക്കുള്ള തുല്യമഹത്ത്വത്തെ അംഗീകരിക്കാനും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായർക്കുള്ള പങ്കിനെ വളർത്താനും ഉതകുന്ന പരിശീലനം സഭയുടെ പരിശീലന ഭവനങ്ങളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

8. സഭയുടെ എല്ലാ സംഘങ്ങളിലും സ്ത്രീകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

9. സഭയിലും സമൂഹത്തിലും കരുണയുടെ യഥാർത്ഥ സാക്ഷികളായിരിക്കാൻ സെമിനാരി വിദ്യാർത്ഥികളെയും വൈദികരെയും സന്യസ്തരെയും സജ്ജീകൃതരാക്കണം.

10. മതാന്തര സംവാദം വളർത്താനുള്ള എല്ലാ അവസരവും ഉപയോഗിക്കണം. ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തെ വളർത്താൻ ക്രൈസ്തവരായ നാം എല്ലാ പരിശ്രമവും ചെയ്താൽ നമ്മുടെ മതാന്തര സംവാദം കൂടുതൽ വിശ്വസനീയമാകും.

11. എക്യുമെനിക്കൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംവാദത്തിലൂടെയും പൊതുവായ എക്യുമെനിക്കൽ സേവനങ്ങൾ, പൊതുവായ പ്രാർത്ഥനകൾ, പൊതുവായ പ്രവർത്തനങ്ങൾ എന്നിവയിലൂടെയും ക്രൈസ്തവർ തമ്മിൽ കൂടുതൽ നല്ല സഹകരണം വളർത്താൻ വിവിധ സംരംഭങ്ങൾ തുടങ്ങണം.

12. സഭയുടെയും സമുദായത്തിന്റെയും എല്ലാ മേഖലകളിലും ഇന്ത്യയുടെ ഭരണഘടന കൂടുതൽ വ്യാപകമായി അറിയപ്പെടാൻ പരിശ്രമിക്കണം. എല്ലാ പൗരന്മാരുടെയും തുല്യത, മതസ്വാതന്ത്ര്യം, മനസാക്ഷി സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ സുപ്രധാന സവിശേഷതകളെ ഉയർത്തിക്കാണിച്ചുകൊണ്ടും അങ്ങനെ ചെയ്യണം.

13. പൊതുസമൂഹത്തിൽ കൂടുതൽ സജീവമായി പ്രവർത്തിക്കാൻ അല്മായരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം.

അവരുടെ വിളിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രനിർമ്മാണത്തിന് അവർ കാര്യക്ഷമമായ സംഭാവന നൽകാനാണത്.

14. വിദ്യാഭ്യാസ മണ്ഡലത്തിൽ കാരുണ്യത്തിന്റെ ദൗത്യം നിർവ ഹിക്കാനുള്ള നമ്മുടെ സേവനങ്ങൾ തുടരണം. സിബിസിഐയുടെ "All India Catholic Education Poicy 2007" എന്ന നയം ബോധപൂർവ്വം നിറവേ റ്റാനാണത്. സുവിശേഷമൂല്യങ്ങളെ നൽകാൻവേണ്ടിത്തന്നെ.

15. കത്തോലിക്കാ ഹെൽത്ത് സർവീസുകളെ കാരുണ്യത്തി ന്റെയും കഴിയുന്നത്ര സൗഖ്യദാനത്തിന്റെയും ഒരു ദൗത്യമാക്കണം. അത് സഹതാപപൂർണവും പരിരക്ഷണപരവുമായിരിക്കണം. എന്നാലും അത് സുസജ്ജവും സ്വയം നിലനിൽക്കാനാവുന്നതും സഹകരണപര വുമായിരിക്കണം.

16. സിബിസിഐ യുടെ ദളിത് ശാക്തീകരണ പോളിസി ഓരോ രൂപതയിലും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഗോത്രവർഗ്ഗ ക്കാരുടെയും മറ്റുള്ള പിന്നാക്കവർഗ്ഗക്കാരുടെയും സംരക്ഷണത്തിനും സമഗ്രമായ വികസനത്തിനുംവേണ്ടി അധ്വാനിക്കണം. കൃഷിക്കാർ, മീൻപിടുത്തക്കാർ, കുടിയേറ്റക്കാർ എന്നിവരും നിസ്സഹായരും ചൂഷണം ചെയ്യപ്പെട്ടവരുമായവർക്ക് ആശ്വാസവും ക്ഷേമവും നൽകാൻ സവിശേ ഷസംരംഭങ്ങൾ തുടങ്ങണം. അവരുടെ അസ്വസ്ഥതയിൽ അവർക്ക് ശുശ്രൂഷയും ആശ്വാസവും പ്രത്യാശയും നൽകുവാനാണത്.

17. നമ്മുടെ ക്രൈസ്തവ സമർപ്പണത്തിന്റെയും ആധ്യാത്മിക തയുടെയും സത്താപരമായ ഭാഗമെന്ന നിലയിൽ പരിസ്ഥിതിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച ബോധം വർധിപ്പിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനും പ്രകൃതിയോടുള്ള സ്നേഹം വർധിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങണം. ഫ്രാൻസീസ് മാർപാപ്പായുടെ ചാക്രികലേ ഖനമായ 'ലാവുദാത്തോ സീ'യിലുള്ള പ്രബോധനങ്ങൾ നിറവേറ്റാൻ ഓരോ രൂപതയും ഒരു പരിസ്ഥിതിനയം രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവ രുത്തണം.

18. തടവറയിലായിരിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാ രുടെ ദുരിതാവസ്ഥയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പരിപാലിക്കു ന്നതിനും സഹായിക്കണം.

19. സഭയുടെ ഭരണനിർവഹണത്തിന്റെ സകല മണ്ഡലങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം. സമൂഹത്തിലെ സുതാര്യതയ്ക്കായി നില കൊള്ളുകയും വേണം.

20. നമ്മുടെ എല്ലാ രൂപതകൾക്കും കാര്യക്ഷമമായ ഒരു "ചിന്താ

കേന്ദ്രം" ഉണ്ടായിരിക്കണം. അടിയന്തിര സ്വഭാവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനും ബന്ധപ്പെട്ട എല്ലാവരോടും ഉത്സാഹപൂർവ്വം സംവദിക്കാനുമാണത്.

**ഉപസംഹാരം**

"സഭ നിലകൊള്ളുന്നത് സുവിശേഷവത്കരണം നടത്താനാണ്. അതായത്, പ്രഘോഷിക്കാനും പഠിപ്പിക്കാനും ദൈവകൃപയാകുന്ന ദാനത്തിന്റെ ചാനലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും വേണ്ടിയാണത്" (വാഴ്ത്തപ്പെട്ട പോൾ 6–ാമൻ, *പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, നമ്പർ 14*). "സുവിശേഷവത്കരിക്കാനാണ് സഭയും ദൈവശാസ്ത്രവും നിലകൊള്ളുന്നത്, ക്ലാസ് റൂം ദൈവശാസ്ത്രംകൊണ്ടു തൃപ്തിപ്പെടാനല്ല" (ഫ്രാൻസീസ് മാർപാപ്പാ, *സുവിശേഷത്തിന്റെ സന്തോഷം, നമ്പർ 133*). നമ്മുടെ രാഷ്ട്രത്തിന്റെ വൈവിധ്യത്തിൽ ഐക്യം എന്നതിനുണ്ടാകുന്ന ഗൗരവപൂർണായ വെല്ലുവിളികളെയും പരാജയങ്ങളെയും നാം നേരിടുന്നുണ്ട്. എങ്കിലും ഭാരതീയരായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനുവേണ്ടിയും അതിന്റെ ക്ഷേമത്തിനുവേണ്ടിയും നാം നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തിനായുള്ള പ്രവർത്തനം തുടരാനും സമാധാനവും സമന്വയവും സ്ഥാപിക്കാനും നമ്മുടെ രാജ്യം അതിന്റെ മഹോന്നതമായ വിളിക്കുചേർന്നവിധം ജീവിക്കാനും വേണ്ടിയാണത്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി നാം ചെയ്യുന്നതെല്ലാം കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ സ്നേഹപൂർണമായ സംരക്ഷണത്തിന് നാം ഏൽപിക്കുന്നു.

**ബസേലിയോസ് കാർഡിനൽ ക്ലീമിസ്**

പ്രസിഡന്റ്, കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ

# Letter

*Prot.No. 0192/2018*

This is to recall to your kind attention the following decision of the First Session of the XXVI Synod (2018), held from 8 January to 13 January 2018 at Mount St. Thomas (Cf. Minutes of 10 January 2018): "To Approve the following action plans for the implementation of the proposals of the Major Archiepiscopal Assembly:

1. When bishops come for various functions in various parishes and institutions make the receptions simple at the entrance of the parish church. Avoid reception from the parish boundary or from the church gate or with flexes and arches along the road.
2. All celebrations are to be simple. Any kind of publicity is to be merely informative and simple.
3. Institutions run by eparchies/ parish churches and institutes of consecrated life are not to ask compulsory donations for admission and appointments.
4. Education institutions run by eparchies / parish churches and the institutes of consecrated life are to give concession to poor students as well as to the forth and following children of Catholic parents.
5. The Catholic Aided schools or schools in the public sectors are to be fostered.
6. Every financially sound parish is to adopt a mission center and keep the regular contact with it.
7. Skills of senior citizens are to be made use of in every parish.
8. A percentage of the amount of family celebrations is to be set apart for the poor.
9. When some fees/contributions are fixed in a parish, the amount shall be fixed according to the financial status of the families. No compulsory fees/contribution shall be demanded.
10. The data of those who go away from the home parishes for education and jobs are to be kept in the offices at parish, eparchial levels. They should be helped to connect with the local Syro-Malabar Catholic Communities where they live or go for studies and do not demand donations as prerequisite for the administration of the sacraments in their local parishes.

I hope you will do the follow up in the matter concerned for its implementation.

With every good wish, Yours cordially in Christ,

**George Cardinal Alencherry**
Major Archbishop of the Syro-Malabar Church

# യോഗയും കത്തോലിക്കാ വിശ്വാസവും

**സീറോമലബാർ ഡോക്ട്രൈനൽ കമ്മീഷൻ**

ശാരീരിക മാനസിക ആത്മീയതലങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന വ്യായാമമുറകളാണ് ഭാരതീയയോഗാശാസ്ത്രം പ്രത്യക്ഷത്തിൽ അവതരിപ്പിക്കുന്നത്. എന്നാൽ യോഗയുടെ മറവിൽ വർഗ്ഗീയരാഷ്ട്രീയവും ഹിന്ദുത്വ അജണ്ടയും ലക്ഷ്യമാക്കി അന്തർദേശീയതലത്തിൽ യോഗ പ്രചരിപ്പിക്കാൻ സംഘപരിവാർ മുന്നിട്ടിറങ്ങുന്ന സാഹചര്യത്തിൽ യോഗാനുഷ്ഠാനങ്ങളെ പുനർവായനയ്ക്കു വിധേയമാക്കാൻ ക്രിസ്തീയ വിശ്വാസികൾ നിർബന്ധിതരായിരിക്കുകയാണ്. സ്കൂൾതലം, മുതൽ യോഗയെ പാഠ്യപദ്ധതിയിലെ നിർബന്ധിത വിഷയമാക്കാനുള്ള ശ്രമവും യോഗയെ ഭാരതസംസ്കാരത്തിന്റെ ഏകതാനതയായി അവതരിപ്പിക്കാനുള്ള അഭൂതപൂർവ്വമായ സർക്കാർതല നീക്കങ്ങളും ഇപ്രകാരമൊരു പുനർവായനയ്ക്ക് ആക്കം കൂട്ടുന്നുണ്ട്.

**യോഗയുടെ ചരിത്രം**

2. പുരാതന ഭാരതീയ മതങ്ങളായ ഹിന്ദുമതം, ജൈനമതം, ബുദ്ധമതം എന്നിവയുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെടുന്നതിനുമുമ്പുതന്നെ യോഗ ഇന്നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്നുവെന്ന അനുമാനത്തിലേക്കാണ് സിന്ധുനദീതട സംസ്കാരത്തിന്റെ പുരാവസ്തുപഠനം നമ്മെ നയിക്കുന്നത്. മതനിരപേക്ഷമായ പുരാതന ഭാരതീയ സംസ്കാരത്തിന്റെ തനത് അനുഷ്ഠാനങ്ങളും ആത്മീയ അഭ്യാസങ്ങളുമാവണം പിൽക്കാലത്ത് യോഗശാസ്ത്രമായി വളർന്നത്. യോഗയ്ക്ക് താത്ത്വികമായ വ്യാഖ്യാനം നൽകി ശാസ്ത്രീയമായി വീണ്ടെടുത്ത് സാർവ്വത്രിക സ്വഭാവമുള്ള ഒരു സമഗ്ര ആത്മീയ പരിശീലനപദ്ധതിയായി പുനരവതരിപ്പിച്ചത് പതഞ്ജലി മഹർഷിയാണ്. ആത്മീയ യാഥാർത്ഥ്യങ്ങളെയും അനുഭവങ്ങളെയും അംഗീകരിക്കുമ്പോഴും സ്രഷ്ടാവും പരിപാലകനും ജീവതലക്ഷ്യവുമായ ഒരു ഈശ്വരൻ യോഗയിൽ ഇല്ല. ബ്രഹ്മണമേധാവിത്വം ഉണ്ടായിരുന്ന പിൽക്കാലത്ത് പതഞ്ജലിയുടെ യോഗയും ഹൈന്ദവമതത്തിന് അധീനമായാണ് വളർന്നതും പ്രചരിച്ചതും. യോഗയുടെ പ്രബോധനങ്ങൾക്കും അഭ്യാസങ്ങൾക്കും ഭാരതീയ മതാത്മകതയുടെ പ്രത്യേകിച്ച്, ബ്രഹ്മണമേധാവിത്വമുള്ള ഹൈന്ദവ മതാത്മകതയുടെ പരിവേഷം കൈവന്നു.

3. സമീപകാലത്ത് ചില പൊന്തിഫിക്കൽ കൗൺസിലുകളും കോൺഗ്രിഗേഷനുകളും പ്രസിദ്ധീകരിച്ച രേഖകൾ (പ്രധാനമായും വിശ്വാസ തിരുസംഘം 1989 ഒക്ടോബർ 15 ന് പുറപ്പെടുവിച്ച മാർഗ്ഗരേഖ - Orationis Formas, നവയുഗ പ്രസ്ഥാനങ്ങളെക്കുറിച്ച് 2003 ൽ വത്തിക്കാൻ പുറത്തിറക്കിയ പ്രബോധനരേഖ - Jesus Christ, the bearer of the water of Life: A Christian Reflection on the New Age, യുവജനങ്ങൾക്കായുള്ള സഭയുടെ മതബോധന ഗ്രന്ഥം - യു-കാറ്റ് എന്നീ പ്രബോധനരേഖകൾ യോഗയെക്കുറിച്ചുള്ള ചില വ്യക്തമായ ആശങ്കകൾ പങ്കുവയ്ക്കുന്നുണ്ട്.

4. വിശ്വാസ തിരുസംഘം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ (Orationis Formas) നിർദ്ദേശവും ശ്രദ്ധാർഹമാണ്: "വേണ്ടരീതിയിൽ ശാരീരിക ചേഷ്ടതകളെ മനസിലാക്കിയില്ലെങ്കിൽ അതുതന്നെ ഒരു വിഗ്രഹമായി മാറാം. അത് നമ്മുടെ ആത്മാവിനെ ദൈവത്തിങ്കലേക്ക് ഉയർത്തുന്നതിന് തടസ്സമാകും. ശാരീരിക ചേഷ്ടയെ മുൻനിർത്തി പ്രാർത്ഥനയെ നയിക്കുന്നത് വളരെ ബുദ്ധിമുട്ടേറിയതാണ്. അത് ശരീരത്തിന്റെ ഒരു ഭ്രമമായി അധഃപതിക്കുകയും എല്ലാ ശാരീരിക അനുഭവങ്ങളും ആത്മീയാനുഭവങ്ങളായി തെറ്റിദ്ധരിക്കപെടാനും സാദ്ധ്യതയുണ്ട്." യോഗയിലൂടെ അനുഭവപ്പെടുന്ന ശാരീരിക അനുഭവങ്ങളെ പരിശുദ്ധാത്മാവിന്റെ ആധികാരികമായ ആശ്വസിപ്പിക്കലുകളാണ് എന്ന് തെറ്റിദ്ധരിക്കരുതെന്നും ഈ പ്രബോധനരേഖ മുന്നറിയിപ്പു നൽകുന്നു.

5. യുവജനങ്ങൾക്കായുള്ള സഭയുടെ മതബോധന ഗ്രന്ഥത്തിൽ (യു-കാറ്റ്) യോഗയെ നിഗൂഢവിദ്യകളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യോഗ ക്രൈസ്തവവിശ്വാസവുമായി ഒത്തുപോകുമോ എന്ന ചോദ്യത്തിന് ഇല്ല എന്ന ഉത്തരമാണ് യു-കാറ്റ് നൽകുന്നത്. യു-കാറ്റ് തുടരുന്നു: "പലരും ആരോഗ്യപരമായ കാരണങ്ങളാൽ യോഗ അഭ്യസിക്കുന്ന ധ്യാനപദ്ധതിയിൽ ചേരുന്നുണ്ട്. ചിലർ നൃത്ത പരിശീലനപദ്ധതിയിൽ ചേരുന്നു. പുതിയ രീതിയിൽ തങ്ങളുടെ ശരീരങ്ങളെ അനുഭവിക്കാൻ വേണ്ടിതന്നെയാണിത്. ഈ സാങ്കേതികവിദ്യ എപ്പോഴും ദോഷരഹിതമല്ല. പലപ്പോഴും ക്രിസ്തു മതത്തിന് അന്യമായ സിദ്ധാന്തങ്ങളിലേക്കുള്ള വാഹനങ്ങളാണവ. വിവേകമുള്ള ഒരു വ്യക്തിയും യുക്തി രഹിതമായ ലോകവീക്ഷണം പുലർത്തരുത്."

6. യോഗയെക്കുറിച്ചുള്ള സംവാദങ്ങൾക്ക് നവീനമാനം നൽകാൻ പര്യാപ്തമായിരുന്നു ഫ്രാൻസീസ് മാർപാപ്പായുടെ യോഗയെക്കുറിച്ചുള്ള വിലയിരുത്തൽ: "നിങ്ങൾക്ക് ആയിരക്കണക്കിന് മതബോധന

ക്ലാസ്സുകളും ആദ്ധ്യാത്മിക പരിശീലന പദ്ധതികളും ആയിരകണക്കിന് യോഗാ, സെൻ പരിശീലനങ്ങളും ആർജിക്കാം. എന്നാൽ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു നിങ്ങളെ നയിക്കാൻ ഇവയ്ക്കൊന്നും കഴിവില്ല. ദൈവത്തെ പിതാവേ എന്നു വിളിക്കാൻ നമ്മുടെ ഹൃദയങ്ങളെ പരിപോഷിപ്പിക്കാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ. നിങ്ങളുടെ ഹൃദയകാഠിന്യവും മാലിന്യവും നീക്കി ദൈവഹിതത്തിന് വിധേയപ്പെടാൻ പര്യാപ്തമാക്കുന്നത് പരിശുദ്ധാത്മാവു മാത്രമാണ്."

ഏതാനും മാസങ്ങൾക്കുശേഷം നൽകിയ മറ്റൊരു അഭിമുഖത്തിൽ മാർപാപ്പ യോഗയെക്കുറിച്ച് വീണ്ടും സംസാരിക്കുകയുണ്ടായി: "ആധ്യാത്മിക ഉത്തരങ്ങൾ ആരും യോഗാക്ലാസ്സിൽ അന്വേഷിക്കേണ്ടതില്ല. ഇതരമതങ്ങളുടെ ആത്മീയാഭ്യാസങ്ങൾ അനുകരിക്കുമ്പോൾ ആത്മീയമായ അപകട സാധ്യത കൂടുതലാണ്; ഏതു ലക്ഷ്യത്തിലേക്കാണ് നിങ്ങളുടെ ആത്മാവ് നയിക്കപ്പെടുന്നത് എന്നത് അവ്യക്തമായി തുടരുന്നു. തിന്മയുടെ അരൂപി ഏതു വിധേനയും നമ്മെ കീഴ്പ്പെടുത്താം. യോഗ അനുഷ്ഠിക്കുന്നവരെല്ലാം എല്ലായ്പ്പോഴും എല്ലായിടത്തും തിന്മയുടെ പിടിയിലാണെന്ന് ഞാൻ അർത്ഥമാക്കുന്നില്ല. എന്നാൽ യോഗാഭ്യാസത്തിൽ ആത്മീയ അപകടസാധ്യത അധികമാണെന്നത് വസ്തുതയാണ്."

**പൗരസ്ത്യമായ പ്രാർത്ഥനാരീതി?**

7. പൗരസ്ത്യമായ പ്രാർത്ഥനാരീതികളെല്ലാം ഹീനമാണെന്ന മുൻധാരണയോടെ യോഗയെ സമീപിക്കുന്നത് കത്തോലിക്കാ വീക്ഷണത്തിനു നിരക്കുന്നതല്ല. ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങൾക്കായർപ്പിക്കുവാൻ സഹായിക്കുന്ന പരിശീലനപദ്ധതികൾ ഭാരതീയ സംസ്കാരത്തിൽ നിന്ന് കണ്ടെടുക്കാൻ കഴിഞ്ഞാൽ അത് ക്രിസ്തീയതയ്ക്ക് ഒരു വലിയ മുതൽക്കൂട്ടായിരിക്കും. ഗ്രീക്ക്-ലത്തീൻ സംസ്കാരങ്ങളിൽ നിന്ന് പല കാര്യങ്ങളും ക്രിസ്തീയതയ്ക്ക് സ്വീകരിക്കാനായത് സഭയെ അനസ്യൂതം നയിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ പരിപാലനയുടെ ഭാഗമായിട്ടാണ് കത്തോലിക്കർ എന്നും മനസിലാക്കിവന്നിട്ടുള്ളത്. സമാനമായ സാംസ്കാരിക കൊടുക്കൽ-വാങ്ങലുകൾ ഭാരതത്തിൽ നടത്താൻ സഭയ്ക്ക് കടമയുണ്ടെന്ന് വി. ജോൺ പോൾ പാപ്പ എടുത്തു പറയുന്നു: "എന്റെ ചിന്ത പെട്ടെന്ന് പൗരസ്ത്യനാടുകളിലേയ്ക്ക് തിരിയുന്നു. മഹത്തായ പൗരാണിക കാലത്തിന്റെ മതപരവും തത്വശാസ്ത്രപരവുമായ പാരമ്പര്യങ്ങൾക്കൊണ്ട് ഏറെ സമ്പന്നമാണവ. ആ നാടുകളുടെയിടത്തിനുചേർന്ന ഘടകങ്ങളെ സ്വീകരിക്കുക

ക്രിസ്ത്യാനികളുടെ കടമയാണ്." പാപ്പായുടെ അഭിപ്രായത്തിൽ എല്ലാ മതങ്ങളിലെയും മനുഷ്യചൈതന്യത്തിന്റെ മൗലികാവശ്യങ്ങൾ ഒന്നു തന്നെയാണ്. ഭാരതീയ സംസ്കാരവുമായി സംവദിക്കുമ്പോൾ ഗ്രീക്ക് -ലത്തീൻ ചിന്തയുടെ ലോകത്തിൽനിന്ന് സാംസ്കാരിക അനുരൂപണം വഴി സമ്പാദിച്ചവ സഭയ്ക്ക് ഉപേക്ഷിക്കാനാവില്ല. ഭാരതീയമായ ആത്മീയ ശൈലികളെ എത്രമേൽ ആദരവോടെയാണ് സഭ വിവക്ഷി ക്കുന്നത് എന്ന് മേൽപ്പറഞ്ഞ പ്രസ്ഥാവനയിൽനിന്നും വ്യക്തമാണ്.

8. യോഗയോടുള്ള സഭയുടെ വിയോജിപ്പ് അതിന്റെ പൗര സ്ത്യമോ വിജാതീയമോ ആയ ഉത്ഭവം മൂലമല്ല. പൗരസ്ത്യ ആദ്ധ്യാ ത്മിക സരണികളിൽ നിന്നാണ് ക്രിസ്തീയതയുടെ ആത്മീയശൈലി കളിൽ ഭൂരിഭാഗവും ഉത്ഭവിച്ചത്. ക്രിസ്തീയപാരമ്പര്യത്തിനു വെളി യിൽ ഉത്ഭവിച്ചു എന്നതിനെമാത്രം ആധാരമാക്കി ഒരു ആധ്യാത്മിക ശൈലിയുടെ ആധികാരികത വിലയിരുത്തുന്നതിലും അർത്ഥമില്ല. ഇത്തരം പ്രാർത്ഥനാരീതികളുടെ ആത്മാർത്ഥതയെ രണ്ടാംവത്തിക്കാൻ കൗൺസിൽ അംഗീകരിച്ച് ഏറ്റുപറയുന്നുണ്ട് (NA 2). അതിനാൽ ഭാര തീയ ആധ്യാത്മിക ശൈലിയോടും പൗരസ്ത്യമായതിനോടുമുള്ള എതിർപ്പായി വ്യാഖ്യാനിച്ച് യോഗയോടുള്ള സഭയുടെ എതിർപ്പിനെ നിസാരവത്ക്കരിക്കാനാവില്ല. ഭാരതീയമായ ആചാരാനുഷ്ഠാനങ്ങളോടും സാംസ്കാരിക അനുരൂപണങ്ങളോടും അങ്ങേയറ്റം തുറവിയോടെ സമീ പിച്ചിട്ടുള്ള സഭ യോഗയെ അനുകൂലിക്കുന്നതിന് സുചിന്തിതമായ കാര ണങ്ങളുണ്ട്.

9. വ്യക്തമായ ഈശ്വര സങ്കല്പങ്ങളും, ലോകവീക്ഷണവും ആരാധനാരീതികളും വിശുദ്ധഗ്രന്ഥങ്ങളും, പുണ്യസ്ഥലങ്ങളുമൊക്കെ യുള്ള ആധുനിക ഹിന്ദുമതം യോഗയെ മതാത്മകമായി സ്വാംശീകരി ച്ചെടുത്തവിധത്തിൽതന്നെ ലോകത്തിൽ പ്രചരിപ്പിക്കുമ്പോൾ സ്വീകരി ക്കാൻ ക്രൈസ്തവമനസാക്ഷി ഒരുവനെ അനുവദിക്കില്ല. അന്ധമായ അനുകരണം വിശ്വാസവീക്ഷണപരവും ആത്മീയ അനുഭവപരവുമായ പൊരുത്തക്കേടുകൾക്ക് വഴിതെളിക്കും.

### ദൈവശാസ്ത്ര പ്രതിസന്ധികൾ

10. ക്രിസ്തീയ വിശ്വാസത്തിന് എതിരായി യോഗ ഉയർത്തുന്ന ചില ദൈവശാസ്ത്ര പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു:

1. യോഗയുടെ ദൈവശാസ്ത്രം കത്തോലിക്കാവിശ്വാസ സംഹി തകളുമായി ഒരിക്കലും ഒത്തുപോകുന്നതല്ല. യോഗിയും പ്രപഞ്ചവും പ്രപഞ്ചാതീതശക്തിയും ഒന്നായിത്തീരുന്ന അനുഭവമാണ് യോഗയിൽ

സംഭവിക്കുന്നത്. എന്നാൽ ക്രിസ്തീയ വിശ്വാസമനുസരിച്ച് കൂട്ടായ്മ യിലായിരിക്കാൻ വിളിക്കപ്പെടുമ്പോഴും പ്രപഞ്ചത്തിനു ദൈവവുമായി ഒന്നാകാൻ (യോഗയിലായിരിക്കാൻ) കഴിയില്ല. ഏകത്വവാദത്തിലൂന്നിയ (monism) യോഗയ്ക്ക് ക്രൈസ്തവവിശ്വാസത്തിലെന്നതുപോലെ സ്രഷ്ടാവിനെയും സൃഷ്ടിയെയും വേർതിരിക്കാനാവില്ല. വൈയക്തി കമായ വ്യത്യാസങ്ങളെല്ലാം അസ്തമിക്കുന്ന ഒന്നാകലിന്റെ സായൂജ്യ ത്തെയാണ് യോഗ എന്നു വിളിക്കുന്നത്. കത്തോലിക്കാ വിശ്വാസത്തിനും ധാർമ്മികതയ്ക്കും ദൈവികവെളിപാടിനും തികച്ചും അന്യമായ മേഖ ലകളിലേക്കാണ് യോഗയുടെ ദൈവശാസ്ത്രം മനുഷ്യനെ നയിക്കുന്നത്.

2. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോയെ ലോകംകണ്ട നല്ല ഗുരുക്കന്മാരിലൊരാളായും അവതാര പുരുഷനായും വിശദീകരിക്കുന്ന പ്രവണതയാണ് യോഗയിൽ കാണുന്നത്. ക്രിസ്തു ദൈവത്തിന്റെ ഏകജാതനും ലോകത്തിന്റെ ഏക രക്ഷകനുമാണ് എന്ന സത്യം വിസ്മരിക്കുന്നു എന്നതാണ് യോഗയുടെ അപകടം. യോഗാ ദർശനത്തിൽ രക്ഷാകരപദ്ധതിയിലെ ക്രിസ്തുവിന്റെ ഏകതാനത (uniqueness) മനസിലാക്കാൻ മാർഗ്ഗമില്ല എന്ന ദൈവശാസ്ത്രപ്രതി സന്ധി അവശേഷിക്കുന്നുണ്ട്. വാസ്തവത്തിൽ യോഗാ ദർശനമനുസ രിച്ച് മനുഷ്യന് ഒരു രക്ഷകന്റെ ആവശ്യമില്ല.

11. കത്തോലിക്കാ പാരമ്പര്യത്തിലെ പ്രാർത്ഥനാ സങ്കലങ്ങ ളോടും ആധ്യാത്മിക ദർശനങ്ങളോടും ഒത്തുപോകുന്നതല്ല യോഗയുടെ ആത്മീയ മാർഗ്ഗങ്ങൾ. യോഗയിലെ ദൈവസങ്കല്പം കേവലം ഒരു ശക്തി യാണെങ്കിൽ ക്രിസ്തീയതയിലെ ദൈവം സ്നേഹമുള്ള വ്യക്തിയാണ്; പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. യോഗയെ സംബന്ധിക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ചോദ്യം യോഗാദർശനം ദൈവം വ്യക്തി യാണെന്ന സത്യം അംഗീകരിക്കുന്നുണ്ടോ എന്നതാണ്. വത്തിക്കാൻ മാർഗ്ഗരേഖ ചൂണ്ടിക്കാട്ടുന്നതുപോലെ "ക്രിസ്തീയ പ്രാർത്ഥന ദൈവം എന്ന വ്യക്തിയോടുള്ള സംവേദനമാണ്. വ്യക്തിനിഷേധപരവും സാധ കനിൽ മാത്രം കേന്ദ്രീകരിക്കുന്നതുമായ പ്രാർത്ഥനാശൈലികളിൽ നിന്ന് ക്രിസ്തീയത എക്കാലവും അകലം സൂക്ഷിച്ചിരുന്നു. ഹഠയോഗയുടെ അനുഷ്ഠാനവിധികൾ ഉൾപ്പെടെ യോഗയുടെ എല്ലാത്തരം ആസന ങ്ങളും ജ്ഞാനോദയം ലക്ഷ്യമാക്കി സ്വന്തം മനസിനെ ശാന്തമാക്കിയും തന്നിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചും മുന്നേറുന്ന ശക്തിയാണ് അനു വർത്തിക്കുന്നത്."

12. രക്ഷയെകുറിച്ചുള്ള കത്തോലിക്കാവീക്ഷണവും യോഗയുടെ കാഴ്ചപ്പാടും വ്യത്യസ്തമാണ്.

1. നാം സ്വയം രക്ഷപ്രാപിക്കുകയല്ല, രക്ഷയെ ഈശോമിശിഹായിലുള്ള സൗജന്യദാനമായി അനുഭവിക്കുകയാണ് ചെയ്യുന്നത്. എന്നാൽ യോഗാദർശനത്തിൽ നിരന്തരം സംസാരിക്കുന്നത് ആത്മസംതൃപ്തി, ആത്മസാക്ഷാത്കാരം, സ്വയം വിമോചനം തുടങ്ങിയവയെക്കുറിച്ചാണ്. ക്രിസ്തീയതയിൽ സ്വയാർജ്ജിതമായ ആത്മസാക്ഷാത്കാരം രക്ഷയുടെ മാർഗ്ഗമല്ല.

2. പാപത്തെക്കുറിച്ചുള്ള വീക്ഷണത്തിലും യോഗാദർശനവും ക്രിസ്തീയചിന്തയും തമ്മിൽ അന്തരമുണ്ട്. അറിവിലെ അപൂർണ്ണതയെ (അജ്ഞാനത്തെ) യാണ് പാപമായി വിവക്ഷിക്കുന്നത്. എന്നാൽ ക്രിസ്തീയ വീക്ഷണത്തിൽ പാപം എന്നത് ദൈവദത്തമായ സ്വാതന്ത്ര്യത്തെ മനുഷ്യൻ ബോധപൂർവം ദുർവിനിയോഗം ചെയ്ത് ദൈവത്തിനും സഹോദരങ്ങൾക്കും എതിരായി തിരിയുന്നതാണ്. പാപത്തെ കേവലം അജ്ഞതയായി അവതരിപ്പിക്കുമ്പോൾ പാപത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്വം അപ്രസക്തമാകുന്നു എന്ന പ്രതിസന്ധിയും യോഗയിൽ അവശേഷിക്കുന്നുണ്ട്.

12. യോഗ കേവലമായൊരു ശാരീരിക വ്യായാമരീതിയാണെന്നു വാദിക്കുമ്പോഴും യോഗാനുഷ്ഠാനത്തിലൂടെ ഉളവാകുന്ന ഫലങ്ങളെ ആത്മീയഫലങ്ങളായി വ്യാഖ്യാനിക്കാനുള്ള അപകടസാധ്യതയുണ്ട്. യോഗാനുഷ്ഠാനങ്ങളെക്കുറിച്ച് വത്തിക്കാന്റെ വിശ്വാസകാര്യാലയം പുറപ്പെടുവിച്ച പ്രബോധനരേഖ സമാനമായ ആശങ്ക പങ്കുവയ്ക്കുന്നുണ്ട്. ശാരീരികാസനങ്ങളിലൂടെ അനുഭവവേദ്യമാകുന്ന അനുഭവങ്ങളെ ക്രിസ്തീയ മൗതികരുടെ (mystics) ആത്മീയാനുഭവങ്ങളുമായി താരതമ്യം ചെയ്യാനാവില്ല.

13. ബഹുമതസംസ്കാരത്തിൽ യോഗാനുഷ്ഠാനങ്ങൾ മതസൗഹാർദ്ദം വളർത്താൻ സഹായകമാണെന്ന വാദവും അടിസ്ഥാനരഹിതമാണ്. യോഗയെ ഹിന്ദുമതത്തിൽനിന്നും വേർപ്പെടുത്തി വ്യാഖ്യാനിക്കാനുള്ള ക്രിസ്ത്യൻ സംരംഭങ്ങളോട് ഹൈന്ദവനേതാക്കൾക്ക് കടുത്ത എതിർപ്പുണ്ട്. ഹൈന്ദവരെ മതംമാറ്റാനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമായും ഹൈന്ദവ ആചാരങ്ങളിലുള്ള അനാവശ്യ കടന്നുകയറ്റവുമായാണ് പല ഹൈന്ദവരും ക്രിസ്ത്യാനികളുടെ യോഗാ പ്രണയത്തെ വിലയിരുത്തുന്നത്.

**ഉപസംഹാരചിന്തകൾ**

14. ഒരു ആത്മീയമാർഗ്ഗം എന്നനിലയിൽ യോഗ ക്രിസ്തീയ വിശ്വാസവുമായി ഒത്തുപോകുന്നതല്ല. ദൈവം, രക്ഷ, പാപം, പ്രാർത്ഥന, ധ്യാനം, ധാർമ്മികത തുടങ്ങിയ അടിസ്ഥാന മേഖലകളിലെല്ലാം യോഗയും ക്രൈസ്തവവിശ്വാസവും പരസ്പരവിരുദ്ധമായ വസ്തുകളാണ് പഠിപ്പിക്കുന്നത്. ഉത്ഭവത്തിലും സ്വഭാവത്തിലും പ്രയോഗത്തിലും ലക്ഷ്യത്തിലും ക്രിസ്തീയതയുമായി ഒത്തുപോകാത്ത യോഗയെ ഒരു ആത്മീയമാർഗ്ഗമായി അംഗീകരിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിനു ഹാനികരമാണ്.

14. എന്നാൽ, യോഗയെ ഒരു ശാരീരിക വ്യായാമവുമായി സ്വീകരിക്കുന്നതിൽ തെറ്റില്ല. യോഗയിലെ വ്യായാമ മുറകൾ ക്രിസ്തീയവിശ്വാസത്തിനു വിരുദ്ധമോ നരകശിക്ഷ ലഭിക്കുന്നതോ അല്ല. ആരോഗ്യസംരക്ഷണത്തിനായും ശ്വാസക്രമീകരണത്തിനായും യോഗ അനുഷ്ഠിക്കുന്നതിൽ തെറ്റായതൊന്നുമില്ല. വത്തിക്കാൻ പ്രബോധനരേഖയും ഈ ആശയം അംഗീകരിക്കുന്നുണ്ട്. “പൗരസ്ത്യദേശങ്ങളിൽ ഉത്ഭവിച്ച ധ്യാനരീതികളും ശാരീരിക ആസനങ്ങളും പ്രശ്നകലുഷിതമായ സാഹചര്യത്തിൽ തകർന്ന ഹൃദയവുമായി ജീവിക്കുന്ന ആധുനിക മനുഷ്യർക്ക് പ്രയോജനകരമാണ്. പ്രശാന്തമാക്കപ്പെട്ട മനസ്സോടെയും ആന്തരികസമാധാനത്തോടെയും ദൈവതിരുമുമ്പിലായിരിക്കാൻ ഈ ധ്യാനരീതികൾ സഹായകമാണ്.”

15. ശാരീരിക വ്യായാമ മുറകൾക്കപ്പുറം യോഗയെ ഒരു ധ്യാനരീതിയായോ ദൈവവചന വ്യാഖ്യാനരീതിയായോ മോക്ഷമാർഗ്ഗമായോ അവതരിപ്പിക്കുന്നത് കത്തോലിക്കാ വിശ്വാസത്തിന്റെ സമഗ്രതയ്ക്ക് ദൂരവ്യാപകമായ ദുരന്തഫലങ്ങൾ ഉളവാക്കും. വിശ്വാസം ആഴങ്ങൾ ശോഷിച്ച് കേവലം ഉപരിപ്ലവമായിത്തീരുന്ന കാലത്ത് വിശ്വാസത്തിന്റെ ഉറവിടങ്ങളിലേക്ക് തിരിച്ചുനടക്കാനും വിശ്വാസശാക്തീകരണത്തിനു വഴിയൊരുക്കാനുമാണ് സഭയുടെ മുഴുവൻ ശ്രദ്ധയും തിരിയേണ്ടത്. സുവിശേഷവത്ക്കരണം എന്ന മഹത്തായ ലക്ഷ്യത്തിൽനിന്ന് സഭയുടെ ശ്രദ്ധ തിരിക്കുന്ന ആപേക്ഷികതയുടെ നിലപാടുകളിലൊന്നായി യോഗയെക്കുറിച്ചുള്ള ചർച്ചകൾ വഴിമാറുന്നുണ്ട്. കോറിന്തിലെ സഭ അഭിമുഖീകരിച്ച സമാനമായ ഒരു പ്രശ്നമായ വിഗ്രഹാർപ്പിത ഭക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ പൗലോസ് ശ്ലീഹാ നൽകുന്ന നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ (1 കോറി 8:8-13) യോഗയെക്കുറിച്ചുള്ള വിചിന്തനം ഇപ്രകാരം ഉപസംഹരിക്കാം.

യോഗ നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല. യോഗ ചെയ്യുന്നതുകൊണ്ട് കൂടുതൽ അയോഗ്യരോ ചെയ്യാതിരുന്നതുകൊണ്ട് കൂടുതൽ യോഗ്യരോ ആകുന്നില്ല. വിവിധ സംസ്കാരങ്ങളിൽ പ്രാവീണ്യമുണ്ടെന്നു കരുതുന്നവരുടെ അറിവ് ദുർബ്ബല മനസാക്ഷിയുള്ളവർക്ക് ഇടർച്ചയ്ക്ക് കാരണമാകരുത്. അത്തരം അറിവുകൾ ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ ആ ബലഹീനസഹോദരർക്ക് നാശകാരണമാകുന്നു. സഹോദരങ്ങളുടെ ദുർബ്ബലമനസാക്ഷിയെ മുറിപ്പെടുത്തുന്നവർ ക്രിസ്തുവിനെതിരെയാണു പാപംചെയ്യുന്നത്. അതിനാൽ യോഗ സഹോദര വിശ്വാസിക്ക് ഇടർച്ചയ്ക്കു കാരണമാകുന്നെങ്കിൽ യോഗയെ പ്രോത്സാഹിപ്പിക്കാതിരിക്കുന്നതാണ് നല്ലത്. പണ്ഡിതരുടെ ജ്ഞാന തർക്കങ്ങളേക്കാൾ സാധാരണക്കാരന്റെ വിശ്വാസപോഷണത്തിനാണ് സഭ ഊന്നൽ നൽകേണ്ടത്.

ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനാരീതി അപ്പനും മക്കളും തമ്മിലുള്ള സ്നേഹ സംഭാഷണത്തിന്റെ ലാളിത്യവും ശാലീനതയും നിറഞ്ഞതാണ്. ഇപ്രകാരമുള്ള ക്രിസ്തീയ പ്രാർത്ഥനാരീതിയെ ഇതര സംസ്കാരങ്ങളിലെ ആത്മീയ രീതികളുമായി കൂട്ടിക്കുഴച്ച് ഏറെ സങ്കീർണ്ണമാക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന് ഗുണകരമല്ല. വ്യത്യസ്ത സംസ്കാരങ്ങൾ നൽകുന്ന എല്ലാറ്റിനെയും വിവേചനം കൂടാതെ ക്രൈസ്തവർ സ്വീകരിക്കാൻ ശ്രമിക്കുന്നത് സാംസ്കാരികാനുരൂപണത്തിന്റെ പേരിൽ ന്യായീകരിക്കാനാവില്ല.

**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്**
ചെയർമാൻ, സീറോമലബാർ ഡോക്ട്രൈനൽ കമ്മീഷൻ

# രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 15-ാം ചരമ വാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ പിതാവ് മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി വെള്ളിയാഴ്ചയാണ്. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെ ചരമദിനം ഏപ്രിൽ 8-നും ബഹു. അഗസ്റ്റിൻ കണ്ണാടിക്കരയച്ചന്റെ ചരമദിനം ഏപ്രിൽ 21 നും, ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29 നും ആണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**പൊതു പിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചു തരാത്ത ഏതെങ്കിലും ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാ വിഹിതവും വൈദിക ക്ഷേമ നിധിയിലേക്കുള്ള തുകയും അടയ്ക്കാനും ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം ഏപ്രിൽ 14-ന് ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിലും ഇതൊരു അറിയിപ്പായി സ്വീകരിച്ച് അംഗങ്ങൾ യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാതല കുടുംബ കൂട്ടായ്മ ഉദ്ഘാടനം – രൂപതാദിനം മെയ് 1**

കുടുംബ കൂട്ടായ്മ രൂപതാതല ഉദ്ഘാടനവും രൂപതാദിനവും മെയ് 1–ന് ചൊവ്വാഴ്ചയായിരിക്കും നടത്തപ്പെടുക. അന്നേദിവസം തലശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വിശിഷ്ടാതിഥിയായിരിക്കും.

**ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ താഴെ പറയുന്നവരാണ്**

1) രൂപതയിലെ എല്ലാവൈദികരും വൈദിക വിദ്യാർത്ഥികളും. 2) സന്യസ്തസഭകളിലെ മേജർ സുപ്പീരിയേഴ്സും ലോക്കൽ സുപ്പീരിയേഴ്സും. 3) രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ. 4) സൺഡേ സ്കൂൾ പ്രധാന അധ്യാപകർ. 5) കുടുംബ കൂട്ടായ്മ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ (കൈക്കാരന്മാർ, ഇടവക സെക്രട്ടറിമാർ, 4 വിഭാഗങ്ങളിൽ നിന്നും ഓരോരുത്തർവീതം – പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഉപസമിതി കൺവീനർമാർ) 6) ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും മതബോധനത്തിന്റെയും രൂപതാഭാരവാഹികൾ. 7) LP, UP, HS, HSS, College പ്രധാന അധ്യാപകർ.

**പ്രോഗ്രാം**

| | | |
|---|---|---|
| 8.30 a.m. | – | രജിസ്ട്രേഷൻ |
| 8.45 a.m. | – | പതാക ഉയർത്തൽ |
| 9.00 a.m. | – | വി.കുർബാന |
| 10.30 a.m. | – | പൊതുസമ്മേളനം |
| 1.30 p.m. | – | ഉച്ചഭക്ഷണം |

ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികർ, സമർപ്പിതർ, 35 വർഷം പൂർത്തിയാക്കുന്ന മതാധ്യാപകർ, 25 വർഷം പൂർത്തിയാക്കുന്ന അൾത്താര ശുശ്രൂഷികൾ എന്നിവരെ ആദരിക്കുന്നു. ഇവരുടെ പേരുവിവരം ബന്ധപ്പെട്ടവർ ഏപ്രിൽ 15–ന് മുൻപായി രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

കുടുംബകൂട്ടായ്മയുടെ ഉദ്ഘാടനത്തോടും രൂപതാദിനത്തോടും അനുബന്ധിച്ച് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള രൂപതാംഗങ്ങളെ ആദരിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഇത്തരത്തിൽ പരിഗണനീയരായ വ്യക്തികളുടെ പേരുവിവരങ്ങൾ ഏപ്രിൽ 15–ന് മുമ്പ് അവാർഡ് കമ്മറ്റി ചെയർമാനായ ബഹു. തോമസ് ജോസഫ് തേരകം അച്ചനെ അറിയിക്കേണ്ടതാണ്. (ഫോൺ: 9446030066, 8129882728)

**ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഏപ്രിൽ മാസം മുതൽ ശമ്പളത്തോടൊപ്പം ദേവാലയ ശുശ്രൂഷിയ്ക്ക് 100 രൂപ വാർഷിക ഇൻക്രിമെന്റ് കൂട്ടിയ തുകയും

അക്കൗണ്ടന്റിന് 50 രൂപ വാർഷിക ഇൻക്രിമെന്റ് കൂട്ടിയ തുകയും (വിശദ വിവരങ്ങൾക്ക് മാനന്തവാടി രൂപതാ ബുള്ളറ്റിൻ, മെയ് 2014, പേജ് 5-8 കാണുക) നൽകേണ്ടതാണ്. ബഹു. വൈദികരുടെ വാർഷിക ഇൻക്രിമെന്റ് 500 രൂപയാണ്.

രൂപതയുടെ പുതിയ സംരംഭമായ Online Accounting System Software വാങ്ങിയവർ അതിന്റെ ചിലവിലേയ്ക്കായി 9440 രൂപ (8000+18% GST) ബിഷപ്സ് ഹൗസിൽ എത്തിക്കേണ്ടതാണ്. D, E ഗ്രേഡുകളിലുള്ള ഇടവകകൾക്ക് 50% സബ്സിഡി നൽകുന്നതാണ്.

**വൈദികരുടെ സ്ഥലംമാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ പൊതുസ്ഥലം മാറ്റം മെയ് മാസം 19-ന് ആയിരിക്കും.

**ഹോസ്റ്റൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.**

മാനന്തവാടി രൂപതയുടെ കീഴിൽ ബോയ്സ് ടൗണിൽ പ്രവർത്തിച്ചുവരുന്ന ആൺകുട്ടികൾക്കായുള്ള ഹോസ്റ്റലിലേയ്ക്കും കാട്ടിക്കുളം ജയമാതാ ആശ്രമത്തോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പെൺകുട്ടികൾക്കായുള്ള സെന്റ് പീറ്റേഴ്സ് ഹോസ്റ്റലിലേയ്ക്കും കുട്ടികളെ പ്രവേശിപ്പിക്കുവാൻ താല്പര്യമുള്ള മാതാപിതാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 5-ാം ക്ലാസുമുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. കുട്ടികൾ പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവരുമായിരിക്കണം. ഹോസ്റ്റൽ പ്രവേശനം നിബന്ധനകൾക്ക് വിധേയമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അതാത് ഹോസ്റ്റലുമായി ബന്ധപ്പെടുക.

*ബോയ്സ് ടൗൺ* - ഫാ. സിബി ചെറുതോട്ടിൽ,
ഫോൺ: 7558835456, 9656636570

*സെന്റ് പീറ്റേഴ്സ് ഹോസ്റ്റൽ, കാട്ടിക്കുളം* - ഫാ. ജോണി പെരുമാട്ടിക്കുന്നേൽ - ഫോൺ: 9446246265

**ഓഡിറ്റിംഗ്**

മുൻ വർഷങ്ങളിൽ ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശപണം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചും വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്ഥാപനങ്ങളുടെ FC കണക്കുകളുടെ ഓഡിറ്റിംഗ് ഈ വർഷം ഏപ്രിൽ

27,28 തീയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇടവകകളുടെ പൊതു കണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തീയതികൾ പിന്നാലെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, 2018-2019 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെരട്ടിന്റെ 2 കോപ്പികൾ, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി നാൾവഴി, തെരട്ട്ബുക്ക്, വാർഷിക തെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ, കഴിഞ്ഞവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നിവയും കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.

നീലഗിരി റീജണിലുള്ള പള്ളികളിലെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ കാലേകൂട്ടിതന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കും എന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതിരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും ഏപ്രിൽ 27 ന് അരുൾനിലയം സി.എം.ഐ. ആശ്രമത്തിൽ വച്ച് ആയിരിക്കും. അന്നേ ദിവസം ഓഡിറ്റർമാരും അവിടെ ഉണ്ടായിരിക്കും.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **കല്ലോടി ഫൊറോന** | **ഏപ്രിൽ 17 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| നിരവിൽപുഴ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരി | രാവിലെ 9 മുതൽ | " |
| പുതിയിടംകുന്ന് | രാവിലെ 9 മുതൽ | " |
| വഞ്ഞോട് | രാവിലെ 9 മുതൽ | " |
| വാളേരി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 17 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 18 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 19 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| കളത്തുവയൽ (dependent Station) | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നംമ്പറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 19 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 20 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 20 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 21 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 21 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **ഏപ്രിൽ 24 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 25 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 25 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **തരിയോട് ഫൊറോന** | **ഏപ്രിൽ 26 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| പുഷ്പനഗർ (Independent Station) | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പോയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 26 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 27 വെള്ളി** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent Station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent Station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| ഊട്ടി | രാവിലെ 9 മുതൽ | " |

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ - റിപ്പോർട്ട്

മാന്തവാടി രൂപതയിലെ വൈദികസെനറ്റിന്റെ (പ്രസ്ബിറ്ററൽ കൗൺസിൽ) ഒരു യോഗം 2018 മാർച്ച് 7-ന് രാവിലെ 10.30 ന് ബിഷപ്സ് ഹൗസിൽ ചേർന്നു. റവ.ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. അബ്രാഹം നെല്ലിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും യോഗത്തിന്റെ അജണ്ട അവതരിപ്പിക്കുകയും ചെയ്തു. സമന്വയത്തിലൂടെ പ്രശ്ന പരിഹാരത്തിലേയ്ക്കും സ്നേഹഭാവത്തിലേയ്ക്കും വൈദിക സമൂഹം ദൈവജന നന്മയ്ക്കായി ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്ന് തന്റെ സ്വാഗത പ്രസംഗത്തിലൂടെ അച്ചൻ ഉദ്ബോധിപ്പിച്ചു. തുടർന്ന് രൂപതാ പ്രൊക്യുറേറ്റർ ബഹു. ജിൽസൺ കോക്കണ്ടത്തിൽ അച്ചൻ 2018-2019 വർഷത്തെ ബഡ്ജറ്റും 2017-2018 വർഷത്തെ കണക്കും അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ രൂപതാ സ്ഥാപനങ്ങളിലെ കണക്കുകൾ പൊതുവായി അവതരിപ്പിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് അഭിപ്രായമുണ്ടായി. ഇതിലേയ്ക്കായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ചും ചിന്തിച്ചു.

തുടർന്ന് താഴെയങ്ങാടിയിൽ സമരിറ്റൻ ഭവനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് bus stand, shoping complex എന്നിവയ്ക്കുള്ള പ്രൊജക്റ്റിന്റെ സാധ്യതകളെക്കുറിച്ച് പ്രൊക്യുറേറ്റർ സംസാരിച്ചു. മുൻകാലങ്ങളിലെ വൈദിക സെനറ്റിൽ തീരുമാനിച്ച പ്രസ്തുത പ്രോജക്റ്റ് നടപ്പിൽ വരുത്തണമെന്ന് നിശ്ചയിച്ചു. അത് നടപ്പിലാക്കുന്നതിനായി കണ്ണൂർ സൊലൂഷൻസ് കമ്പനിയേയും അതിന്റെ ചെയർമാനായ മിസ്റ്റർ പവിത്രനേയും ചുമതലപ്പെടുത്തുവാൻ യോഗം ശുപാർശചെയ്തു. പുതിയ bus stand, shoping complex, Township എന്നീ പ്രൊജക്റ്റുകളുടെ പ്രാരംഭ ദശയിലെ കാര്യങ്ങൾ ആലോചനാപൂർവ്വം നടപ്പിൽ വരുത്തുവാൻ ബഹു. പ്രൊക്യുറേറ്ററെ ചുമതലപ്പെടുത്തി. മുൻതീരുമാനപ്രകാരം ദ്വാരകയിലെ രൂപതയുടെ നിശ്ചിത സ്ഥലം ബസ് സ്റ്റാൻഡിനായി നൽകുന്നതിന്റെ പുരോഗതിയെക്കുറിച്ച് യോഗം വിലയിരുത്തി.

തുടർന്ന് വൈദിക ക്ഷേമനിധിയേക്കുറിച്ച് ബഹു. ഷാജി മുളകുടിയാങ്കൽ അച്ചൻ സംസാരിച്ചു. വൈദിക ക്ഷേമനിധി വർദ്ധിപ്പിക്കാനുള്ള പുതിയ തീരുമാനങ്ങൾ യോഗം എടുക്കുകയുണ്ടായി.

1. വൈദികരുടെ 13-ാം മാസ അലവൻസ് ഇടവകയിൽ നിന്നെടുത്ത് വൈദികരുടെ വാർഷിക ധ്യാനാവസരത്തിൽ വൈദിക ക്ഷേമനിധി യിൽ അടയ്ക്കുക.
2. ഇടവകയുടെ ഗ്രേഡ് അനുസരിച്ച് A ഗ്രേഡ് ഇടവകകൾ 10000 രൂപയും, B ഗ്രേഡ് 8000/- രൂപയും, C ഗ്രേഡ് 6000/- രൂപയും, D ഗ്രേഡ് 4000/- രൂപയും, E ഗ്രേഡ് 2000/- രൂപയും വൈദിക ക്ഷേമനിധിയിലേയ്ക്ക് മാർച്ച് 25-ന് മുൻപായി അടയ്ക്കുക.
3. വൈദിക ക്ഷേമനിധി പ്രവേശന ഫീസ് 1000/- രൂപ ആക്കുക, പെസഹാവ്യാഴാഴ്ചത്തെ പിരിവ് വൈദിക ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുക. ഇടവകയിൽ നിന്ന് നൽകുന്ന 10% വിഹിതത്തിന്റെ 25% വൈദിക ക്ഷേമനിധിയിലേയ്ക്ക് നൽകുക. വൈദികരുടെ വക യായി വൈദിക ക്ഷേമനിധിയിലേയ്ക്ക് പ്രത്യേക സംഭാവന നൽകു കയും വിൽപത്രത്തിൽ നിശ്ചിത തുക വൈദിക ക്ഷേമനിധിയ്ക്കായി എഴുതി വെക്കുകയും ചെയ്യുക.
4. സ്വന്തമായി അലവൻസ് എഴുതി എടുക്കുന്ന സ്ഥാപനങ്ങളിലെ വൈദികർ അവരുടെ 13-ാം മാസ അലവൻസ് വൈദികക്ഷേമനിധി യിൽ അടയ്ക്കുക.
5. റിട്ടയർ ചെയ്ത വൈദികർ ഒഴികെ ക്ഷേമനിധിയിൽ അംഗങ്ങളായ മുഴുവൻ വൈദികരും ഓരോ വർഷവും 5000/- രൂപ വീതം ക്ഷേമനിധിയിൽ അടയ്ക്കുക.
6. ആയൂർവേദ ചികിത്സയും (നാട്ടുവൈദ്യ ചികിത്സ ഉൾപ്പെടെ) അലോ പ്പതി ചികിത്സപോലെ പരിഗണിച്ച് അതിനുള്ള തുക നൽകുകയും കണ്ണടയ്ക്ക് 3000/- രൂപ നൽകുകയും ചെയ്യുക.
7. റിട്ടയർ ചെയ്ത വൈദികർക്കും രൂപതയുടെ അനുവാദത്തോടെ പഠ നത്തിലായിരിക്കുന്ന വൈദികർക്കും ലീവിലായിരിക്കുന്ന വൈദി കർക്കും പ്രതിമാസം 2000/- രൂപ അലവൻസ് നൽകുക.
8. റിട്ടയർ ചെയ്തവരും അവധിയിലായിരിക്കുന്നവരും ഉപരിപഠനം നട ത്തുന്നവരും ഇന്ത്യയിൽ മറ്റ് രൂപതകളിൽ ജോലി ചെയ്യുന്നവരും (അവിടെ ക്ഷേമനിധിയിൽ പണം അടയ്ക്കുന്നുണ്ടെങ്കിൽ) ക്ഷേമ നിധിയിൽ വിഹിതം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.

ഈ തീരുമാനങ്ങളെല്ലാം 2018 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. തുടർന്ന് നടന്ന ചർച്ചയിൽ യുവജന വർഷത്തെ ക്കുറിച്ച് ബഹു. ലാൽ പൈനുങ്കൽ അച്ചനും കുടുംബ കൂട്ടായ്മയെ ക്കുറിച്ച് ബഹു. പോൾ വാഴപ്പിള്ളി അച്ചനും സംസാരിക്കുകയും അംഗങ്ങൾ പൊതുവായ ചർച്ചകൾ നടത്തുകയും ചെയ്തു. തുടർന്ന്

മെയ് 1–ന് കുടുംബ കൂട്ടായ്മയുടെ രൂപതാതല ഉദ്ഘാടനത്തോടനു ബന്ധിച്ച് രൂപതാദിനം നടത്തുവാനും തീരുമാനിച്ചു. ഓരോ ഇടവകയി ലുമുള്ള ഭവനരഹിതരുടെ സർവ്വേ എടുക്കുവാനും സാധിക്കുന്നിട ത്തോളം ജനങ്ങളെ ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുവാനും തീരു മാനിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് രൂപതയുടെ ബാലഭവനുകളെക്കുറിച്ച് സംസാരിച്ചു. ജെ.ജെ. ആക്റ്റിന്റെ പശ്ചാത്തലത്തിൽ കുഞ്ഞോം ശാന്തി നിലയം ബാലഭവൻ നിർത്തലാക്കുവാനും ബോയ്സ് ടൗൺ ബാല ഭവനും, കാട്ടിക്കുളത്തെ ജയമാതാ ബാലഭവനും ഹോസ്റ്റലുകളായി രൂപപ്പെടുത്തുവാനും തീരുമാനിച്ചു. ഹോസ്റ്റലുകളിലേയ്ക്ക് പഠനത്തിൽ നിലവാരം പുലർത്തുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കു ന്നവരുമായ കുട്ടികളെ ചേർക്കുവാനും, അർഹതപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകുവാനും തീരുമാനിച്ചു. രൂപതയുടെ പുതിയ സംരം ഭമായ Online Accounting System Software എല്ലാ ഇടവകളിലും സമയ ബന്ധിതമായി നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു. എറണാകുളം അതി രൂപതയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് മേജർ ആർച്ച് ബിഷ പ്പിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രമേയം പാസാക്കാൻ തീരു മാനിച്ചു. തുടർന്ന് തന്റെ സമാപന സന്ദേശത്തിൽ അഭിവന്ദ്യ പിതാവ് രൂപതയിൽ എല്ലാവരും ഒന്നുചേർന്ന് പ്രവർത്തിക്കാനും അനുഗ്രഹപ്രദ മായ നോമ്പുകാലത്തിന്റെ ചൈതന്യത്തിലായിരിക്കാനും ആഹ്വാനം ചെയ്തു. ഈ കാലഘട്ടത്തിൽ ആവശ്യമായ ജാഗ്രത പുലർത്തിക്കൊണ്ട് അജപാലനമേഖലകളിൽ വ്യാപരിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കു കയും ചെയ്തു. പ്രാർത്ഥനയോടെ 1.30 ന് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# വൈദികരുടെ മാസധ്യാനം

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ മാർച്ച് മാസത്തെ വൈദികരുടെ മാസധ്യാനം മാർച്ച് 6-ാം തീയതി ബോയ്സ് ടൗൺ ദേവാലയത്തിൽ വച്ച് നടന്നു. കുരിശിന്റെ വഴിയോടെ ധ്യാനം ആരംഭിച്ചു. ബഹു. അഗസ്റ്റിൻ നിലയ്ക്കപ്പള്ളി അച്ചൻ നോമ്പുകാലത്തെകുറിച്ചും വളരെ പ്രത്യേകമായി കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ചും ധ്യാനചിന്തകൾ പങ്കുവച്ചു. ഓരോ വി.കുർബാനയിലും നാം കുരിശിന്റെ വഴി ആചരിക്കുന്നുണ്ട്. നമ്മുടെ പുണ്യജീവിതം ശിമയോനെപ്പോലെ ക്രിസ്തുവിന്റെ പീഢാസഹനങ്ങൾക്ക് ആശ്വാസമേകുന്നതാവണം എന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. ഫൊറോനയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളും നോമ്പുകാല പ്രവർത്തനങ്ങളും ചർച്ച ചെയ്തു. യുവജന വർഷം ആചരിക്കുന്ന ഈ വർഷം ഇടവകയിലെ യുവജനങ്ങളുടെ പ്രവർത്തനങ്ങൾ സജീവമാക്കണമെന്നും മേഖലയിലെ ദൈവവിളി പ്രോത്സാഹിപ്പിക്കാൻ വികാരിമാർ ശ്രദ്ധിക്കണമെന്നും വൈദികർ അഭിപ്രായപ്പെട്ടു. അടുത്ത മാസധ്യാനം ഏപ്രിൽ 10-ാം തീയതി മാനന്തവാടി ടൗൺ പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോഫ്രി കളരിക്കൽ -** സെക്രട്ടറി

---

# അവധിക്കാല ക്രിസ്റ്റീൻ ധ്യാനങ്ങൾ

അവധിക്കാലത്ത് 6 വ്യത്യസ്ത സ്ഥലങ്ങളിലായി ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തപ്പെടുന്നു.

ഏപ്രിൽ 8 മുതൽ 11 വരെ - പാസ്റ്ററൽ സെന്റർ, മണിമൂളി.

ഏപ്രിൽ 15 മുതൽ 18 വരെ - സെന്റ് മേരീസ് ചർച്ച് മുള്ളൻകൊല്ലി.

ഏപ്രിൽ 15 മുതൽ 19 വരെ - സിയോൻ സി.ആർ.സി. ദ്വാരക.

ഏപ്രിൽ 18 മുതൽ 21 വരെ - നിർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂൾ തൊടുവെട്ടി, ബത്തേരി.

ഏപ്രിൽ 22 മുതൽ 25 വരെ - സെന്റ് ജോസഫ്സ് കത്തീഡ്രൽ മാനന്തവാടി.

ഏപ്രിൽ 29 മുതൽ മെയ് 2 വരെ - ബോയ്സ് ടൗൺ

**ഫാ. സനോജ് ചിറ്ററയ്ക്കൽ, ഫോൺ - 7561843814**

ഡയറക്ടർ, ക്രിസ്റ്റീൻ

# ദൈവവിളി ക്യാമ്പുകൾ-2018

ദൈവവിളി കണ്ടെത്തുവാൻ, ദൈവവിളി തിരിച്ചറിയുവാൻ, സഹായകമാകുന്ന ദൈവവിളിക്യാമ്പുകൾ ഈ വർഷവും മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ആൺ കുട്ടികൾക്കായുള്ള ക്യാമ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**ക്യാമ്പ് I : പങ്കെടുക്കേണ്ട ഫൊറോനകൾ**

മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയൺ

**ക്യാമ്പ് നടക്കുന്ന സ്ഥലം:** റീജിയണൽ പാസ്റ്ററൽ സെന്റർ, മണിമൂളി

**തീയതി:** 2018 ഏപ്രിൽ 9 തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ

NB : 1) രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

2) പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം

3) ക്യാമ്പ് ഫീസ് ഒരാൾക്ക് 50 രൂപ ആയിരിക്കും.

4) വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ സന്ദർശനസമയം ഉച്ചകഴിഞ്ഞ് 2 മണിക്കാണ്.

**ക്യാമ്പ് II : പങ്കെടുക്കേണ്ട ഫൊറോനകൾ**

കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി, ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, ദ്വാരക

**ക്യാമ്പ് നടക്കുന്ന സ്ഥലം:** മൗണ്ട്മേരി കോളേജ് (രൂപതാ മൈനർ സെമിനാരി) മാനന്തവാടി

**തീയതി:** 2018 ഏപ്രിൽ 10 ചൊവ്വാഴ്ച വൈകുന്നേരം 5 മണി മുതൽ 12-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി വരെ.

**ക്യാമ്പ് II : ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ക്യാമ്പിനുവരുന്ന കുട്ടികൾ പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. അവരുടെ സന്ദർശനസമയം ഏപ്രിൽ 11 -ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 2.30 വരെയാണ്.
3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.
4. നീലഗിരി റീജിയണിൽ നിന്നുള്ളവർക്ക് രണ്ടാമത്തെ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്.

## പ്രത്യേക അറിയിപ്പ്

1. ഈ വർഷം പെൺകുട്ടികൾക്കായി രൂപതാ ക്യാമ്പ് ഇല്ല.

2. നമ്മുടെ രൂപതയിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് ദൈവവിളി സ്വീകരിച്ച് പോകുന്നവർ NOC വാങ്ങുന്നതിനായി വൊക്കേഷൻ പ്രൊമോട്ടറെ സമീപിക്കേണ്ടതാണ്.

ദൈവവിളി ക്യാമ്പുകൾക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**ഫാ. സിബി മാടപ്പള്ളിക്കുന്നേൽ**
വൊക്കേഷൻ പ്രൊമോട്ടർ

**Address**

Mount Mary College (Minor Seminary)
Bishop's House, PB No.1, Mananthavady, Wayanad Dt- 670645
Fr. Sebastian Elemkunnel (Rector) - 9447882293
Fr. Siby Madappallikunnel - 9496911745

## Come and See

നമ്മുടെ രൂപതാ മൈനർസെമിനാരിയിൽ ചേരുവാൻ താല്പര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം 2018 ഏപ്രിൽ 22 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 24 ചൊവ്വാഴ്ച രാവിലെ 10 മണി വരെ രൂപതാ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്നു. നമ്മുടെ രൂപതയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ, മൈനർ സെമിനാരി, മാനന്തവാടി രൂപത

'ക്രിസ്തുസാക്ഷ്യം കുടുംബകൂട്ടായ്മയിലൂടെ' എന്ന ആദർശ വാക്യവുമായി നമ്മുടെ രൂപതയിൽ ആരംഭിച്ച കുടുംബക്കൂട്ടായ്മ യൂണിറ്റുകളുടെ രൂപീകരണവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പുമൊക്കെ ഇതിനോടകം പൂർത്തീകരിച്ചുകാണുമല്ലോ. ഏറെ ബുദ്ധിമുട്ടിത്തന്നെ ഈ പ്രക്രിയ പൂർത്തിയാക്കിയ എല്ലാ വികാരിയച്ചന്മാരെയും, ഒപ്പം പുതിയ ദൗത്യവുമായി സഭാശുശ്രൂഷയിലേക്ക് സേവന സന്നദ്ധരായി ത്യാഗപൂർവ്വം കടന്ന് വന്നിരിക്കുന്ന യൂണിറ്റ് ഭാരവാഹികളെയും അനുമോദിക്കുന്നു.

രൂപതാ നിയമാവലി അനുസരിച്ച്, കമ്മിറ്റിക്കാർക്കുള്ള സത്യപ്രതിജ്ഞ ചൊല്ലി ഭാരവാഹികൾ ഈ മാസം സ്ഥാനമേറ്റെടുക്കുമ്പോൾ യൂണിറ്റുകൾക്കും ഇടവകക്കും പുതിയ ഊർജ്ജവും ചൈതന്യവും കൈവരും എന്നത് തീർച്ചയാണ്. അങ്ങനെ നമ്മുടെ ഇടവകാസമൂഹങ്ങൾ ആദിമക്രൈസ്തവ കൂട്ടായ്മകളെ അനുസ്മരിപ്പിക്കുന്ന സ്നേഹസമൂഹങ്ങളായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഭക്തസംഘടനാ രൂപതാ ഭാരവാഹികളുടെ സമ്മേളനം**

ഫെബ്രുവരി 11-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് വിവിധ ഭക്തസംഘടനകളുടെ രൂപതാ ഭാരവാഹികളുടെ സംഗമം നടത്തുകയും കുടുംബ കൂട്ടായ്മകളുടെ മാർഗരേഖയെക്കുറിച്ച് ക്ലാസ്സും ചർച്ചകളും നടത്തുകയും Jeevas Health Insurance പദ്ധതി പരിചയപ്പെടുത്തുകയും ചെയ്തു.

**കയ്യൂന്നി റീജിയൺ സംഗമം**

കുടുംബക്കൂട്ടായ്മ യൂണിറ്റ് ഭാരവാഹികൾക്കുള്ള സെമിനാർ കയ്യൂന്നി ഇടവകയിൽ വച്ച് നടന്നു. കയ്യൂന്നി - പനംചിറ ഇടവകകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു. വളരെ വിജയകരമായി സെമിനാർ ക്രമീകരിച്ച തോമസ് മണക്കുന്നേൽ അച്ചനും ജയൻ മണ്ണുകുളം അച്ചനും പങ്കെടുത്ത ഭാരവാഹികൾക്കും ഹൃദ്യമായ നന്ദി.

**യൂണിറ്റ് വാർഷികം**

അമ്പായത്തോട് ഇടവക സാൻജോസ് കുടുംബ കൂട്ടായ്മ യൂണിറ്റിൽ വാർഷികാഘോഷം വളരെ ഭംഗിയായി നടത്തി. യൂണിറ്റിലെ

മുഴുവൻ അംഗങ്ങളുടെ പങ്കാളിത്തംകൊണ്ടും വിവിധ കലാപരിപാടികൾ കൊണ്ടും ആഘോഷം ശ്രദ്ധേയമായി. കുടുംബകൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ.പോൾ വാഴപ്പിള്ളി വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. എല്ലാറ്റിനും നേതൃത്വം നൽകിയ സണ്ണി കൊല്ലാർതോട്ടത്തിൽ അച്ചനും യൂണിറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## രൂപതാ Resource Team Training

മാർച്ച് 17-ാം തീയതി ദ്വാരകയിൽ വച്ച് കുടുംബകൂട്ടായ്മ രൂപതാ Resource Team Training നടന്നു. വികാരി ജനറാൾ പെരിയ ബഹു. അബ്രാഹം നെല്ലിക്കലച്ചൻ ഉദ്ഘാടനം ചെയ്യുകയും മുഴുവൻ സമയവും കൂടെ ആയിരുന്നുകൊണ്ട് സംശയങ്ങൾക്കും ചോദ്യങ്ങൾക്കും വിശദീകരണം നൽകി ടീം അംഗങ്ങളെ സഹായിച്ചു. ജനറാളച്ചനെ നന്ദിയോടെ സ്മരിക്കുന്നു. ഇടവകകളിൽ കുടുംബകൂട്ടായ്മകളുടെ മാർഗരേഖ പരിചയപ്പെടുത്താനും പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകാനും രൂപതാ റിസോഴ്സ് ടീമിന്റെ സഹായം തേടാവുന്നതാണ്.

## യൂണിറ്റ് ഭാരവാഹികൾക്കുള്ള പരിശീലനം

അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചതുപോലെ മെയ് ഒന്നാം തീയതി കുടുംബക്കൂട്ടായ്മകളുടെ രൂപതാതല ഉദ്ഘാടനം നടക്കുകയാണല്ലോ. അതിനു മുമ്പായി പുതുതായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുടുംബക്കൂട്ടായ്മ യൂണിറ്റ് ഭാരവാഹികൾക്കും കൈക്കാരന്മാർക്കും ഈ സംവിധാനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് പകരാൻ ഒരു Training programme ക്രമീകരിക്കുകയാണ്. ഫൊറോനകളിൽ രണ്ടോ മൂന്നോ കേന്ദ്രങ്ങളിലായി Training നൽകുന്നതാണ്. തൊട്ടടുത്തുള്ള ഇടവകകളിലെ മുഴുവൻ ഭാരവാഹികളും അതാത് കേന്ദ്രങ്ങളിലേക്ക് എത്തിചേരേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഭാരവാഹികളെ പറഞ്ഞയക്കാൻ ശ്രദ്ധിക്കുമല്ലോ. ഏപ്രിൽ 15, 22, 29 തീയതികളിലാണ് ഈ Training programme ക്രമീകരിച്ചിരിക്കുന്നത്. രണ്ട് മണിക്കൂർ ആയിരിക്കും ട്രെയ്നിങ്ങിന് വേണ്ട സമയം. രാവിലെ കുർബാനക്ക് ശേഷം 9.30 മുതൽ 11.30 വരെയും, സാധിക്കുന്നിടത്ത് ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5 മണിവരെയും ട്രെയിനിങ്ങ് സമയം ക്രമീകരിച്ചാൽ ടീം അംഗങ്ങൾക്ക് ഉപകാര പ്രദമായിരിക്കും. സ്ഥലവും തീയതിയും സമയവും ക്രമീകരിച്ച് ഫൊറോന വികാരിയച്ചന്മാർ രൂപതാ കേന്ദ്രത്തിൽ അറിയിക്കണം എന്ന് അപേക്ഷിക്കുന്നു.

പരിശീലനത്തിന്റെ സ്ഥലും തീയതിയും സമയവും ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു. പരിശീലനത്തിന്റെ കേന്ദ്രമായി നിശ്ചയിച്ചിരിക്കുന്ന ഇടവകകളിലെ ബഹു. വികാരിയച്ചന്മാർ ആ സ്ഥലങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കേണ്ട ഇടവകകളെ അറിയിക്കുമല്ലോ.

**15-4-2018 ഞായർ 11 am 1 pm**

കൊട്ടിയൂർ, കേളകം, പോരൂർ, കാരക്കാമല, തെനേരി, മൂലങ്കാവ്, നടവയൽ, കേണിച്ചിറ, ചുണ്ടക്കര.

**22-4-2018 ഞായർ 11 am 1 pm**

ചുങ്കക്കുന്ന്, പയ്യംപള്ളി, ഒണ്ടയങ്ങാടി, കണിയാരം, ദ്വാരക, കൽപ്പറ്റ, പാടിച്ചിറ.

**29-4-2018 ഞായർ 11 am 1 pm**

ആലാറ്റിൽ, കല്ലോടി, മക്കിയാട്, ചെന്നലോട്, ബത്തേരി, അമ്പലവയൽ, ചെറുകാട്ടൂർ, മുള്ളൻകൊല്ലി, പുൽപള്ളി, തരിയോട്.

**ഫാ. പോൾ വാഴപ്പിള്ളി**
കുടുംബകൂട്ടായ്മ ഡയറക്ടർ

**യുവജനവർഷവും സന്യസ്തരും**

യുവജനവർഷത്തോടനുബന്ധിച്ചുള്ള ഇടവകാ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻവേണ്ടി സന്യാസ സമൂഹങ്ങളെ പ്രതിനിധീകരിച്ചുള്ള സിസ്റ്റേഴ്സിന്റെ മീറ്റിംഗ് ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ ഫെബ്രുവരി 21 വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ചേർന്നു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മീറ്റിംഗിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. തുടർന്ന് ഈ വർഷം ഇടവകാതലത്തിൽ സിസ്റ്റേഴ്സ് പ്രധാനമായും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. അതിൻ പ്രകാരം ഓരോ സന്യാസസമൂഹത്തെയും അടിസ്ഥാനപ്പെടുത്തി സിസ്റ്റേഴ്സിന് ഓറിയന്റേഷൻ പ്രോഗ്രാം നടത്താൻ തീരുമാനിച്ചു.

**ഓറിയന്റേഷൻ പ്രോഗ്രാം**

യുവജന വർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സഭയുടെ മാനന്തവാടി പ്രൊവിൻസിന്റെ ഓറിയന്റേഷൻ പ്രോഗ്രാം പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും, സി.എം.സി സഭയുടെ മാനന്തവാടി തിരുഹൃദയ പ്രൊവിൻസിന്റെ ഓറിയന്റേഷൻ പ്രോഗ്രാം നടവയൽ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ചും, തിരുഹൃദയ സന്യാസിനി സഭയുടെ മാനന്തവാടി നിർമ്മലാ പ്രൊവിൻസിന്റെ ഓറിയന്റേഷൻ പ്രോഗ്രാം ദ്വാരക പ്രൊവിൻഷ്യൽ ഹൗസിൽ വെച്ചും, ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ ഓറിയന്റേഷൻ പ്രോഗ്രാം തോണിച്ചാൽ ക്രിസ്തുദാസി ജനറലേറ്റിൽ വെച്ചും, എസ്.എ.ബി.എസ് കോൺഗ്രിഗേഷന്റെ ഓറിയന്റേഷൻ പ്രോഗ്രാം ദ്വാരക അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ചും, വിൻസെൻഷ്യൻ സഭയുടെ ഓറിയന്റേഷൻ പ്രോഗ്രാം വിൻസെന്റ് ഗിരി ജനറലേറ്റിൽ വെച്ചും നടന്നു. എല്ലാ സുപ്പീരിയേഴ്സിനും ക്ലാസുകൾ നയിച്ചവർക്കും നന്ദി അറിയിക്കട്ടെ.

### യുവജന വർഷ central executive committe

യുവജനവർഷ കമ്മിറ്റിയുടെ സെൻട്രൽ എക്സിക്യൂട്ടീവ് യോഗം മാർച്ച് 3-ാം തീയതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വികാരി ജനറാൾ അബ്രാഹം നെല്ലിക്കലച്ചന്റെ അധ്യക്ഷതയിൽ ചേർന്നു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ സ്വാഗതം ആശംസിച്ചു. കണിയാരം ഫൊറോനാ വികാരി റവ. ഫാ.പോൾ മുണ്ടോളിക്കൽ, കല്ലോടി ഫൊറോനാ വികാരി റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര, കെ.സി.വൈ.എം രൂപതാ പ്രസിഡന്റ് ജിഷിൻ എന്നിവർ യുവജനവർഷത്തെകുറിച്ച് സംസാരിച്ചു. ഇന്ന് യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെകുറിച്ച് കെ.സി.വൈ.എം. ഭാരവാഹികൾ സംസാരിച്ചു. ജീസസ്‌യൂത്ത് അംഗങ്ങളും വിവിധ ഇടവകകളിൽ നിന്ന് കെ.സി.വൈ.എം ആനിമേറ്റർമാരും, കെ.സി.വൈ.എം മേഖല ഡയറക്ടേഴ്സും, യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തു. കെ.സി.വൈ.എം. രൂപതാ ആനിമേറ്റർ സി.സ്മിത എസ്.എ.ബി.എസ് നന്ദി പറഞ്ഞു.

### യുവജനവർഷ Resourse person's മീറ്റിംഗ്

യുവജനവർഷ ഫൊറോനാതലത്തിൽ ക്ലാസ്സ് എടുക്കേണ്ട വ്യക്തികളുടെ രൂപതാതലമീറ്റിംഗ് ഫെബ്രുവരി 22-ാം തീയതി വ്യഴാഴ്ച്ച ഉച്ചകഴിഞ്ഞ് 7 മണി മുതൽ 9 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഫാ.അനീഷ് കാട്ടാംകോട്ടിൽ ആമുഖ പ്രർത്ഥന നയിച്ചു.13 അംഗങ്ങൾ അടങ്ങുന്ന ഈ മീറ്റിംഗിലേക്ക് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ എല്ലാവരേയും സ്വാഗതം ചെയ്തു. തുടർന്ന് ലാലച്ചന്റെ നേതൃത്വത്തിൽ ഫൊറോനാതല മീറ്റിംഗിന്റെ പ്ലാനിങ്ങ് തയ്യാറാക്കുകയും ക്ലാസ്സുകളെ സംബന്ധിച്ചുള്ള ചർച്ചകൾ നടത്തുകയും ചെയ്തു. എസ്.എ.ബി.എസ് പ്രൊവിൻഷ്യൽ ബഹുമാനപ്പെട്ട സി.എൽസ പൈകട പ്രാർത്ഥന നടത്തുകയും, ഫാ.ജെയ്മോൻ കളമ്പുകാട്ട് നന്ദി പറയുകയും ചെയ്തു.

### ഇടവക യുവജന വർഷ കമ്മറ്റിയുടെ ഫൊറോനാ തലമീറ്റിംഗ് മണിമൂളി, നിലമ്പൂർ

മണിമൂളി ഫൊറോനയിൽ വെച്ച് നടന്ന യുവജനവർഷ കമ്മറ്റിയുടെ ഫൊറോനാതല സമ്മേളനത്തിന്റെ ഉദ്ഘാടനം മണിമൂളി ഫൊറോന വികാരി റവ. ഫാ.ചാക്കോ മേപ്പുറത്ത് നിർവഹിച്ചു. മണിമൂളി കെ.സി.വൈ.എം പ്രസിഡന്റ് ജിബിൻ ഈന്തുങ്കൽ അധ്യക്ഷത വഹിച്ചു. നിലമ്പൂർ കെ.സി.വൈ.എം പ്രസിഡന്റ് സന്തോഷ് ചെട്ടികശ്ശേരിയിൽ കെ.സി.വൈ.എം ആനിമേറ്റർ സി.അനിറ്റ്മരിയ

നിലമ്പൂർ മേഖല ഡയറക്ടർ ബഹുമാനപ്പെട്ട ഫാ.ജോഷി പുൽപ്പയിൽ തുടങ്ങിയവർ നേതൃത്വം നല്കി. ഫാ.വിനോദ് പാക്കാനിക്കുഴി ക്ലാസ്സുകൾക്ക് നേതൃത്വം നല്കുകയും ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിഷയാവതരണം നടത്തുകയും ചെയ്തു. വിവിധ ഇടവകകളിൽ നിന്നും ആകെ 131 അംഗങ്ങൾ പങ്കെടുത്തു. മണിമൂളി മേഖല ആനിമേറ്റർ സി.അനറ്റ് സി.എം.സി, നിലമ്പൂർ മേഖല ആനിമേറ്റർ സി. വിൻസി എഫ്.സി.സി, പ്രസിഡണ്ട് ജസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

**കൈയ്യൂന്നി റീജിയൻ**

നീലഗിരി റീജിയൻ യുവജനവർഷ ഇടവകാതല കമ്മറ്റിയുടെ സംഗമം കൈയ്യൂന്നി പള്ളിയിൽ വെച്ച് റീജിയണൽ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ.തോമസ് മണക്കുന്നേലിന്റെ നേതൃത്വത്തിൽ ചേർന്നു. മേഖല കെ.സി.വൈ.എം ഡയറക്ടർ ഫാ.ജയൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശ്രീമതി ഗ്രേസ്സി ടീച്ചർ ആമുഖ പ്രഭാഷണം നടത്തി. സി.ലിൻസി എസ്.സി.വി യുവജനവർഷത്തെ സംബന്ധിച്ചുള്ള വിഷയാവതരണം നടത്തി. സി.നോയൽ മരിയ എസ്.എ.ബി.എസ് പ്രാർത്ഥനക്ക് നേതൃത്വം നല്കി. ശ്രീ. ജോസഫ് തോട്ടുങ്കര നന്ദിപറഞ്ഞ് സംസാരിച്ചു. ആകെ 69 അംഗങ്ങൾ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

മുള്ളൻകൊല്ലി ഫൊറോനയിൽ വെച്ച് നടന്ന ഇടവകാ യുവജനവർഷ കമ്മറ്റിയുടെ ഫൊറോനാ തല സംഗമം കെ.സി.വൈ.എം മേഖലാ ഡയറക്ടർ ഫാ.ഷാജി മുളവേലികുന്നേൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം മുള്ളൻകൊല്ലി മേഖല പ്രസിഡന്റ് വിപിൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഗ്രേസി ടീച്ചർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സി.നോയൽ മരിയ എസ്.എ.ബി.എസ് പ്രാർത്ഥന നയിക്കു കയും രൂപതാ ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ യുവജനവർഷത്തെപറ്റി സംസാരിക്കുകയും ചെയ്തു. കെ.സി.വൈ.എം സെക്രട്ടറി വിപിൻ നന്ദി പറഞ്ഞു. ആകെ 64 അംഗ ങ്ങൾ പങ്കെടുത്തു. ആനിമേറ്റർ സി.ടെസിൻ എസ്.എ.ബി.എസ്, വൈസ്. പ്രസിഡന്റ് അലീന, സെക്രട്ടറി അമൽജിത്ത്, ജോയിന്റ് സെക്രട്ടറി അഞ്ജു, ട്രഷറർ സ്റ്റെഫിൻ, രൂപത സെക്രട്ടറി അലീന, ആന്റണി മങ്കടപ്ര എന്നിവർ നേതൃത്വം നൽകി.

**കണിയാരം**

കണിയാരം ഫൊറോനയുടെ കീഴിലുള്ള യുവജനവർഷ കമ്മറ്റിയുടെ കൂട്ടായ്മ 04-03-2018 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് രണ്ടര മുതൽ നാല് മണിവരെ കണിയാരം കത്തീഡ്രൽ പള്ളിയിൽ ചേർന്നു.

കണിയാരം കെ.സി.വൈ.എം യൂണിറ്റ് പ്രസിഡന്റ് പ്രിൻസ് സ്വാഗതം ആശംസിച്ചു. ഫാ.ജോഫ്രി ആമുഖ പ്രഭാഷണം നടത്തി.ജോണി അമ്പാട്ട് സാർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സി.ആൻസി സി.എം.സി യുവജനവർഷത്തെ കുറിച്ച് സംസാരിച്ചു. ആകെ 18 അംഗങ്ങൾ പങ്കെടുത്തു.

**പയ്യംമ്പള്ളി**

പയ്യംമ്പള്ളി ഫൊറോനാതല യുവജനവർഷ കമ്മറ്റിയുടെ സംഗമം രൂപതാ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടനം ചെയ്തു. ജോയിസ് തൃശ്ശിലേരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം പ്രസിഡന്റ് ശ്രീ. ജോഫ്രീ അധ്യക്ഷത വഹിച്ചു.മേഖല ഡയറക്ടർ ഫാ.ഷിജു വേങ്ങാക്കുഴി ആമുഖ പ്രഭാഷണം നടത്തി. ഫാ.വിനോദ് പാക്കാനിക്കുഴി ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഫാ. ഷിജോ എല്ലാവർക്കും നന്ദി പറഞ്ഞു. ആകെ 68 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ സി.റോസ്ന എസ്.സി.വി, മാർട്ടിൻ, ചിപ്പി എന്നിവർ നേതൃത്വം നൽകി.

**ബത്തേരി**

യുവജനവർഷ ഇടവകാതല കമ്മിറ്റിയുടെ ഫൊറോനാതല സംഗമം ബത്തേരി അസംപ്ഷൻ സ്കൂളിൽ വെച്ച് നടന്നു. രൂപത വൈസ്.പ്രസിഡണ്ട് റോസ് മേരി സ്വാഗതം ആശംസിച്ചു. ഫൊറോനാ വികാരി ബഹുമാനപ്പെട്ട റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ യുവജനവർഷത്തെ സംബന്ധിച്ചുള്ള വിഷയാവതരണം നടത്തി. മേഖലാ ഡയറക്ടർ ഫാ.ഡെന്നീസ് പൂവത്തിങ്കൽ ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം മേഖലാ പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ് തുടങ്ങിയവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നല്കി. ആകെ 97 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ സി.ഷെറിൻ സി.എം.സി, പ്രസിഡന്റ് ചാൾസ്, വൈസ് പ്രസിഡന്റ് അലീന, സെക്രട്ടറി അൽജോസ് എന്നിവർ നേതൃത്വം നൽകി.

**നടവയൽ**

നടവയൽ ഫൊറോനാതല യുവജനവർഷ കമ്മിറ്റിയുടെ സംഗമം നടവയൽ ഫൊറോനാ പള്ളിയിൽ വെച്ച് ചേർന്നു. ഫൊറോനാ വികാരി ബഹുമാനപ്പെട്ട ഫാ.ബെന്നി മുതിരക്കാലായിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഷാജി ചന്ദനപറമ്പിൽ സാർ യുവജനവർഷത്തെ സംബന്ധിച്ച് ക്ലാസ്സുകൾ നല്കി. സി.ലിൻസി. എസ്.സി.വി യുവജനവർഷത്തെകുറിച്ചുള്ള വിഷയാവതരണം നടത്തി.

കെ.സി.വൈ.എം വൈസ് പ്രസിഡന്റ് കുമാരി തേജസ്സ് പള്ളത്ത് എല്ലാവർക്കും നന്ദി പറഞ്ഞു. ആകെ 66 അംഗങ്ങൾ പങ്കെടുത്തു. ഫാ. പ്രദീപ് സി.എം.ഐ ആനിമേറ്റർ സി.ആഷ്‌ലി സി.എം.സി, വൈസ്. പ്രസിഡന്റ് സോന, ജോയിന്റ് സെക്രട്ടറി ശാന്തി, കോർഡിനേറ്റർ ലിൽജിത്ത്, സെനറ്റ് അംഗങ്ങളായ അർഷൽ, അബിൻ എന്നിവർ നേതൃത്വം നൽകി.

**ദ്വാരക, കല്ലോടി**

ദ്വാരക, കല്ലോടി ഫൊറോനാതല യുവജനവർഷ കമ്മിറ്റിയുടെ സംഗമം ദ്വാരക പള്ളിയിൽവെച്ച് ചേർന്നു. കെ.സി.വൈ.എം മേഖലാ ഡയറക്ടർ ഫാ.ബിജു തുരുത്തേൽ സ്വാഗതം ആശംസിച്ചു. ജോണി അമ്പാട്ട് സാർ യുവജനവർഷത്തെ സംബന്ധിച്ച് ക്ലാസ്സുകൾ നല്കി. സി.സ്മിത എസ്.എ.ബി.എസ് യുവജനവർഷത്തെ കുറിച്ചുള്ള വിഷയാവതരണം നടത്തി. വിവിധ ഇടവകകളിൽ നിന്നായി ആകെ 81 അംഗങ്ങൾ പങ്കെടുത്തു. കല്ലോടി മേഖല ആനിമേറ്റർ സി.റോസ്മിൻ എസ്.എച്ച്, പ്രസിഡന്റ് അതുൽ, സെക്രട്ടറി ജോയ്സി, വൈസ് പ്രസിഡന്റ് അനുപ്രിയ, ജോയിന്റ്സെക്രട്ടറി ജിജോ, കോർഡിനേറ്റർ ജിറ്റോ എന്നിവർ നേതൃത്വം നൽകി. ദ്വാരക മേഖല ആനിമേറ്റർ സി.ആനി എസ്.എച്ച്, പ്രസിഡന്റ് റിബിൻ, വൈസ് പ്രസിഡന്റ് അലീന, രൂപത സിൻഡിക്കേറ്റ് അംഗം ജീന എന്നിവർ നേതൃത്വം നൽകി.

**തരിയോട്**

തരിയോട് ഫൊറോനാതല യുവജനവർഷ കമ്മിറ്റിയുടെ സംഗമം തരിയോട് പള്ളിയിൽ വെച്ച് നടന്നു. കെ.സി.വൈ.എം സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗം എബിൻ മുട്ടപ്പള്ളി സ്വാഗതം ആശംസിച്ചു. തരിയോട് ഫൊറോന വികാരി ബഹു. ഫാ.ജെയിംസ് കുന്നത്തേട്ട് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. മേഖല സെക്രട്ടറി അമൽ വേങ്ങച്ചുവട്ടിൽ അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ ഫാ.ടോമി കൊച്ചുപാറയിൽ ആമുഖ പ്രഭാഷണം നടത്തി. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ യുവജനവർഷത്തെ സംബന്ധിച്ചുള്ള വിഷയാവതരണം നടത്തി. ശ്രീമതി ഗ്രേസി ടീച്ചർ ക്ലാസെടുത്തു. കുമാരി ടീന നന്ദി പറഞ്ഞു. ആകെ 102 അംഗങ്ങൾ പങ്കെടുത്തു. രൂപത സെക്രട്ടറി ആൽഫിൻ, ജിജോ പൊടിമറ്റം,ജോൺസൺ എന്നിവർ നേതൃത്വം നൽകി.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ജനറൽ കൺവീനർ, യുവജനവർഷം

**മൂല്യനിർണ്ണയ ക്യാമ്പ്**

ഏപ്രിൽ 7-ാം തിയ്യതി നടക്കുന്ന ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ് ഏപ്രിൽ 10, 11 തിയ്യതികളിൽ രൂപതാ മതബോധന കേന്ദ്രത്തിൽ നടക്കുന്നു. മൂല്യനിർണ്ണയ ക്യാമ്പിലേക്ക് ക്ഷണിക്കപ്പെട്ടിരിക്കുന്ന അധ്യാപകരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**7-ാം ക്ലാസ്സ് രൂപതാ പ്രതിഭാസംഗമം ഏപ്രിൽ 21-ന്**

ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട VII -ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ രൂപതാതല പ്രതിഭാസംഗമം ഏപ്രിൽ 21-ന് രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. ഫൊറോനകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരുവാൻ ശ്രദ്ധിക്കുക.

**HDC പരീക്ഷാഫലം**

ഫെബ്രുവരി മാസത്തിൽ നടത്തിയ 2016-18 വർഷത്തെ HDC (Higher Diploma in Catechesis) പരീക്ഷാഫലം ഏപ്രിൽ 15-ന് മതബോധന കേന്ദ്രത്തിന്റെ Website ൽ പ്രസിദ്ധീകരിക്കുന്നതാണ്.

**വിശ്വാസോത്സവം - പരീക്ഷാ പഠനശില്പശാല - വാർഷിക പരീക്ഷ**

I-IX ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഏപ്രിൽ 7-ാം തീയതി ശനിയാഴ്ചയാണ്. 10 മണിമുതൽ 12.00 മണി വരെയാണ് പരീക്ഷാ സമയം. ഏപ്രിൽ 3,4,5 തീയതികളിൽ വിശ്വാസോത്സവം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. വിശ്വാസോത്സവത്തിനുള്ള അധ്യാപകസഹായി തയ്യാറാക്കിയിട്ടുണ്ട്. രൂപതാ മതബോധന ഓഫീസിൽ ലഭ്യമാണ്. മൂന്ന് ദിവസത്തെ വിശ്വാസോത്സവത്തിന് ശേഷം ഏപ്രിൽ 6-ാം തീയ്യതി പരീക്ഷാ പഠനശില്പശാല നടത്തുവാൻ ശ്രദ്ധിക്കണം. സ്കോളർഷിപ്പ് പരീക്ഷകൾക്കും മറ്റ് പരീക്ഷകൾക്കും വിശ്വാസോത്സവ ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവുന്നതാണ്. ബൈബിളിന്റെ പ്രാധാന്യവും പ്രസക്തിയും ഒരിക്കൽകൂടി ഓർമ്മിക്കാനും ബൈബിളിനെക്കുറിച്ചുള്ള

അറിവുകൾ സ്വന്തമാക്കുവാനുമായി ഈ വർഷത്തെ വിശ്വാസോത്സവം വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കി നാം നടത്തുകയാണ്. I, II, III ക്ലാസ്സുകളിൽ അതാതു ക്ലാസ്സുകളുടെ ഉപപാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ വിശ്വാസോത്സവ ദിവസങ്ങളിൽ ചെയ്യിക്കാവുന്ന താണ്. IV-ാം ക്ലാസ്സിലെ കുട്ടികൾ പ്രഥമ കുമ്പസാരത്തിനും ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിനും ഒരുങ്ങുന്ന വർഷമായതിനാൽ 'ഓ ദിവ്യകാരുണ്യമേ' എന്ന ഉപപാഠ പുസ്തകത്തിലെ വിഷയങ്ങൾതന്നെ പഠനവിഷയമാക്കുകയും നമസ്കാരങ്ങൾ (പ്രാർത്ഥനകൾ) പഠിപ്പിക്കുകയും ചെയ്യുക.

**ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷ**

ഈ വർഷത്തെ 7,4 ക്ലാസ്സുകളുടെ സ്കോളർഷിപ്പ് പരീക്ഷയും ഡിപ്ലോമ പരീക്ഷയും ഏപ്രിൽ 7-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയാണ്. പരീക്ഷാസമയം കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുക. ഓരോ ഇടവകയിലെയും പരീക്ഷാനടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റർമാർക്കുമായിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോ ടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപനരംഗത്ത് 5 വർഷമെങ്കിലും പരിചയമുള്ളവരെയോ ആണ് പരീക്ഷ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 25 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണേ.

**ചോദ്യപേപ്പറുകൾ**

ഏപ്രിൽ 5-ാം തീയതി രാവിലെ 10.00 മണി മുതൽ 5.00 മണി വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

**ഇന്റേണൽ അസ്സസ്മെന്റ്**

X-ാം ക്ലാസ്സ് ഡിപ്ലോമ കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന ഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി പ്രത്യേക കവറിലാക്കി ഉത്തരക്കടലാസിനൊപ്പം ഓഫീസിൽ എത്തിക്കണം.

## Diploma : Revaluation, Say Exam

ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ റിസൾട്ട് ഏപ്രിൽ 20 മുതൽ www.catechismmdy.org എന്ന സൈറ്റിൽ ലഭ്യമായിരിക്കും. ഡിപ്ലോമ പരീക്ഷയുടെ പേപ്പർ പുനർനിർണ്ണയത്തിന് മെയ് 2-ന് മുമ്പ് 50 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി നൽകുക. ഡിപ്ലോമയുടെ Say Exam മെയ് 12-ാം തിയ്യതി ശനിയാഴ്ചയായിരിക്കും. ആദ്യപരീക്ഷകൾ എഴുതി തോറ്റവർക്ക് മാത്രമേ Say Exam എഴുതാനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളു. 100 രൂപയാണ് Say Exam രജിസ്ട്രേഷൻ ഫീസ്.

**HDC പ്രവേശനം**

അടുത്ത വർഷത്തേക്ക് HDC യ്ക്കുള്ള അധ്യാപകരെ മുൻകൂട്ടി പറഞ്ഞുറപ്പിച്ച് രജിസ്ട്രേഷൻ നടത്തുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

**DCC**

HM, PP Conference ൽ പറഞ്ഞിരുന്നതുപോലെ 12-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടികളെ DCC കോഴ്സിൽ ചേർക്കുവാനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ.

**ജൂബിലേറിയൻസ്**

മതാധ്യാപനരംഗത്ത് 25,35,50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും ഏപ്രിൽ 30-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക.

## HM, PP Conference

2018-19 വർഷത്തെ ആദ്യ HM, PP Conference മെയ് 26-ാം തിയ്യതി ശനിയാഴ്ചയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് തിയ്യതി ശ്രദ്ധിക്കുമല്ലോ.

ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ മുൻകൂട്ടി നേർന്നുകൊണ്ട്,

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

1969 ജൂലൈ ഇരുപതാം തീയതിയാണ് മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയത്. കൽക്കത്തയിലുള്ള മദർ തെരേസയുടെ നിർമ്മൽ ഹൃദയ് എന്ന അഗതി മന്ദിരത്തിലും ആ ദിവസം ഉത്സാഹത്തിന്റെ ദിനമായിരുന്നു. മിഷനറീസ് ഓഫ് ചാരിറ്റിയിലെ ഒരു സിസ്റ്റർ അവിടെ രോഗികളെ പരിചരിക്കുന്നതിൽ വ്യാപൃതയായിരുന്ന മദർതെരേസയോട് ഒരു ചോദ്യം ചോദിച്ചു. ' മദർ എന്നെങ്കിലും ചന്ദ്രനിൽ പോകുമെന്ന് തോന്നുന്നുണ്ടോ?' മദർ പറഞ്ഞു: 'ചന്ദ്രനിൽ ആർക്കും വേണ്ടാത്ത പാവങ്ങൾ ഉണ്ടെങ്കിൽ സംശയം വേണ്ടാ ഞാൻ എന്റെ സിസ്റ്റേഴ്സിനേയും കൂട്ടി അങ്ങോട്ട് പോകും.'

പരീക്ഷകൾ കഴിഞ്ഞ് പുതിയ അദ്ധ്യായന വർഷത്തിലേയ്ക്കും, പുതിയ ജോലി മേഖലകളിലേയ്ക്കും പ്രവേശിക്കുവാൻ ഒരുങ്ങുകയാണല്ലോ? അവധിക്കാലം പ്രചോദനങ്ങളുടെ കാലമാകണം. പ്രചോദിതരാവുകയും ആ പ്രചോദനത്തിൽ നിലനിൽക്കുകയും ചെയ്യുമ്പോൾ നമ്മിൽ വലിയ ആത്മധൈര്യം വന്നു നിറയും. അസാധ്യവും അപ്രാപ്യവുമെന്ന് തോന്നുന്ന ലക്ഷ്യങ്ങളിലേയ്ക്ക് പോലും സാഹസിക ബുദ്ധിയോടെ മുന്നേറുവാൻ അപ്പോൾ നമുക്ക് സാധിക്കും. പ്രചോദിതരാകുവാനുള്ള സെമിനാറുകളും, ധ്യാനങ്ങളുമൊക്കെ അവധികാലത്തിന്റെ മുതൽകൂട്ടാകട്ടെ. വലിയ ലക്ഷ്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുമ്പോൾ കൊച്ചു കൊച്ചു കാൽവയ്പുകൾക്ക് ആദ്യം തയ്യാറാകണം. ശരിയായ ദിശയിലൂടെയുള്ള ചെറിയ കാൽവയ്പുകൾ വലിയ ലക്ഷ്യത്തിലേയ്ക്കുള്ള പ്രചോദനമാണ്.

ഈ ലോകത്തിലെ നമ്മുടെ ചെറുജീവിതത്തിൽ മറ്റുള്ളവർക്ക് പ്രചോദനമേകുവാനും, മറ്റുള്ളവരുടെ നല്ല പ്രചോദനങ്ങൾ സ്വീകരിക്കുവാനും നമുക്ക് സാധിക്കട്ടെ.

സ്നേഹപൂർവ്വം, **ജോജോച്ചൻ**

**പ്രാർത്ഥനാ മലരുകൾ:** 70 സമാധാന പ്രാർത്ഥന.

**സുകൃതജപം:** ഈശോയെ അങ്ങേ അടുക്കൽ വരാൻ എന്നോട് കൽപ്പിക്കണമേ.

**മിഷൻ പ്രയർ ബാങ്ക് ശേഖരണം:** ഉജൈജൻ രൂപത (നീലഗിരി, മേഖല)

**തിരുബാലസഖ്യ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി കലാമത്സരം സംഘടിപ്പിച്ചു. പ്രസംഗം, സംഗീതം, ബൈബിൾവായന, വചനംഎഴുത്ത്, കഥ പറച്ചിൽ, ആക്ഷൻസോങ്ങ്, കളറിംഗ്, ചിത്രരചന എന്നീ ഇനങ്ങളിലാണ് മത്സരം നടത്തിയത്. 60 പോയിന്റ് നേടി ബത്തേരി മേഖല ഒന്നാം സ്ഥാനത്തും 56 പോയിന്റ് നേടി ചുങ്കക്കുന്ന് മേഖല രണ്ടാം സ്ഥാനത്തും 52 പോയിന്റ് നേടി നടവയൽ മേഖല മൂന്നാം സ്ഥാനത്തും എത്തി. സംസ്ഥാന പ്രസിഡണ്ട് ശ്രീ.ബിനു മാങ്കൂട്ടം, ദ്വാരക മേഖല ഡയറക്ടർ റവ.ഫാ. ബിജു തൊണ്ടിപറമ്പിൽ, രൂപതാ പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിൽ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാ വൈസ്. ഡയറക്ടർ റവ.സി. ലിസ അലക്സ് SKD സ്വാഗതവും രൂപതാ സെക്രട്ടറി ശ്രീ.ബിനീഷ് തുമ്പിയാംകുഴി നന്ദിയും പറഞ്ഞു. രൂപതാ എക്സികൂട്ടീവ് & ടീം അംഗങ്ങൾ നേതൃത്വം നൽകി.

**തിരുബാല സഖ്യ മത്സര വിജയികൾ:**

**പൂമ്പാറ്റ 1 പ്രസംഗം:**

| | | |
|---|---|---|
| അലൻ കൊച്ചുവേലിക്കകത്ത് | - കൊട്ടിയൂർ | I A |
| അഥേല പെരുങ്കുഴി | - കമ്മന | II A |
| ആരോൺജിയോ പുത്തൻപുര | - മൂലങ്കാവ് | III B |
| റോസ്ജോ ആത്രശ്ശേരി | - മുതിരേരി | III B |

**പൂമ്പാറ്റ 1 സംഗീതം:**

| | | |
|---|---|---|
| നേഹൽ തൂപ്പുങ്കര | - കമ്മന | I A |
| അൽഫോൻസ ചെറുതറപ്പേൽ | - കയ്യൂന്നി | II A |
| ആൻട്രീസ കന്നപ്പള്ളി | - ഒറ്റപ്ലാവ് | III A |

**പൂമ്പാറ്റ 1 ബൈബിൾ കഥ പറയൽ:**

| | | |
|---|---|---|
| സയന മഠത്തിൽ | - കാവുംമന്ദം | I A |
| ഇസമരിയ ചക്കാലക്കുടിയിൽ | - കല്ലോടി | II A |
| അയന പനയേലിൽ | - ദ്വാരക | III A |
| അലൻ കൊച്ചുവേലിക്കകത്ത് | - കൊട്ടിയൂർ | III A |

**പൂമ്പാറ്റ 1 കളറിംഗ്:**

| | | |
|---|---|---|
| ഡോൺ പി.ജോൺസൺ പുൽപ്ര | - ഒറ്റപ്ലാവ് | I A |
| ടെൽസാ ഡേവിഡ് കൂനംമാക്കിൽ | - നടവയൽ | II A |
| സിയ അൽഫോൻസ | - മീനങ്ങാടി | III A |

**പൂമ്പാറ്റ 2 പ്രസംഗം:**

| | | |
|---|---|---|
| റോസ് മരിയ മണിയത്ത് | - കല്ലോടി | I A |
| ഹിത കുളത്തിങ്കൽ | - നടവയൽ | II A |
| മരിയ കുറുപ്പൻപറമ്പിൽ | - മുതിരേരി | III A |

**പൂമ്പാറ്റ 2 സംഗീതം:**

| | | |
|---|---|---|
| ഇവ മരിയ | - ബത്തേരി | I A |
| ബെത്സയ്ബ നെല്ലിക്കുന്നേൽ | - നടവയൽ | II A |
| അനന്യ മുണ്ടങ്ങാട്ടിൽ | - കൊമ്മയാട് | III A |

**പൂമ്പാറ്റ 2 വചനം എഴുത്ത്:**

| | | |
|---|---|---|
| ക്രിസ്റ്റിലിൻ മാളിയേക്കൽ | - അമ്പായത്തോട് | I A |
| അലേന കണിയാംപറമ്പിൽ | - ചുണ്ടക്കര | II A |
| ആഷിക് കൊറ്റത്തിൽ | - കുറുമണി | III A |

**പൂമ്പാറ്റ 2 ബൈബിൾ വായന:**

| | | |
|---|---|---|
| ഐവിൻ വാതക്കോടത്ത് | - നടവയൽ | I A |
| അൽന ചേറാടിയിൽ | - തോമാട്ടുചാൽ | II A |
| ക്രിസ്റ്റോ പുന്നക്കപടവിൽ | - കാവുംമന്ദം | III A |
| അലൻ പാലത്തിങ്കൽ | - മാർട്ടിൻനഗർ | III A |

**പൂമ്പാറ്റ 2 ചിത്രരചന:**

| | | |
|---|---|---|
| ഇവ മരിയ | - ബത്തേരി | I A |
| ഷോബിൻ ചേലക്കമാക്കിൽ | - ദ്വാരക | II A |
| ആൻലിൻ മരിയ തുമ്പിയാങ്കുഴിയിൽ | - പോരൂർ | III A |
| അമൽ വള്ളിക്കുന്നേൽ | - കൊട്ടിയൂർ | III A |

**ആക്ഷൻ സോങ്ങ്:**

| | |
|---|---|
| ബത്തേരി | - I A |
| തരിയോട് | - II A |
| ദ്വാരക | - III A |

**വചനതാരം ക്വിസ്സ് - ഏപ്രിൽ 12-13**

2018-ല വചനതാരം കിസ്സ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഏപ്രിൽ 12- ാം തിയ്യതി വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് (രജിസ്ട്രേഷൻ) ആരംഭിച്ച് 13-ാം തിയ്യതി വൈകിട്ട് 8 മണിക്ക് അവസാനിക്കുന്നതാണ്. ശാഖാ ജോയന്റ് ഡിറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. പഴയനിയമത്തിലെ 'സുഭാഷിതങ്ങൾ' ആണ് വചനതാരത്തിന്റെ പഠന വിഷയം. മാതൃകാ ചോദ്യങ്ങൾ മാർച്ച് മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.?

**SMART CAMP – ഏപ്രിൽ 24,25,26 തിയ്യതികളിൽ**

രൂപതയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 6,7,8 ക്ലാസുകളിലെ കുട്ടികൾക്കുള്ള സ്മാർട്ട് ക്യാമ്പ് ഏപ്രിൽ 24-ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 26-ന് ഉച്ചക്ക് 2 മണിക്ക് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 750 രൂപയാണ്. അതിൽ 350 രൂപ രൂപത വഹിക്കും, ബാക്കി 400 രൂപ ശാഖയോ, പങ്കെടുക്കുന്ന വ്യക്തിയോ വഹിക്കേണ്ടതാണ്.

**രൂപതാ ക്യാമ്പ്: മെയ് 3,4,5 തിയ്യതികളിൽ**

9,10,11 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള രൂപതാ സാഹിത്യ ക്യാമ്പ് മെയ് 3-ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മെയ് 5-ന് ഉച്ച്ക്ക് 2 മണിക്ക് തീരുന്നതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് സീറ്റുള്ളത്. രജിസ്ട്രേഷൻ ഫീസ് 800 രൂപ. ഇതിൽ 400 രൂപ ശാഖയോ വ്യക്തിയോ വഹിക്കേണ്ടതാണ്.

**സി.എം.എൽ. രൂപതാ വാർഷിക മാനേജിംഗ് കമ്മറ്റി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2017-18 പ്രവർത്തന വർഷത്തെ വിലയിരുത്തുവാനും സ്റ്റേറ്റ് മാനേജിംഗ് കമ്മറ്റി അംഗം ശ്രീ. മോൻസി വാഴയിൽ സാറിന്റെ ഒഴിവിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനുമുള്ള വാർഷിക മാനേജിംഗ് കമ്മറ്റി 2018 ഏപ്രിൽ 29 ഞായറാഴ്ച 2 pm -ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. കൃത്യസമയത്ത് തന്നെ എത്തിച്ചേരേണ്ടതാണ്.

**മേഖല മാനേജിംഗ് കമ്മറ്റി ഇലക്ഷൻ**

ഏപ്രിൽ മാസത്തിൽ മേഖല മാനേജിംഗ് കമ്മറ്റികൾ കൂടുവാൻ ശ്രദ്ധിക്കുമല്ലോ? മേഖല ഭാരവാഹികളുടെ കാലാവധി രണ്ട് വർഷത്തേക്കാണ്. ഈ വർഷം മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന്റെ കാലഘട്ടമാണ്. ഏപ്രിൽ മാസത്തിൽ തന്നെ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

**ശാഖാ വാർത്തകൾ**

*കയ്യൂന്നി:-* ശാഖയിലെ കുട്ടികൾക്കായി ഏകദിന സെമിനാർ നടത്തി. പഴൂർ വൃദ്ധസദനം സന്ദർശിച്ച് വസ്ത്രം വിതരണം ചെയ്തു.

*മഞ്ഞൂറ:-* കുട്ടികളുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. വചനത്തിന്റെ പ്രസക്തിയെകുറിച്ച് സി. ഷേർളി ക്ലാസ്സ് എടുത്തു, ബൈബിൾ റാലി ആഘോഷമായി നടത്തി. മിഷൻഗ്രാമത്തെ സഹായിക്കുന്നതിനായി 'Dress Bank' ഉദ്ഘാടനം ചെയ്തു. ഭവനസന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

*മൊതക്കര:-* സൺഡേസ്റ്റാർ എടുത്തു. സിമിത്തേരി നിർമ്മാണത്തിന്റെ വിജയത്തിനായി ഓരോരുത്തരും ഉപവാസം എടുത്ത് പ്രാർത്ഥിച്ചു. തിരുനാളിന് ഒരുക്കമായി പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ജൈവപച്ചക്കറികൾ ഉപയോഗിച്ച് തിരുനാളിന് നേർച്ചഭക്ഷണം നൽകി.
*നടവയൽ:-* തിരുബാലസഖ്യ മത്സരത്തിൽ മേഖലയിൽ ഒന്നാം സ്ഥാനം നേടി.
*ചാരിറ്റി:-* തിരുബാല സഖ്യദിനത്തിൽ കുട്ടികൾ കാഴ്ച സമർപ്പണം നടത്തി, വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വാർഷിക ധ്യാന വിജയത്തിനായി മിഷൻലീഗിലെ സൂപ്പർ സീനിയേഴ്സ് അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അൾത്താരസംഘ മീറ്റിംഗ് നടത്തി.
*മുതിരേരി:-* പുതിയ കൊടിമരത്തിന്റെ ശിലാസ്ഥാപനത്തോടെ തിരുനാൾ ആഘോഷമായി കൊണ്ടാടി. 50 നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ട് വിഭൂതിദിനം ആചരിച്ചു. പരീക്ഷ എഴുതുന്ന കുട്ടികൾക്കായി ആരാധന നടത്തി പ്രാർത്ഥിച്ചു.
*ഇടിവണ്ണ:-* തിരുബാല സഖ്യത്തിലെ കുട്ടികൾക്കായി മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി. തിരുബാലസഖ്യം കുട്ടികൾ കാഴ്ച സമർപ്പണം നടത്തി. കുട്ടികൾക്ക് മധുര പലഹാരം നൽകി.
*വാഴവറ്റ:-* ഏകദിന സെമിനാർ, പ്രാർത്ഥനാ ദിനം, പരീക്ഷ ഒരുക്ക ആരാധന എന്നിവ നടത്തി. തിരുബാല സഖ്യദിനത്തോടനുബന്ധിച്ച് തിരുബാല സഖ്യാംഗങ്ങൾ വിവിധ കലാപരിപാടികൾ നടത്തി.
*വടക്കനാട്:-* രോഗീസന്ദർശനം, സെമിത്തേരി സന്ദർശനം എന്നിവ നടത്തി. ഒരു നല്ല അപ്പന്റെ ചാവരുളിനെ കുറിച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും വേണ്ടി ക്ലാസ്സ് എടുത്തു.
*നെടുമ്പാല:-* ഇടവക തിരുനാളിന് മിഷൻലീഗ് അംഗങ്ങൾ സ്റ്റാൾ ഇടുകയും പ്രദക്ഷിണത്തിന് തോരണം കെട്ടി വഴികൾ അലങ്കരിച്ചു. തിരുനാളിന് മിഷൻലീഗ് അംഗങ്ങളും, തിരുബാല സഖ്യാംഗങ്ങളും ഒന്നുചേർന്ന് ഫ്യൂഷൻ ഡാൻസും ഗാനമേളയും അവതരിപ്പിച്ചു. വേദപാഠത്തിന് 100% വിജയം നേടിയ +1,+2 ക്ലാസ്സുകളിലെ കുട്ടികളെയും അദ്ധ്യാപകരേയും അനുമോദിച്ച് ആശംസയർപ്പിച്ചു.

*പാറത്തോട്ടം:-* ശനി, ഞായർ ദിവസങ്ങളിൽ കുട്ടികളുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി പ്രാർത്ഥിക്കുന്നു. നോമ്പുകാല ചിന്തകൾ ഉൾക്കൊള്ളിച്ച് നോട്ടീസ് ബോർഡ് തയ്യാറാക്കുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗാനമത്സരം, നിമിഷപ്രസംഗം, ബൈബിൾ ക്വിസ്സ് എന്നിവയുടെ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി. എക്സിക്യൂട്ടീവ്

അംഗങ്ങൾ മാനന്തവാടി ഗവമെന്റ് ആശുപത്രി സന്ദർശിച്ച് ഭക്ഷണം ഉണ്ടാക്കാനും കൊടുക്കാനും സഹായിച്ചു.

*പൂളപ്പാടം:–* തിരുബാലസഖ്യ ദിനാചരണം, മത്സരം എന്നിവ നടത്തി. കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു. ലോകസമാധാനത്തിനായി പ്രത്യേക പ്രാർത്ഥന നടത്തി. മധുവിന്റെ മരണത്തിൽ അനുശോചനം അറിയിച്ചുകൊണ്ട് മൗനപ്രാർത്ഥനയും മൗനജാഥയും നടത്തി. പാലിയേറ്റിവിന് ഫണ്ട് നൽകുന്നതിനായി ധനശേഖരണം നടത്തി.

ഒറ്റപ്ലാവ്:– നോമ്പുകാലത്തെ വെള്ളിയാഴ്ചകളിലെ വി.കുർബാന, ആരാധന, കൊന്ത, കുരിശിന്റെ വഴി എന്നിവയ്ക്ക് സി.എം.എൽ അംഗങ്ങൾ നേതൃത്വം നൽകുന്നു. തിരുബാലസഖ്യം മേഖലാ മത്സരത്തിൽ 9 പേർ പങ്കെടുത്തു.

*കല്ലുവയൽ:–* 50 നോമ്പിൽ സി.എം.എൽ അംഗങ്ങൾ സുകൃതങ്ങൾ ചെയ്തും വിശുദ്ധ കുർബാനയിൽ പങ്കെടുത്തും പ്രാർത്ഥിച്ചൊരുങ്ങുന്നു. അൾത്താര സംഘത്തിന്റെ മീറ്റിംഗ് നടത്തി പരിശീലനം നൽകി. S.S.L.C, +1, +2 വിദ്യാർത്ഥികൾക്കായി പരീക്ഷഒരുക്ക പ്രാർത്ഥന നടത്തി.

*മണിമൂളി:–* ബഹു. പ്രകാശ് വെട്ടിക്കലച്ചന് യാത്രയയപ്പ് നൽകി. പുതിയതായി വന്ന ബഹു. റ്റിബിൻ ചക്കുളത്തിലച്ചന് സ്വാഗതം ആശംസിച്ചു. തിരുബാല സഖ്യദിനത്തിൽ നടത്തിയ സെമിനാർ ബഹു. ചാക്കോ മേപ്പുറത്തച്ചൻ ഉദ്ഘാടനം ചെയ്തു. H.M വിജോ കാച്ചാംകോടത്ത്, സി. ലിജി തെരേസ്, സി.ലീമാ റോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. തിരുബാല സഖ്യാംഗങ്ങൾ കാഴ്ചവയ്പു നടത്തി. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

*പുതുശ്ശേരി:–* രോഗീസന്ദർശനം നടത്തി, ആരാധന നടത്തി. 2000 രൂപ ചികിത്സാ സഹായം നൽകി. ദേവാലയത്തിന്റെ ഭാഗങ്ങൾ അവയുടെ അർത്ഥങ്ങൾ എന്നിവയെ കുറിച്ച് ക്ലാസ്സ് എടുത്തു.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജ്ജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ.

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

# Department of Youth Ministry

**ജാഗരണ പ്രാർത്ഥന**

മാർച്ച് 21 ബുധനാഴ്ച്ച യൂത്ത് മിനിസ്ട്രി ചാപ്പലിൽ യൂത്ത് കൺവെൻഷനോടനുബന്ധിച്ച് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ സി.ആൻസി സി.എം.സി, സി.ലിൻസി എസ്.സി.വി, എന്നിവരുടെ നേതൃത്വത്തിൽ ജാഗരണപ്രാർത്ഥന നടത്തി. ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥി അമൽ ജോസും മാതാപിതാക്കളും പ്രാർത്ഥനയിൽ പങ്കുചേർന്നു. മാർച്ച് 28 ബുധനാഴ്ച്ച വൈകുന്നേരം 6 മണി മുതൽ യൂത്ത് മിനിസ്ട്രി ചാപ്പലിൽ യുവജനവർഷ ജാഗരണ പ്രാർത്ഥന ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ജാഗരണപ്രാർത്ഥനയിൽ സന്നിഹിതരായിരുന്നു. യൂത്ത്മിനിസ്ട്രി ടീം സി.ആൻസി CMC, സി.ആനിപോൾ SH, സി.ലിൻസി SCV, കുമാരി ലിൻഷ മരിയ ഷാന്റി എന്നിവർ പ്രാർത്ഥനയിൽ പങ്കുചേർന്നു. മാർച്ച് 7 ബുധനാഴ്ച്ച വൈകുന്നേരം 6 മണി മുതൽ യൂത്ത് മിനിസ്ട്രി ചാപ്പലിൽ യുവജനവർഷ ജാഗരണപ്രാർത്ഥന ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. യൂത്ത്മിനിസ്ട്രി ടീമിനോടൊപ്പം ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ജാഗരണപ്രർത്ഥനയിൽ പങ്കുചേർന്നു. സഹകരിച്ച എല്ലാവർക്കും നന്ദി. മാർച്ച് 14 ബുധനാഴ്ച്ച വൈകുന്നേരം 6 മണി മുതൽ യൂത്ത് മിനിസ്ട്രി ചാപ്പലിൽ യുവജനവർഷ ജാഗരണ പ്രാർത്ഥന ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. യൂത്ത് മിനിസ്ട്രി ടീമിനോടൊപ്പം ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും പങ്കുചേർന്നു.

**മേട്ടുപാളയം ക്രൈസ്റ്റ് ദ കിംഗ് കോളേജ്**

ഫെബ്രുവരി 28 ബുധൻ രാവിലെ പത്ത് മണി മുതൽ ഊട്ടി മേട്ടുപാളയം ക്രൈസ്റ്റ് ദ കിങ്ങ് എൻജിനിയറിംഗ് കോളേജിൽ വിദ്യാർത്ഥികളുടെ ആത്മീയ നവീകരണം ലക്ഷ്യം വെച്ചുകൊണ്ട് യുവജനങ്ങളെ അന്വേഷിച്ചിറങ്ങുന്ന ആത്മീയ പരിപാടിയായ യൂത്ത്

ട്രാവലർ ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിംഗ് എന്നിവ കുട്ടികൾക്ക് നല്കി. സഹായിച്ച സി.ആൻസി CMC, സി.ലിൻസി SCV എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ഒപ്പം എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയ ഡി.എം.ഐ സിസ്റ്റേഴ്സിനെ നന്ദിയോടെ സ്മരിക്കുന്നു.

**ലിയോ ഹോസ്പിറ്റൽ കല്പ്പറ്റ**

മാർച്ച് 20 ചൊവ്വാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ കല്പ്പറ്റ ലിയോ ഹോസ്പിറ്റലിൽ വെച്ച് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ജീസസ് പ്രോഫഷണൽസിനുവേണ്ടിയുള്ള ക്ലാസ്സും കുമ്പസാരവും സ്പിരിച്ച്വൽ ഷെയറിംഗും നടത്തി.സഹകരിച്ച സി.നോയൽ മരിയ SABS, സി. ലിൻസി SCV എന്നിവർക്ക് നന്ദി.

**ഫാത്തിമാ ഹോസ്പിറ്റൽ കല്പ്പറ്റ**

മാർച്ച് 11 ഞായർ രാവിലെ 10 മണി മുതൽ 12 മണിവരെ ഫാത്തിമാ ഹോസ്പിറ്റലിൽ ജീസസ് പ്രൊഫഷണൽ സിനുവേണ്ടിയുള്ള ക്ലാസ്സിനും സ്പിരിച്ച്വൽ ഷെയറിംഗിനും, സി. നോയൽ SABS, സി. ലിൻസി SCV എന്നിവർ നേതൃത്വം നല്കി.

**സ്പിരിച്ച്വൽ ആനിമേഷൻ പ്രോഗ്രാം**

16-03-2018 വെള്ളിയാഴ്ച്ച രാവിലെ 9.30. മുതൽ വൈകുന്നേരം 4.30 വരെ, 300 ഓളം വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സ്പിരിച്ച്വൽ ആനിമേഷൻ പ്രോഗ്രാം ബത്തേരി വിനായികാ നേഴ്സിങ്ങ് സ്കൂളിൽ വെച്ച് നടത്തി.

ജി.എൻ.എം പ്രിൻസിപ്പൽ മിസ് ഡെസ്‌ലിൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്തിൽ ക്ലാസ്സുകളും കുമ്പസാരവും സ്പിരിച്ച്വൽ ഷെയറിംഗും നടന്നു. ഇതിനായി എല്ലാ സൗകര്യങ്ങളും ഒരുക്കി തന്ന പ്രൻസിപ്പൽ ലീലാമ്മ ടീച്ചറിനേയും ഒപ്പം സഹകരിച്ച എല്ലാ സ്റ്റാഫ് അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. കുമ്പസാരത്തിന് സഹായിച്ച ബഹുമാനപ്പെട്ട ഫാ.റോണി TOR. ഫാ.ജിതിൻ പീച്ചാട്ട്, ഫാ.മാത്യു കറുത്തേടം, സ്പിരിച്ച്വൽ ഷെയറിംഗിന് സഹായിച്ച ബഹുമാനപ്പെട്ട SABS സിസ്റ്റേഴ്സിനും, CMC സിസ്റ്റേഴ്സിനും, സിയോൻ ടീമിനേയും, യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളേയും, നേതൃത്വം നല്കിയ സി. നോയൽ മരിയ SABS നേയും നന്ദിയോടെ ഓർക്കുന്നു.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**രൂപതാ വനിതാ ക്യാമ്പ്**

രൂപതാ സമിതിയുടെ നേതൃത്വത്തിൽ വനിതകൾക്കുവേണ്ടി ഏപ്രിൽ 15,16,17 തിയ്യതികളിൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. യൂണിറ്റിൽ നിന്ന് ആനിമേറ്ററും രണ്ട് വനിതാ പ്രതിനിധികളുമാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. 250 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് 50 രൂപ അടച്ച് രൂപതാ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കാഞ്ഞിരത്തിനാൽ ഭൂമി പ്രശ്നം – നിരാഹാര സമരവും കളക്ട്രേറ്റ് ഉപരോധവും**

വയനാട് കളക്ട്രേറ്റിന്റെ മുമ്പിൽ 900 ൽ അധികം ദിനങ്ങളായി നീതിക്കുവേണ്ടി സമരം ചെയ്യുന്ന കാഞ്ഞിരത്തിനാൽ കുടുംബത്തിന് വേണ്ടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. പ്രവർത്തകർ കളക്ട്രേറ്റിനു മുൻമ്പിൽ 26/2/2018 മുതൽ 28/2/018 വരെ നിരാഹാരസമരം നടത്തി. ഈ കുടുംബത്തിന്റെ കാര്യത്തിൽ നിയമവ്യവസ്ഥ പരാജയപ്പെടുകയും, തത്ഫലമായി ഈ കുടുംബം കളക്ട്രേറ്റിന്റെ മുൻപിൽ മരിക്കും എന്നുള്ള കുറിപ്പ് കളക്ടർക്ക് നൽകിയ സാഹചര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടായിരുന്നു നിരാഹാരം. സംസ്ഥാന സിൻഡിക്കേറ്റ് അംഗവും മുൻ രൂപതാ പ്രസിഡണ്ടുമായ എബിൻ ഫിലിപ്പ് മുട്ടപ്പള്ളി, രൂപതാ ട്രഷറർ അഖിൽ ജോസഫ് പള്ളത്ത് എന്നിവരാണ് രണ്ടു ദിവസം തുടർച്ചയായി നിരാഹരമനുഷ്ഠിച്ചത്. 26–ാം തിയ്യതി കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് നിരാഹാര സമരം ഉദ്ഘടനം ചെയ്തു. രണ്ടാം ദിവസം ബഹുമാനപ്പെട്ട മാനന്തവാടി രൂപതാ വികാരി ജനറാൾ അബ്രാഹം നെല്ലിക്കലച്ചൻ സമരപന്തൽ സന്ദർശിച്ച് സമരനേതാക്കൾക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചു. കെ.സി.വൈ.എം. മുൻ നേതാക്കൻമാരും, വിവിധ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് നേതാക്കളും അഭിവാദ്യങ്ങൾ അർപ്പിച്ചു. പ്രസ്ഥാനത്തിന്റെ മുൻ നേതാക്കന്മാരുടെ സാന്നിധ്യവും കൽപ്പറ്റ മേഖലയുടെ

സഹകരണവും സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങളുടെ കഠിനാധ്വാനവും പരിപാടിയെ വിജയത്തിലെത്തിച്ചു.

മൂന്നാം ദിവസം നടന്ന കളക്ട്രേറ്റ് ഉപരോധത്തെ തുടർന്ന് കളക്ടർ ചർച്ചയ്ക്കു വിളിക്കുകയും കെ.സി.വൈ.എം. മുന്നോട്ടുവച്ച കാര്യങ്ങൾ കളക്ടർ എത്രയും വേഗം പരിഗണിക്കാമെന്നുമുള്ള ഉറപ്പിന്റെ പേരിൽ ശ്രീ. പി.സി തോമസ് സാർ നൽകിയ നാരങ്ങാ വെള്ളം കുടിച്ച് നിരാഹാര സമരം അവസാനിപ്പിച്ചു. തുടർന്ന് കെ.സി. വൈ.എം. പ്രവർത്തകർ കൽപ്പറ്റ ടൗണിൽ പ്രകടനം നടത്തി.

**ത്യാഗം 2018 – കുരിശിന്റെ വഴിയും മാനന്തവാടി ഗവ. ഹോസ്പിറ്റൽ ശുചീകരണവും**

നോമ്പുകാലത്ത് ക്രിസ്തുവിന്റെ പീഢാസഹനങ്ങളെ ധ്യാനിച്ചു കൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപതാ പ്രവർത്തകർ ദ്വാരക പാസ്റ്ററൽ സെന്ററിൽ 9/3/2018 ന് ഒരുമിച്ചുകൂടുകയും ജാഗരണ പ്രാർത്ഥന നടത്തുകയും ചെയ്തു. ജാഗരണ പ്രാർത്ഥനയ്ക്ക് റവ. ഫാ. ഫിജോ RCJ നേതൃത്വം നൽകി. വിശുദ്ധ കുമ്പസാരത്തിന് റവ. ഫാ. പോൾ വാഴപ്പള്ളി, റവ. ഫാ. ഷൈജു മുതിരക്കാലായിൽ, റവ. ഫാ. മനോജ് കാക്കോനാൽ, റവ. ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർ നേതൃത്വം നൽകി. 50 യുവാക്കൾ പങ്കെടുത്തു. 10/3/18 ന് രാവിലെ 5 മണിക്ക് രൂപതാ ഡയറക്ടർ റവ. ഫാ ലാൽ ജേക്കബ് പൈനുങ്കലിന്റെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയ്ക്ക് ശേഷം യുവജനങ്ങൾ കുരിശും വഹിച്ചുകൊണ്ട് ദ്വാരകയിൽ നിന്ന് മാനന്തവാടി ന്യൂമാൻസ് കോളേജിലേയ്ക്ക് കുരിശിന്റെ വഴി നടത്തി. തുടർന്ന് നടന്ന മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റൽ ശുചീകരണം കോഴിക്കോട് ഡെപ്യൂട്ടി കളക്ടർ ശ്രീമതി മേഴ്സി ജോയി ആര്യപ്പള്ളി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിന് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സുബിൻ ജോസ് സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. ആനിമേറ്റർ സി. സ്മിത SABS, വൈസ്സ് പ്രസിഡണ്ട് റോസ്മേരി തേറുകാട്ടിൽ എന്നിവർ സംസാരിച്ചു. ഗവ. ഹോസ്പ്പിറ്റൽ RMO ഡോ. ആദിഷ്, മുൻ രൂപതാ പ്രസിഡണ്ട് എബിൻ ഫിലിപ്പ് മുട്ടപ്പള്ളി എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. കുരിശു വഹിച്ചുകൊണ്ട് നടത്തിയ കുരിശിന്റെ വഴിയും സമാപനത്തിൽ നടത്തിയ ആശുപത്രി ശുചീകരണവും വേറിട്ട ഒരു അനുഭവമായിരുന്നു. 90 യുവാക്കൾ ഈ യഞ്ജത്തിൽ പങ്കുകാരായി. ക്രിസ്തുവിന്റെ മാതൃക പിൻചെന്നുകൊണ്ട് ക്രൈസ്തവ

പാഠങ്ങൾക്ക് മാംസരൂപം നൽകുന്ന പ്രവർത്തനമാണ് കെ.സി.വൈ.എം. പ്രവർത്തകർ കാഴ്ച്ച വച്ചത്. രൂപതാ ഭാരവാഹികളായ ജിജോ തോമസ്, അഖിൽ പള്ളത്ത്, അലീന ജോയി, ആൽഫിൻ അമ്പാറയിൽ എന്നിവരും സിൻഡിക്കേറ്റ് അംഗങ്ങളായ ആന്റണി മങ്കടപ്ര, ഗ്രാലിയ, റ്റിബിൻ, ജിറ്റോ ഇമ്പാലിൽ, അഞ്ജലി ജോസഫ്, അൽജോസ്, റ്റോബി, ഫാ. സന്തോഷ് ഒറവംന്തറ, ഫാ. മനോജ് തോട്ടുംക്കര, എന്നിവരും, രൂപതയിലെ വിവിധ ഇടവകയിൽ നിന്നുള്ള കെ.സി.വൈ.എം. പ്രവർത്തകരും ശുചീകരണത്തിന് നേതൃത്വം നൽകി.

**സംസ്ഥാന ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റ്**

വരാപ്പുഴ രൂപതയുടെ നേതൃത്വത്തിൽ എറണാകുളം ആശിർഭവനിൽ വച്ച് നടന്ന കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റിംഗിൽ രൂപതാ ആനിമേറ്റർ സി. സ്മിത SABS പങ്കെടുത്തു.

രൂപതാ വൈസ്സ് പ്രസിഡണ്ടായിരുന്ന അലീന അല്ലക്കുഴ (കൽപ്പറ്റ) രാജി വച്ച സാഹചര്യത്തിൽ 12/2/2018 കൂടിയ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് മീറ്റിംഗിൽ വച്ച് റോസ് മേരി തേറുകാട്ടിലിനെ പുതിയ വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

**മേഖലാ വാർത്തകൾ**

**ദ്വാരക മേഖല**

മേഖലാ സമിതി അംഗങ്ങൾ സമരിറ്റൻ ഭവനിൽ സന്ദർശനം നടത്തി. ടീമംഗങ്ങൾ കൊണ്ടുപോയ ഭക്ഷണം അവരുമായി പങ്കുവയ്ക്കുകയും 22-ഓളം വരുന്ന അവിടുത്തെ അന്തേവാസികളോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.

**യൂണിറ്റ് വാർത്തകൾ**

**പാലേമാട് യൂണിറ്റ്**

ദേവാലയ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ഫണ്ടു സ്വരൂപിക്കുകയും തുക ഡയറക്ടർക്ക് കൈമാറുകയും ചെയ്തു. യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ വാർഡുകളിൽ രോഗീസന്ദർശനം നടത്തി. എല്ലാ ശനിയാഴ്ച്ചകളിലും വിശുദ്ധ കുർബാനയ്ക്ക് ശേഷം നടത്തിവരുന്ന ഒരു മണിക്കൂർ ആരാധന മുടക്കമില്ലാതെ തുടർന്നുകൊണ്ടുപോകുന്നു. രൂപതാ ടീമിന്റെ നേതൃത്വത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന യൂത്ത് സിനഡിൽ യൂണിറ്റിൽ നിന്നും 2 പേർ പങ്കെടുത്തു. നാരോക്കടവ് മലങ്കരപള്ളി തിരുനാൾ പ്രദക്ഷിണത്തിന് കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച്

നടന്ന മേഖലാസെനറ്റ് മീറ്റിംഗിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. എല്ലാ വെള്ളിയാഴ്ച്ചയും യൂണിറ്റ് ഭാരവാഹികൾ ഉപവസിക്കുകയും ഇതിലൂടെ ലഭിക്കുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായ് മാറ്റി വയ്ക്കുകയും ചെയ്യുന്നു.

**പാറത്തോട്ടം**

കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ കുരിശിന്റെ വഴി സംഘടിപ്പിക്കുന്നു. യൂത്ത് സിനഡിലും കാഞ്ഞിരത്തിനാൽ ഭൂസമരത്തിലും യൂണിറ്റിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു.

**കല്ലുവയൽ യൂണിറ്റ്**

ഓഖി വിദ്യാഭ്യാസ ഫണ്ടിലേയ്ക്ക് 2000 രൂപ സംഭാവന ചെയ്തു. ദ്വാരകയിൽ വച്ചു നടന്ന യൂത്ത് സിനഡിൽ 4 പേർ സംബന്ധിച്ചു. 25-2-18 ന് യുവജനങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**കയ്യൂന്നി യൂണിറ്റ്**

യുവജനവർഷ കമ്മിറ്റിയുടെ ഫൊറോന മീറ്റിംഗിന് ആതിഥേയത്വം വഹിച്ചു. എല്ലാ ഞായറാഴ്ച്ചയും യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തുന്നു. യുവജന സർവ്വേ പൂർത്തിയാക്കി.

**പുതുശ്ശേരി**

എല്ലാ രണ്ടാം ശനിയാഴ്ച്ചയും വൈകുന്നേരം 5 മണിക്ക് ജപമാല പ്രാർത്ഥന നടത്തി യുവജന വർഷത്തിനുവേണ്ടി ഒരുങ്ങുന്നു. 25/2/ ന് യുവജനങ്ങൾക്കുവേണ്ടി ഫാ. നോബിൾ പാറയ്ക്കൽ അച്ചന്റെ നേതൃത്വത്തിലുള്ള സെമിനാർ സംഘടിപ്പിച്ചു.

**സുബിൻ ജോസ് കൊഴുപ്പാംതടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

മണിമൂളി റീജിയനൽ പാസ്റ്ററൽ സെന്ററിൽ മാർച്ച് 09 മുതൽ 12 വരെ നടന്ന കോഴ്സിൽ 106 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബപ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഏപ്രിൽ 08 – 11 – പാസ്റ്ററൽ സെന്റർ ദ്വാരക
ഏപ്രിൽ 20 – 23 – പാസ്റ്ററൽ സെന്റർ ദ്വാരക
മെയ് 06 – 12 – പാസ്റ്ററൽ സെന്റർ ദ്വാരക
മെയ് 20 – 23 – പാസ്റ്ററൽ സെന്റർ ദ്വാരക

**രൂപതാ വാർത്തകൾ**

സീറോമലബാർ മാതൃവേദിയുടെ രൂപതാ എക്സിക്യൂട്ടീവിൽ രൂപതാ മേഖലാ ശാഖാ പ്രവർത്തനങ്ങൾ വിലയിരുത്തി. ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഇടവകകളിൽ മാതൃവേദി ക്രിയാത്മകമായി പ്രവർത്തിക്കുന്നു. യുവജനവർഷത്തിൽ യുവജനങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ സജീവമായി നടത്തുന്നു. ഫണ്ട് സ്വരൂപണത്തിനായി നടത്തിയ സംഭാവനാകൂപ്പൺ നറുക്കെടുപ്പ് മാർച്ച് 17 ന് നടത്തി. ഇതിന്റെ വിജയത്തിനായി സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും മാതൃവേദി ഭാരവാഹികൾക്കും അംഗങ്ങൾക്കും കൂപ്പണുകൾ എടുത്ത് സഹകരിച്ചവർക്കും ഹൃദ്യമായ നന്ദി. 1–ാം സമ്മാനം– മരിയ അമ്പലത്തിങ്കൽ ചെന്നലോട്, 2–ാം സമ്മാനം ജോസഫ് വെണ്ണാമറ്റത്തിൽ കല്ലോടി, 3–ാം സമ്മാനം മറിയം നെടുമ്പാറ നെല്ലിയോടി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

സമ്മാനം സ്പോൺസർ ചെയ്തത് 1– ചെമ്മണ്ണൂർ ജ്വല്ലേഴ്സ്, 2– ഗോഡ്ബ്ലെസ്സ് മാട്രിമണി മാനന്തവാടി രൂപത, 3– ശ്രീമതി മേരി പാലമറ്റം പയ്യംപള്ളി. നറുക്കെടുപ്പിനു മുമ്പ് കൂപ്പണുകൾ തിരികെ എത്തിച്ച എല്ലാ ഇടവകയിലെയും ഒരാൾക്ക് പ്രോത്സാഹന സമ്മാനം ഉണ്ട്.

KCBC വനിതാ കമ്മീഷൻ മലബാർ റീജിയൺ കുന്നമംഗലത്തു സംഘടിപ്പിച്ച മീറ്റിംഗിൽ രൂപതാ ആനിമേറ്റർ Rev. Sr. Dr. ജാസ്മിൻ കോയിക്കാട്ടിൽ CMC യും മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളിയും പങ്കെടുത്തു.

മരിയൻ സിംഗിൾസ് മീറ്റിംഗ് പതിവുപോലെ ഈ മാസവും ഉണ്ടായിരുന്നു. സി. മരീന SH. ക്ലാസ്സെടുത്തു.

**മാതൃവേദി**

**മണിമൂളി മേഖല**

2018 മാർച്ച് 10-ാം തീയതി മണിമൂളി പാരീഷ് ഹാളിൽ വച്ച് 2003-ന് ശേഷം വിവാഹിതരായ ദമ്പദികൾക്കുവേണ്ടി നടത്തിയ ക്ലാസ്സിൽ 84 പേർ പങ്കെടുത്തു. രാവിലെ റവ. ഫാ. സായി പാറൻകുളങ്ങര കുടുംബജീവിതത്തെക്കുറിച്ചും മക്കളുടെ ജീവിത പ്രശ്നങ്ങളെക്കുറിച്ചും ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് വണ്ടൂർ നീംസ് ഹോസ്പിറ്റലിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഷാജി കുട്ടികളെ എങ്ങനെ വളർത്തണം, സംരക്ഷിക്കണം എതിനെക്കുറിച്ച് ക്ലാസ്സെടുത്തു.

**മാനന്തവാടി മേഖല**

യുവജനവർഷത്തിൽ യുവജനങ്ങളുടെ വിവിധ നിയോഗങ്ങൾ സമർപ്പിച്ചും തീക്ഷ്ണതയുള്ള മിഷനറിമാർ യുവജനങ്ങളിൽ ഉയർന്നുവരുന്നതിനായും സഭ ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന അസ്വസ്ഥതകൾ സമർപ്പിച്ചും മാനന്തവാടി ടൗൺ പള്ളിയൽ ഫെബ്രുവരി 13-ാം തീയതി അഖണ്ഡ ജപമാല നടത്തി. മേഖലയുടെ 16 ശാഖകളിൽ നിന്നും 125 അംഗങ്ങൾ പങ്കെടുത്തു പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന് മേഖല**

നോമ്പുകാലത്തോടനുബന്ധിച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ചുങ്കക്കുന്ന് മേഖലയിലെ അമ്മമാർ കുരിശിന്റെ വഴിയും പ്രാർത്ഥനയും നടത്തി. 175 ഓളം അമ്മമാർ കേളകത്തുനിന്നും വെള്ളൂന്നി പള്ളിയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. ബഹു. ഫാ. റെജി മുതുകത്താനി വചനസന്ദേശം നൽകി. വെള്ളൂന്നി ഇടവകക്കാർ ഉച്ചഭക്ഷണം നൽകി.

**ബത്തേരി മേഖല**

മേഖലാ വാർഷികാഘോഷത്തിന്റെ ഭാഗമായി കരോൾ ഗാനമത്സരം നടത്തി. വിവിധ ശാഖകൾ കലാപരിപാടികൾ അവതരിപ്പിച്ചു, ഉച്ചഭക്ഷണം കൊണ്ടുവന്നു. മേഖലാ മാർഗ്ഗരേഖ റെവ. ഫാ.സ്റ്റീഫൻ കോട്ടക്കൽ പ്രകാശനം ചെയ്തു. മേഖലാ ഡയറക്ടർ

റവ. ഫാ. കുര്യാക്കോസ് പറമ്പിൽ അധ്യക്ഷതവഹിച്ചു. മാർഗ്ഗരേഖയുടെ വിശദീകരണം രൂപതാ പ്രസിഡണ്ട് ശ്രീമതി. ഗ്രേസി ജേക്കബ് നടത്തി. യോഗത്തിന് മേഖലാ പ്രസിഡണ്ട് ശ്രീമതി ലിസി വലിയതടത്തിൽ സ്വാഗതവും മേഖലാ അനിമേറ്റർ സി.ലൂസി SH നന്ദിയും അർപ്പിച്ചു.

**പയ്യമ്പള്ളി മേഖല**

24 ഫെബ്രുവരി 2018 –ന് മേഖലാ ആനിമേറ്റേഴ്സ് സംഗമം നടത്തി. ശ്രീ. ജോസ് പുന്നക്കുഴി പേരന്റിങ്ങ് എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സെടുത്തു. മാർച്ച് 15–ന് മേഖലാ മാതൃവേദി ഗവ. ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കുവാൻ സഹായിക്കുകയും ധനസഹായം നൽകുകയും ചെയ്തു.

**നടവയൽ മേഖല**

മാർച്ച് 8 –ന് മേഖലാ ജനറൽബോഡി നടന്നു. രൂപതാ മാർഗ്ഗരേഖ മേഖല എക്സിക്ക്യൂട്ടീവിന് പരിചയപ്പെടുത്തി. ലാസലറ്റ് സഭ ഡയറക്ടർ ബഹു. ജെൻസൻ അച്ചൻ അമ്മ കുടുംബത്തിന്റെ വിളക്ക് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**പാലേമാട്**

വെള്ളിയാഴ്ച്ചകളിൽ അമ്മമാരുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കുവേണ്ടിയും വിദ്യാർത്ഥികൾക്കുവേണ്ടിയും ഇടവകയ്ക്കുവേണ്ടിയും കരുണ കൊന്തയും തിരുഹൃദയ ജപമാലയും ചൊല്ലുന്നു. പരീക്ഷയ്ക്കൊരുങ്ങുന്ന കുട്ടികൾക്കായി അമ്മമാർ കുരിശിന്റെ വഴി നടത്തി വ്യക്തിപരമായി പ്രാർത്ഥിക്കുന്നു. വാർഷിക ധ്യാനത്തിനൊരുക്കമായി ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ചു.

**പൂളപ്പാടം**

ഫെബ്രുവരി 7–ന് ബുധനാഴ്ച്ച വനിതാ സിവിൽ പോലീസ് ഓഫീസർ ശ്രീമതി സിനിയുടെ നേതൃത്വത്തിൽ 'സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പ്രതിരോധം, പരിഹാരമാർഗ്ഗങ്ങൾ' എന്ന വിഷയത്തിൽ ശാഖയിൽ അമ്മമാർക്കായി ക്ലാസ്സ് നടത്തി. നൂറിലധികം പേർ പങ്കെടുത്തു.

**വാളേരി**

മാനന്തവാടി രൂപതയിലെ വൈദികർക്കു വേണ്ടി ആരാധന നടത്തി. സമരിറ്റൻഭവൻ സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകൾ ചെയ്തു. പിടിയരിയും പച്ചക്കറികളും ശേഖരിച്ച് 27 –ന് ജില്ലാ ആശുപത്രിയിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. ഇടവകയിലെ യുവജനങ്ങൾക്കു വേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വാർഡ്

തലത്തിൽ വീടുകളിൽ കുരിശിന്റെ വഴി നടത്തുന്നു. എല്ലാ ആദ്യ ഞായറാഴ്ച്ചകളിലും ഹൈടെക്ക് സോപ്പു പൊടി, ഹാന്റ് വാഷ്, ലിക്വിഡ് സോപ്പ് etc. എന്നിവ ഉണ്ടാക്കി വിൽക്കുന്നു. സമൂഹത്തിൽ മദ്യപാനത്തിന്റെയും ലഹരിയുടെയും മോചനത്തിനായി അമ്മമാർ ചെയിൻ ഫാസ്റ്റിംഗ് നടത്തി വരുന്നു.

**ദ്വാരക**

വാർഷിക ധ്യാനത്തിൽ അമ്മമാർ പങ്കെടുത്തു. ഫെബ്രുവരി 25–ന് വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്ന കുട്ടികളെയും കുടുംബങ്ങളെയും സമർപ്പിച്ച് പള്ളിക്കുചുറ്റുമുള്ള റോഡിലൂടെ കുരിശിന്റെ വഴി നടത്തി. യുവജനങ്ങളെ സമർപ്പിച്ച് ആരാധനയും കരുണകൊന്തയും ചൊല്ലി.

**കാവുംമന്ദം**

ഇടവക തിരുനാളിനോടനുബന്ധിച്ച് ഭക്തസംഘടനകളുടെ വാർഷികത്തിന് സംഭാവനയായി 10000/– രൂപ നൽകി. വാഴ്ത്തപ്പെട്ട റാണി മരിയായുടെ ആദ്യത്തെ തിരുനാൾ ഫെബ്രുവരി 25 –ന് സമുചിതമായി ആഘോഷിച്ചു.

**പാടിച്ചിറ**

യുവജനങ്ങൾക്കുവേണ്ടി രണ്ടാം വെള്ളിയാഴ്ച്ച ജാഗരണപ്രാർത്ഥന നടത്തി. ഫാ. ജെയ്സ് തൃക്കോയിക്കൽ കുടുംബത്തിൽ അമ്മമാർ യുവതീ യുവാക്കളോട് എങ്ങനെയായിരിക്കണം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. ജൈവപച്ചക്കറി കൃഷിയുടെ വിളവെടുപ്പു നടത്തി. വീടുകളിൽ നന്നായി അടുക്കളത്തോട്ടം ഉണ്ടാക്കിയ അംഗങ്ങളെ അഭിനന്ദിച്ചു. പൊള്ളലേറ്റ് അവശരായവരെയും വൃദ്ധമാതാപിതാക്കളെയും, കൂടാതെ 132 ഭവനങ്ങളും സന്ദർശിച്ചു. നിർധനരായവർക്ക് നൽകാനായി വസ്ത്രശേഖരണം നടത്തി. യുവജനങ്ങൾക്കുവേണ്ടി അമ്മമാർ ഉപവസിച്ച് പ്രാർത്ഥിച്ച് തറപ്പത്തുകവല കുരിശടിയിൽ നിന്ന് കുരിശിന്റെ വഴി നടത്തി.

**മരകാവ്**

ഇടവകദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ കലാകായിക സാഹിത്യ മത്സരത്തിൽ സമ്മാനങ്ങൾ കരസ്ഥമാക്കി. സ്കിറ്റും തിരുവാതിരയും അവതരിപ്പിച്ചു. ഇടവകയിലെ 700 ഓളം ഭവനങ്ങൾ സന്ദർശിക്കുകയും ഇടവക വാർഷിക ധ്യാനത്തിനായി ഒരുക്കുകയും ചെയ്തു. മേഖലയിൽ യുവജനങ്ങൾക്കായി നടത്തിയ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തു. മദ്ധ്യപ്രാർത്ഥന നടത്തുകയും കരുണകൊന്ത ചൊല്ലി എല്ലാ ദിവസവും 3.00 പ്രാർത്ഥിക്കുകയും ചെയ്തുവരുന്നു. മേഖലാ

കുരിശിന്റെവഴിയിൽ പങ്കെടുത്തു. വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി പ്രാർത്ഥിക്കുന്നു.

**പയ്യമ്പള്ളി**

എടപ്പെട്ടി ബാലസദനം സന്ദർശിക്കുകയും 5000/- രൂപ ധന സഹായം നൽകി. മാതൃവേദി അംഗങ്ങൾ നോമ്പിലെ എല്ലാ വെള്ളി യാഴ്ച്ചയും 3 മണിക്ക് എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഭവനത്തിൽ കുരി ശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. യുവജനങ്ങൾക്കുവേണ്ടി ദിവസവും കരുണകൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു.

**കോട്ടത്തറ**

5-2-18-ന് അംഗങ്ങൾ രോഗീസന്ദർശനം നടത്തി, ജപമാല സമ്മാനം നൽകി. നോമ്പാചരണവും കുരിശിന്റെ വഴിയും വൈകു ന്നേരം ദേവാലയത്തിൽ നിന്നും ആരംഭിച്ച് 14 ഗ്രോട്ടോകളിലൂടെയുള്ള കുരിശിന്റെ വഴിയിൽ പങ്കെടുക്കുന്നു. ഫെബ്രുവരി 25 -ന് വാഴ്ത്തപ്പെട്ട റാണി മരിയായുടെ തിരുനാൾ ദിനത്തിൽ ദൈവവിളി പ്രോത്സാഹന ത്തിന്റെ ഭാഗമായി ഇടവകയിലെ എല്ലാ സമർപ്പിതർക്കും വേണ്ടി ജപ മാല ചൊല്ലി പ്രാർത്ഥിച്ചു. 26-ന് വിയാനി ഭവനിൽ ബഹു. വൈദികരെ സന്ദർശിച്ചു.

**ബത്തേരി**

അമ്മമാസിക വരുത്തുന്നു. ഫെബ്രുവരി 4 -ന് ക്യാൻസർ ദിനാ ചരണത്തിന്റെ ഭാഗമായി ഇടവകയിലെ ക്യാൻസർ രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. വിശ്വാസ ജീവിതത്തിൽ നിന്നകന്നു കഴിയുന്ന യുവജനങ്ങൾക്കുവേണ്ടി ചെയിൻ റോസറി നടത്തി. 17 -ന് യുവജന ങ്ങൾക്കായി അഡോറേഷൻ കോൺവെന്റ് ചാപ്പലിൽവച്ചു യാമാരാധന നടത്തി. ലൂർദ്ദ് മാതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. വ്യക്തി ജീവിതത്തിൽ അമ്മയ്ക്കുള്ള സ്ഥാനം എന്ന വിഷയത്തെ അടി സ്ഥാനമാക്കി ലിസി കളപ്പുര ലേഖനം അവതരിപ്പിച്ചു. ഓരോ മാസവും നിശ്ചിത വചനഭാഗം അംഗങ്ങൾ മനഃപാഠമാക്കി, മാതൃവേദി പ്രാർത്ഥ നയോടനുബന്ധിച്ച് ഉരുവിട്ടുവരുന്നു. 25 -ന് വാഴ്ത്തപ്പെട്ട സി. റാണി മരിയായുടെ തിരുനാൾ ദിനം ദൈവവിളി പ്രോത്സാഹന ദിനമായി ആചരിച്ചു. സി. റാണി മരിയായുടെ ജീവിതവഴികൾ മറനീക്കി പുല്ലുവഴി യിലെ പുണ്യപുഷ്പം എന്ന ചരിത്രസ്മരണിക, ഡെയ്സി ചിരിയംകണ്ട ത്തിൽ തയ്യാറാക്കി അവതരിപ്പിച്ചു. മാർച്ച് 18 -ന് ആരംഭിക്കുന്ന ഇട വക വാർഷികധ്യാന വിജയത്തിനായി അംഗങ്ങൾ 3 വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിക്കുന്നു.

**വാഴവറ്റ**

പ്രോലൈഫ് പ്രവർത്തനങ്ങൾക്ക്‌വേണ്ടി തിരുഹൃദയ ജപമാല, യുവജനങ്ങൾക്ക്‌വേണ്ടി കരുണയുടെ ജപമാല എന്നിവ നടത്തി. രോഗീസഹായം നൽകി. പ്രാർത്ഥിക്കാൻ ഒരു കുടുംബത്തെ തിരഞ്ഞെടുത്തു- കുടുംബ സുഹൃത്ത്. പത്രശേഖരണം നടത്തി. ജൈവപച്ചക്കറി വിൽപ്പന നടത്തി. ദൈവവിളി പ്രോത്സാഹനദിനം പ്രത്യേക പ്രാർത്ഥന നടത്തി. അഖണ്ഡ ജപമാല, ജാഗരണ പ്രാർത്ഥന നടത്തി.

**പോരൂർ**

യുവജനങ്ങൾക്കുവേണ്ടി എല്ലാ ദിവസവും കരുണകൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു. പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കുതിനുവേണ്ടി ചിട്ടി നടത്തുന്നു. മുൻ ചെയർ പേഴ്സണായ സി.ഡി.എസ് റോസമ്മ കാരിക്കാട്ട് സംഘടനാ പ്രവർത്തനങ്ങളുടെ പ്രാധാന്യവും കുടുംബങ്ങളിലെ ആത്മീയതയും എന്ന വിഷയത്തെ ആധാരമാക്കി ക്ലാസ്സ് നയിച്ചു. മാനന്തവാടി മേഖല വാളാട് നിന്നും പ്രശാന്തഗിരിയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. മൂന്നു വാർഡുകളിലെ കുടുംബങ്ങൾ മാനന്തവാടി ഗവ. ആശുപത്രിയിലെ രോഗികൾക്ക് ഭക്ഷണം നൽകുന്നതിനായി 4300/- രൂപ നൽകി.

**പാറത്തോട്ടം**

തനിയെ താമസിക്കുന്ന മാനസികരോഗിയെ അംഗങ്ങൾ സന്ദർശിച്ചു. മരണവീട് സന്ദർശിക്കുകയും രാത്രിയിൽ കുറച്ചു പേർ പ്രാർത്ഥിക്കുകയും മൃതസംസ്ക്കാര ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. പ്രായമായ അമ്മച്ചിയുടെ വീടു വൃത്തിയാക്കുകയും വസ്ത്രം കഴുകി കൊടുക്കുകയും കുമ്പസാരിക്കുവാനും കുർബാന സ്വീകരിക്കുവാനുമുള്ള അവസരം ക്രമീകരിച്ചു.

**കാരയ്ക്കാമല**

ഇടവകതിരുനാളിന് സഹകരിച്ചു. ഫണ്ട് സ്വരൂപിക്കുന്നതിനായി തിരുനാൾ ദിവസം ഐസ്ക്രീം സ്റ്റാൾ നടത്തി. രോഗീസന്ദർശനം നടത്തുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. മാനന്തവാടി ഗവ. ആശുപത്രിയിലെ രോഗികൾക്ക് എല്ലാ മാസവും മൂന്നാമത്തെ തിങ്കളാഴ്ച്ച നൽകിവരുന്ന ഭക്ഷണത്തിനുള്ള തുക സെന്റ് വിൻസെന്റ് വാർഡിലെ കുടുംബങ്ങൾ സമാഹരിച്ചു നൽകി.

**കല്ലുവയൽ**

ഇടവകയിൽ നടന്ന ഹോം മിഷന്റെ വിജയത്തിനായി നടത്തിയ പ്രാർത്ഥനയിൽ അമ്മമാർ സംബന്ധിച്ചു. കിടപ്പു രോഗികളെയും പ്രായ

മായ മാതാപിതാക്കളെയും സന്ദർശിച്ചു. വിൻസെന്റ് ഡി പോൾ അംഗങ്ങളോട് ചേർന്ന് ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കാൻ സഹായിക്കുകയും രോഗികളെ സന്ദർശിക്കുകയും ചെയ്തു.

**കയ്യൂന്നി**

പഴൂർ വൃദ്ധസദനം സന്ദർശിച്ച് 25500/- രൂപ സഹായധനമായി നൽകി അവർക്കു വേണ്ടി പ്രാർത്ഥിച്ചു. കിടപ്പുരോഗികളെ സന്ദർശിച്ചു. യുവജനങ്ങൾക്കു വേണ്ടി എല്ലാ ഞായറാഴ്ച്ചയും 6.30 -ന് അമ്മമാർ കുരിശിന്റെ വഴി നടത്തി പ്രാർത്ഥിക്കുന്നു. വിദ്യാർത്ഥികൾക്കുവേണ്ടി പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി. വാ. റാണിമരിയായുടെ ഇടവക ദേവാലയമായ പുല്ലുവഴി ഇടവകയിൽ മാതൃവേദി അമ്മമാർ സന്ദർശിച്ച് ദൈവവിളിക്കുവേണ്ടി പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന്**

ഈ മാസം മരിച്ചുപോയ എല്ലാവരുടെയും ഭവനങ്ങൾ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു. വിവാഹം നടക്കാത്ത യുവജനങ്ങൾക്കുവേണ്ടി ദേവാലയത്തിനു ചുറ്റും മുട്ടിൻമേൽ നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വി. യൗസേപ്പു പിതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കുതിനുവേണ്ടി വണക്കമാസ പുസ്തകം 100 ഭവനങ്ങളിൽ എത്തിച്ചു കൊടുത്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സാമൂഹ്യ സേവനരംഗം (WSSS)

**1. ഇലക്ട്രിക വീലുകൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് അഭിമാന നിമിഷം. തലമുറകളായി കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന 40 കുടുംബങ്ങൾക്ക് തീർത്തും സൗജന്യമായി ഇലക്ട്രിക വീലുകൾ വിതരണം ചെയ്തു. നാളിതുവരെ കഠിനമായ കായികശേഷി ഉപയോഗിച്ചാണ് ഇവർ മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നത്. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനാണ് ഈ പദ്ധതി അനുവദിച്ചത്. ഇതിനോടനുബന്ധിച്ച് ഒരാഴ്ച നീണ്ടുനിന്ന പരിശീലനവും നൽകി. യന്ത്രങ്ങളുടെ വിതരണ ഉദ്ഘാടനം ഭാരതസർക്കാർ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ സൗത്ത് സോൺ മെമ്പർ ശ്രീ. ചന്ദ്ര മൗലജി നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. കെ.വി.ഐ.സി. ഡെവലപ്പ്മെന്റ് ഓഫീസർ അശോകൻ, മാനന്തവാടി മുൻസിപ്പൽ കൗൺസിലർ ഉണ്ണി, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ. എന്നിവർ സംസാരിച്ചു.

**2. കോളി ഹിൽസ്, ഊട്ടി എന്നിവ കൺകുളിർക്കെ കണ്ട് അവർ തിരിച്ചെത്തി**

വയനാട്ടിൽ നിന്നും 80 ആദിവാസി നേതാക്കൾ രണ്ടു ദിവസത്തെ കോളിഹിൽസ്, ഊട്ടി പഠനയാത്ര കഴിഞ്ഞു തിരിച്ചെത്തി. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, ജീവന സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ് സുൽത്താൻ ബത്തേരി, ഫ്ളയിം കേരള എന്നിവ കഴിഞ്ഞ 5 വർഷങ്ങളായി വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ആദിവാസി നേതാക്കന്മാരാണ് പഠനയാത്രയിൽ പങ്കെടുത്തത്. തമിഴ്നാട്ടിലെ നാമക്കൽ ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശമായ കോളി ഹിൽസിലെ ആദിവാസികളുടെ കൃഷിയിടങ്ങൾ ഏറെ പ്രചോദനം

നൽകുന്നതായിരുന്നു എന്ന് ടീം അംഗങ്ങൾ സാക്ഷ്യപ്പെടുത്തി. കൂടാതെ ഊട്ടിയും ഭൂരിഭാഗം പേർക്കും പുത്തൻ അനുഭവമായിരുന്നു. പഠനയാത്രയ്ക്ക് മീനാക്ഷി, സുരേഷ് പാലോട്ട്, നൗഷിക്ക്, ലെനീഷ്, സോഫി, ഷാജുമോൻ, ബിജു എന്നിവർ നേതൃത്വം നൽകി.

**3. ദേശീയ ശില്പശാലയുടെ ഭാഗമായി വികസന പ്രവർത്തകർ ബയോവിൻ അഗ്രോ റിസർച്ച് സന്ദർശിച്ചു**

നബാർഡിന്റെ നേതൃത്വത്തിൽ കോഴിക്കോട് ഹോട്ടൽ മലബാർ പാലസിൽ വെച്ച് പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തിയ ദേശീയ ശില്പശാലയുടെ ഭാഗമായി വികസന പ്രവർത്തകർ ബയോവിൻ അഗ്രോ റിസർച്ച് സന്ദർശിച്ചു. പ്രകൃതി വിഭവങ്ങളെ ഫലപ്രദമായി സംരക്ഷിച്ചുകൊണ്ട് കർഷകർക്ക് ഏറെ പ്രയോജനകരമായ രീതിയിലാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നൽകുന്ന ബയോവിൻ അഗ്രോ റിസർച്ച് പ്രവർത്തിക്കുന്നതെന്ന് ടീം അഭിപ്രായപ്പെട്ടു. പ്രകൃതി വിഭവ സംരക്ഷണ മേഖലയിൽ ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളിലെ പ്രവർത്തകരും നബാർഡ് ഉദ്യോഗസ്ഥരുമാണ് ടീമിൽ ഉണ്ടായിരുന്നത്. സന്ദർശനത്തിന് മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം കോ ഓർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പള്ളിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ., നബാർഡ് ജില്ലാ ജനറൽ മാനേജർ എൻ.എസ്.സജികുമാർ എന്നിവർ നേതൃത്വം നൽകി.

**4. ജർമ്മൻ ടീം ബയോവിൻ അഗ്രോ റിസേർച്ച്, മട്ടിലയം നീർത്തട പ്രദേശം എന്നിവ സന്ദർശിച്ചു**

ഇന്ത്യയിൽ ജർമ്മൻ ബാങ്ക് ആയ കെ.എഫ്.ഡബ്ല്യുവിന്റെ സാമ്പത്തിക സഹായത്തോടെ നബാർഡ് കഴിഞ്ഞ കാലങ്ങളിൽ പ്രകൃതി വിഭവ സംരക്ഷണ മേഖലയിൽ നടപ്പിലാക്കിവരുന്ന വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജർമ്മനിയിൽ നിന്നുള്ള ടീം ബയോവിൻ അഗ്രോ റിസേർച്ച്, മട്ടിലയം നീർത്തട പ്രദേശം എന്നിവ സന്ദർശിച്ചു. മട്ടിലയം നീർത്തട പ്രദേശം സന്ദർശിച്ച ടീം അംഗങ്ങൾ നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. ബയോവിൻ അഗ്രോ റിസേർച്ച് കാർഷിക മേഖലയിൽ നൽകുന്ന മാതൃക ഏറെ ശ്ലാഘനീയമാണെന്ന് ടീം അഭിപ്രായപ്പെട്ടു. സന്ദർശനത്തിന് നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ഭാസ്കരൻ, ജില്ലാ മാനേജർ സജികുമാർ, മാനന്തവാടി രൂപത സാമൂഹ്യ സേവന വിഭാഗം കോ ഓർഡിനേറ്റർ

റവ. ഫാ. പോൾ കൂട്ടാല, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ.ബിജോ കറുകപ്പള്ളിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ നേതൃത്വം നൽകി.

**5. പേപ്പർ ബാഗ് നിർമ്മാണം പരിശീലനം നടത്തി**

ഇന്ന് പ്രകൃതിക്ക് വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് കവറുകൾക്ക് ഒരു ബദൽ എന്ന രീതിയിൽ പേപ്പർ ബാഗ് നിർമ്മാണത്തിൽ വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി വനിതാ സ്വാശ്രയ അംഗങ്ങൾക്ക് പരിശീലനം നൽകി. നബാർഡിന്റെ സംരംഭ കത്വ പരിശീലനത്തിൽ ഉൾപ്പെടുത്തിയാണ് തിരഞ്ഞെടുക്കപ്പെട്ട 30 വനി തകൾക്ക് പരിശീലനം നൽകിയത്. പരിശീലനം റവ.ഫാ. ഷാജി മുളകു ടിയാങ്കൽ ഉദ്ഘാടനം ചെയ്തു. ഫാ. അനീഷ്, ഫാ. ടോണി എന്നിവർ സംസാരിച്ചു. സംരംഭങ്ങളുടെ ആവശ്യകത എന്ന വിഷയത്തിൽ വയ നാട് സോഷ്യൽ സർവീസ് സൊസൈറ്റി കോ ഓർഡിനേറ്റർ ശ്രീ. തോമസ് പി.ഡി ക്ലാസ്സ് എടുത്തു. പേപ്പർ ബാഗ് നിർമ്മാണത്തിന് ശ്രീമതി ലിജി സജു, സി.ജസ്ന എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി.

**6. പാഴ്‌വസ്തുക്കളിൽ നിന്നും മനോഹരമായ പുഷ്പങ്ങൾ, ഇവ വയനാടിന് പുത്തൻ പ്രതീക്ഷ നൽകുന്നു**

ഉപയോഗശൂന്യമെന്ന് കരുതിയ പാള, തെങ്ങിൻ മടൽ, ഉപയോഗ ശൂന്യമായ തെങ്ങിൻ പൂക്കൊല തുടങ്ങിയവയിൽ വിരിയുന്നത് ഒന്നാം തരം പുഷ്പങ്ങൾ. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വനിതാ സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച ഡ്രൈ ഫ്ളവർ മേക്കിങ് പരിശീലനം ഏറെ പ്രതീക്ഷ നൽകുന്നു. വയനാട് ജില്ലയിലെ സുലഭമായി ലഭിക്കുന്ന പാള, തെങ്ങിന്റെ ഭാഗങ്ങൾ, മുള തുടങ്ങിയവ ഉപയോഗിച്ച് വൈവിധ്യങ്ങളായ ഡ്രൈ ഫളവർ ആണ് ഈ പരിശീല നത്തിലൂടെ നിർമ്മിക്കുന്നത്. വയനാട്ടിലെ ടൂറിസം സാധ്യതകൾ കണ ക്കിലെടുക്കുമ്പോൾ വനിതകൾക്ക് വേഗത്തിൽ തുടങ്ങാൻ സാധിക്കു ന്നതും വർദ്ധിച്ച വരുമാനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ ഒരു സ്വയം തൊഴിൽ സംരഭമാണ് ഡ്രൈ ഫ്ളവർ മേക്കിംങ്. വയനാട് ജില്ല യിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 30 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനം മാനന്തവാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ ഡയറക്ടർ റവ. ഫാ. ബിജോ കറു കപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ നബാർഡ് ജില്ലാ മാനേജർ എൻ.എസ്. സജികുമാർ ഉദ്ഘാടനം ചെയ്തു. WSSS പ്രോഗ്രാം ഓഫീസർ ജോസ്

പി.എ, കോർഡിനേറ്റർ തോമസ്, സി. ആനി ജോസ് എന്നിവർ സംസാരിച്ചു. പരിശീലനത്തിന് എറണാകുളം സ്വദേശിനികളായ കുഞ്ഞുമോൾ, സിസിലി എന്നിവർ നേതൃത്വം നൽകി.

**7. പങ്കെടുത്തു**

നബാർഡിന്റെ നേതൃത്വത്തിൽ കോഴിക്കോട് ഹോട്ടൽ മലബാർ പാലസിൽ വെച്ച് പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തിയ ദേശീയ ശില്പശാലയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പങ്കെടുത്തു.

**ജീവസ് കുടുംബ ഇൻഷുറൻസ് പദ്ധതി**

മാനന്തവാടി രൂപതയിൽ ജീവസ് കുടുംബ ഇൻഷുറൻസ് പദ്ധതിയ്ക്ക് തുടക്കമായി. കുടുംബങ്ങളുടെ സമഗ്ര ആരോഗ്യസുരക്ഷ ലക്ഷ്യം വെച്ചാണ് ജീവസ് കുടുംബ ഇൻഷുറൻസ് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നത്. സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നത് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ്.

3000 രൂപയ്ക്ക് ആറ് പേർ അടങ്ങുന്ന കുടുംബത്തിന് 1 ലക്ഷം രൂപയുടെ ചികിത്സ നൽകുന്നതാണ് ഈ പദ്ധതി. 5 മാസം പ്രായം മുതൽ 70 വയസുവരെ പ്രായമുള്ളവർക്ക് ഇതിൽ അംഗത്വം ലഭിക്കും. 2018 മാർച്ച് അവസാനത്തോടെ 2000 കുടുംബങ്ങളെയെങ്കിലും ചേർക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനുള്ള സജീവ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## DDU - GKY

കേന്ദ്രഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്.

വിവിധ കോഴ്സുകളിലായി 400 ഓളം കുട്ടികളെ പരിശീലിപ്പിക്കാനും അവർക്ക് വിദേശത്തും സ്വദേശത്തും ജോലി നൽകാനും സാധിച്ചു.

ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ നൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട് ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

ഫുഡ് പ്രോസസ്സിംഗ് & പ്രെസർവേഷൻ കോഴ്സിൽ വിജയകരമായി പഠനം പൂർത്തിയാക്കിയ ഒരു കുട്ടിക്ക് മലേഷ്യയിൽ ജോലി നൽകുവാൻ സാധിച്ചു. കുടുംബശ്രീയുമായി ചേർന്ന് രണ്ടാമത്തെ കോൺവൊക്കേഷൻ പരിപാടിയും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ഫാഷൻ ഡിസൈൻ ബാച്ചിന്റെ മനോഹരമായ യാത്ര അയപ്പും വിവിധ ബാച്ചിന്റെ പരീക്ഷയും നടത്തി.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്.

**സേവ് എ ഫാമിലി പ്ലാൻ**

മാനന്തവാടി രൂപതയിൽ സേവ് എ ഫാമിലി പ്ലാൻ പ്രവർത്തനങ്ങൾ മാതൃകാപരമായി മുന്നേറുന്നു. 315 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗങ്ങളാണ്.

**സന്ദർശനം നടത്തി**

സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയിൽ നിന്നുള്ള പ്രതിനിധി ശ്രീമതി അനു മാത്യൂസ് ഗുണഭോക്തൃ കുടുംബങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടവ സന്ദർശിക്കുകയും ഇതോടനുബന്ധിച്ച രേഖകൾ പരിശോധിക്കുകയും ചെയ്തു. സേവ് എ ഫാമിലി പ്ലാൻ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങളിൽ ഇവർ സംതൃപ്തി രേഖപ്പെടുത്തി.

സേവ് എ ഫാമിലി പ്ലാനിന്റെ മേഖലാതല യോഗങ്ങൾ മാർച്ച് 20-ാം തീയതി പുൽപ്പള്ളി മേഖലയുടേത് മുള്ളൻകൊല്ലിയിൽ വച്ചും 21-ാം തീയതി മാനന്തവാടി, കൽപ്പറ്റ മേഖലയുടേത് WSSS ൽ വച്ചും നടത്തപ്പെടും.

**ജലനിധി**

**സ്കൂൾ സാനിറ്റേഷൻ പദ്ധതി ഉദ്ഘാടനം ചെയ്തു**

എടവക ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ഭാഗമായി സ്കൂൾ സാനിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്മന നവോദയ എൽ.പി. സ്കൂളിനുവേണ്ടി നിർമ്മിച്ച സാനിറ്റേഷൻ ബ്ലോക്ക് എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷാ വിജയൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. നജ്മുതീൻ മൂടമ്പത്ത് അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി മുഖ്യ പ്രഭാഷണം നടത്തി.

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി**

പാരമ്പര്യ കുരുമുളകിനങ്ങൾ കണ്ടെത്തുന്നതിനായി ഫീൽഡ് സർവ്വെയും, നടീൽ വസ്തുക്കളുടെ ശേഖരണവും നടത്തി. പേരിയ, പടിഞ്ഞാറത്തറ തുടങ്ങിയ സ്ഥലങ്ങളിൽ സർവ്വേകൾ നടത്തി. ബാലൻകൊട്ട (വെള്ള), പാലാഇനം, മഞ്ഞമുണ്ടി എന്നീ ഇനങ്ങളുടെ നടീൽ വസ്തുക്കൾ ശേഖരിക്കുകയും നഴ്സറിയിൽ നട്ടുവളർത്തുകയും ചെയ്തു. ജീരകമുണ്ടി, കല്ലുവള്ളി, പിരിയൻകല്ലുവള്ളി, കരിമുണ്ടി, പെരുംകൊടി തുടങ്ങിയ ഇനങ്ങളുടെ നഴ്സറി തൈകൾ ഉത്പ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. നഴ്സറിയിൽ നട്ടുവളർത്തിയിട്ടുള്ള മാതൃസസ്യങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിച്ചുകൊണ്ട് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. തോട്ടത്തിൽ ജലസേചനം നടത്തുവാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. Driping System തോട്ടത്തിൽ സ്ഥാപിച്ചു.

നിലവിലുള്ള ബൊട്ടാണിക് ഗാർഡന്റെ നവീകരണത്തിനായി ഔഷധസസ്യങ്ങൾ ശേഖരിക്കുകയും നഴ്സറിയിൽ നട്ടുവളർത്തുകയും ചെയ്തു. കാട്ടുപാവൽ (Mimordica SPS), വെള്ളതഴുതാമ (Boerhavia) വെള്ള ഉഴിഞ്ഞ (cardiospermium) തുടങ്ങിയ ഇനങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. നിലവിലുള്ള ബോട്ടാണിക് ഗാർഡനുകളിലെ നിയന്ത്രണം, ജൈവളപ്രയോഗങ്ങൾ എന്നിവയ്ക്കൊപ്പം മറ്റുനവീകരണ പ്രവർത്തനങ്ങളും നടത്തി. കുളം വൃത്തിയാക്കുന്നതിനോടൊപ്പം, കുളത്തിന്റെ ആഴം വർദ്ധിപ്പിച്ചുകൊണ്ട് കുളത്തിന്റെ ജലസംഭരണശേഷി

വർദ്ധിപ്പിച്ചു. കർഷകർക്ക് ജൈവവളം ലഭ്യമാക്കുന്നതിനായി വരാണസി കമ്പോസ്റ്റ് നിർമ്മാണവും നടത്തി.

**ജനകീയ സംഘാടനം**

സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ ഫൊറോനകൾ കേന്ദ്രീകരിച്ച് റീജണൽ സമ്മേളനങ്ങൾ നടത്തുന്നു. ഫെബ്രുവരി 13-ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി ഫൊറോനയുടെ കീഴിലുള്ള സമ്മേളനം മാനന്തവാടി രൂപതയുടെ സാമൂഹ്യസേവനവിഭാഗം ഡയറക്ടർ ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ ഫാ. ജിനോജ് പാലത്തടം, ശ്രീ. ജോസ് പി.എ. തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

16-ാം തീയതി കല്ലോടി, 19-ാം തീയതി ദ്വാരക, 21-ന് ചുങ്കക്കുന്ന്, 22-ന് പയ്യംപള്ളി, 23-ന് മുള്ളൻകൊല്ലി, 28-ന് നടവയൽ, മാർച്ച് 5-ന് കൽപ്പറ്റ- തരിയോട്, ഫൊറോനകളുടെയും സമ്മേളനങ്ങൾ വിവിധ സ്ഥലങ്ങളിൽ വച്ച് നടത്തപ്പെട്ടു. വനിതാസ്വാശ്രയസംഘങ്ങൾക്ക് വിവിധ ബാങ്കുകളിൽ നിന്നായി 12 ലക്ഷം രൂപയോളം വായ്പ ലഭിക്കുകയുണ്ടായി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്നു. കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**മേഖല മീറ്റിംഗ്**

കേരളാ-ലേബർ മൂവ്മെന്റിന്റെ മേഖല മീറ്റിംഗ് ഫെബ്രുവരി 19-ാം തീയതി താമരശ്ശേരി ബിഷപ്പ് ഹൗസിൽ നടന്നു. KLM രൂപതാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, സി. ലില്ലി സി.എം.സി. സി. അനീറ്റ എഫ്.സി.സി., സി. വിനീത എസ്.എച്ച്., സി. ബെർനിറ്റ് എം.എസ്.ഐ. എന്നിവർ പങ്കെടുത്തു.

കുടിയേറ്റ തൊഴിലാളികൾക്കായി 'ആവാസ് തൊഴിൽ പദ്ധതി' രൂപപ്പെടുത്തുവാനും വിവിധ സമൂഹങ്ങളിലെ സിസ്റ്റേഴ്സ് KLM ഭാരവാഹികൾ എന്നിവരുടെ യോഗങ്ങൾ ചേരുവാനും തീരുമാനിച്ചു.

**ഭാരവാഹികളുടെ ഒത്തുചേരൽ & ഫോറം മീറ്റിംഗ്**

കേരള ലേബർ മൂവ്മെന്റ് യൂണിറ്റ് ഭാരവാഹികളുടെ മീറ്റിംഗ് മാർച്ച് 12-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ നടന്നു. രൂപതാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ.ഫാ. പോൾ കൂട്ടാല,

റവ.ഫാ. ജിനോജ് പാലത്തടത്തിൽ, റവ. ഫാ. ബിജോ കറുകപ്പള്ളി, കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ പങ്കെടുത്തു.

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി, ക്ഷേമനിധികളിലെ മാറിവരുന്ന നയങ്ങൾ എന്നിവയെകുറിച്ച് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസെടുത്തു. കെ.എൽ.എം. കോർഡിനേറ്റർ മിനി റിപ്പോർട്ട് അവതരിപ്പിച്ചു. കെ.എൽ.എം. ന്റെ കീഴിൽ പുതിയതായി ചേർന്ന കേരളാ അഗ്രികൾച്ചറൽ വർക്കേഴ്സ് ഫോറത്തിന്റെ പാസ്സ്ബുക്കുകൾ വിതരണം റവ.ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു.

**വസ്ത്ര ശേഖരണം**

സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കെ.എൽ.എം. ന്റെ നേതൃത്വത്തിൽ വസ്ത്രശേഖരണം നടത്തി. ഇങ്ങനെ സമാഹരിച്ച വസ്ത്രങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിവഴി ആവശ്യക്കാർക്ക് വിതരണം ചെയ്തുവരുന്നു.

**സെമിനാർ**

വിവിധ സന്യാസിനി സമൂഹങ്ങളിലെ സോഷ്യൽ സർവ്വീസ് കൗൺസിലേഴ്സിന്റെ യോഗം കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ 12-3-2018 ന് 3 മണിക്ക് WSSS ഓഡിറ്റോറിയത്തിൽ നടന്നു. കെ.എൽ.എം. സംസ്ഥാന പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ റവ. ഫാ. ബിജോ കറുകപ്പള്ളി, ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ നേതൃത്വം നൽകി.

സി. മെറീന SKD, സി. മേരി ജോർജ്ജ് SH, സി. അനിത SH, സി. ഫിലോ SCV, സി. കൃപ FCC, സി. സവിത SCV, സി. ആൽഫി SCV, സി. ഇന്നസെന്റ് MSMI എന്നിവർ പങ്കെടുത്തു.

വിവിധ സന്യാസിനി സമൂഹങ്ങളിൽ നടത്തപ്പെടുന്ന സാമൂഹ്യസേവന പ്രവർത്തനങ്ങൾ എങ്ങനെ ഏകോപിപ്പിക്കാം എന്ന് ചർച്ച നടത്തി. ജീവസ് ജീവകാരുണ്യ പദ്ധതി KLM പ്രവർത്തനങ്ങൾ കുടിയേറ്റ തൊഴിലാളികൾക്കായുള്ള 'ആവാസ് തൊഴിൽ പദ്ധതി' തുടങ്ങിയ സാമൂഹികസുരക്ഷ സംവിധാനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രാധാന്യം യോഗം വിലയിരുത്തി.

**ഫാ. ബിജോ കറുകപ്പള്ളി**

ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിളകൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ഫെബ്രുവരി മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു.

**കർഷകഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണരീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും, മീറ്റിംങ്ങുകളിൽ റീജണൽ കോർഡിനേറ്റർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പ്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ നടപടികൾ കൃഷിയിടങ്ങളിലും ആവശ്യമായ രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ രമ്യയുടെ നേതൃത്വത്തിലും നടന്നുവരുന്നു.

**സെമിനാർ സംഘടിപ്പിച്ചു**

വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചു. ജൈവ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-സംഭരണ-വിപണന രീതികൾ,

ഫെയർട്രേഡ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. മണ്ണ് പരിശോധന, ജൈവവള നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകി.

**വോഫ (WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ)**

വയനാടു സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ-ഫെയർ ട്രേഡ് കർഷക സംഘടനയായ വോഫ 2018 ഫെബ്രുവരി മാസത്തിൽ കർഷകർക്ക് ആവശ്യമായ പ്രവർത്തനങ്ങളുമായി വിവിധ പ്രവർത്തനങ്ങൾ നടത്തി.

**ഡോളോമൈറ്റ് വിതരണം (Dolomite distribution)**

മണ്ണിന്റെഘടന നിലനിർത്തുന്നതിനും ഫലപുഷ്ടിപ്പെടുത്തുന്നതിനുമായി 2018 ഫെബ്രുവരി മാസം 40,000 കിലോ ഡോളോമൈറ്റ് കർഷകരുടെ ആവശ്യപ്രകാരം വിതരണം ചെയ്തു.

**സബ്സിഡി വിതരണം**

വോഫയിൽ അംഗത്വമുള്ളതും കുരുമുളക് കൃഷി പ്രധാനമായും ചെയ്യുന്ന കർഷകർക്ക് ഏണി വാങ്ങുന്നതിന് 1500 രൂപ വീതം സബ്സിഡി നൽകി. 133 കർഷകർക്കായി 2,00,000 രൂപ വിതരണം ചെയ്തു.

**ഭവന പുനരുദ്ധാരണ പദ്ധതി**

വോഫയിൽ നിന്നും നിർദ്ധനരും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരുമായ അപേക്ഷകരുടെ ഭവനങ്ങൾ സന്ദർശിക്കുകയും 28 കുടുംബങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ നൽകുകയും  ഈ പദ്ധതിക്കായി 13 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**മൈനോറിറ്റി ഗ്രൂപ്പ് ആക്ടിവിറ്റി**

വോഫയുടെ കർഷക ഗ്രൂപ്പുകളിൽ ആദിവാസി വിഭാഗത്തിൽപ്പെടുന്ന കർഷകർക്കായി മുൻവർഷത്തേതുപോലെ 2018 ൽ അരിക്കളം കോളനിയിലെ ആദിവാസി വിഭാഗത്തിൽപ്പെടുന്ന കർഷകരുടെ യോഗം വിളിച്ചു ചേർക്കുകയും യോഗ തീരുമാനപ്രകാരം 5 HP മോട്ടറും പൈപ്പും വാങ്ങി നൽകുന്നതിനും ഗ്രൂപ്പിലെ കർഷകരുടെ തോട്ടങ്ങളിൽ ജലസേചന സൗകര്യമൊരുക്കുന്നതിനും തീരുമാനിച്ചു. ആയതിലേക്ക് 50,000 രൂപ വകയിരുത്തി.

**കഫേ (കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ്)**

**ചികിത്സാ സഹായം**

സംഘടയുടെ കാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി സംഘട

നയിൽ അംഗങ്ങളായവരും ക്യാൻസർ രോഗ ബാധിതരുമായ 25 കർഷകർക്ക് 7600 രൂപ വീതം 190000 രൂപ വിതരണം ചെയ്യുകയുണ്ടായി.

**ബോണസ് വിതരണം**

ഫെബ്രുവരി മാസം കർഷകരിൽ നിന്നും ഉത്പ്പന്നം സംഭരിച്ചതുവഴി കർഷകർക്ക് 1261784.9 രൂപ അധികവിലയായി നൽകുകയുണ്ടായി. കർഷകരിൽ നിന്നും സംഭരിച്ച ഓരോ കിലോ ഗ്രാം ഉത്പ്പന്നത്തിനും (കാപ്പി) മാർക്കറ്റ് വിലയ്ക്ക് പുറമേ 3 രൂപയാണ് അധികവിലയായി നൽകിയത്.

**ബയോവിൻ അഗ്രോ റിസർച്ച്**

ജൈവ-ഫെയർട്രേഡ് ഉൽപ്പന്നങ്ങൾ സംഭരിക്കുകയും സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി ഇന്ത്യയിലും വിദേശവിപണികളിലും വിപണനം നടത്തുന്ന ബയോവിൻ അഗ്രോ റിസർച്ച് 2018 ഫെബ്രുവരി മാസത്തിൽ കാപ്പി, കുരുമുളക്, ഏലം, മഞ്ഞൾ, ഇഞ്ചി എന്നീ ഉത്പ്പന്നങ്ങൾ കർഷകരിൽ നിന്നും സംഭരിക്കുകയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, ബ്രിട്ടൻ, അമേരിക്ക എന്നീ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുകയും ചെയ്തു.

**അന്താരാഷ്ട്ര സെമിനാർ, പ്രദർശനങ്ങൾ**

2018 ഫെബ്രുവരി മാസം 14 മുതൽ 17 വരെ ജർമ്മനിയിൽ വെച്ചു നടന്ന 'ബയോഫാക് 2018' ഗ്രേഡ് ഫെയറിൽ ബയോവിൻ അഗ്രോറിസർച്ച് മാനേജിംഗ് ഡയറക്ടർ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ, മാർക്കറ്റിംങ്ങ് മാനേജർ ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ പങ്കെടുക്കുകയും സുഗന്ധവ്യഞ്ജനങ്ങൾ, ഫ്രീസ് ഡ്രൈഡ് (Freez dried) പഴവർഗ്ഗങ്ങൾ ഇറക്കുമതി ചെയ്യുന്ന കമ്പനികളുടെ പ്രതിനിധികളെ സന്ദർശിക്കുകയും ഓഡറുകൾ എടുക്കുകയും ചെയ്തു.

2018 ഫെബ്രുവരി മാസം 20 മുതൽ മാർച്ച് മാസം 19 വരെ ഫെയർട്രേഡ് ഫൗണ്ടേഷൻ (Fairtrade Foundation) സംഘടിപ്പിച്ച പരിശീലന, ഫെയർ ട്രേഡ് പ്രമോഷൻ പരിപാടികളിൽ ബയോൻ അഗ്രോ റിസർച്ച് മാനേജിംഗ് ഡയറക്ടർ റവ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ ബ്രിട്ടനിൽ വെച്ച് നടന്ന പരിപാടിയിൽ പങ്കെടുത്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ഈസ്റ്റർ ആശംസകൾ**

ഉത്ഥാനമഹോത്സവത്തിന്റെ ആശംസകൾ! പുനരുത്ഥാനത്തിനായി മനുഷ്യമനസ്സുകളെ സജ്ജമാക്കുക എന്ന സംഘടിത ശ്രമമാണ് റേഡിയോമാറ്റൊലി നിർവ്വഹിക്കുന്നത്. നിർജീവതയിൽ നിന്നും സജീവതയിലേക്കുള്ള ഉയിർത്തെഴുന്നേൽപ്പിനാണ് നാം തേരുതെളിക്കുന്നത്. അൻപിന്റെ, ആർദ്രതയുടെ, ദയയുടെ, കരുണയുടെ ജൈത്രയാത്ര അനുസ്യൂതം തുടരണം. അടുത്തു വസിക്കണം സർവ്വരും. ആരും മാറ്റി നിർത്തപ്പെടരുത്. നമ്മുടെ മുന്നേറ്റത്തിന് പാഥേയമാണ് പ്രവാചക ശബ്ദം. നിന്റെ പുരാതന നഷ്ടശിഷ്ടങ്ങൾ പുനരുദ്ധരിക്കപ്പെടും. അനേകം തലമുറകളുടെ അടിസ്ഥാനം നീ പണിതുയർത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയുമാകും നീ. (ഏശയ്യ 58) മനുഷ്യമനസ്സുകളുടെ സൗഹൃദവും സൗന്ദര്യവും പൂത്തുലയുന്ന പൂവാടിയാകട്ടെ നമ്മുടെ നാട്. നീതിയുടെ നീർചാലിലൂടെ ഒഴുകിയെത്തട്ടെ വികസനവും സമാധാനവും സകലരിലേക്കും. നന്മയെ പുനരുദ്ധരിക്കാനും നവമായി പണിതുയർത്താനും നമുക്കൊന്നായ് മുന്നേറാം.

**മാനേജ്മെന്റ് കമ്മിറ്റി**

മാർച്ച് 11 ന് മാറ്റൊലി മാനേജ്മെൻറ് കമ്മിറ്റി ചെയർമാൻ മോൺസിഞ്ഞോർ അബ്രാഹം നെല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. മധുമാരില്ലാത്ത ഒരു നാട് സാർത്ഥകമാക്കാൻ നമുക്കു ചുറ്റുമുള്ള മധുമാരെ കണ്ടുപിടിച്ച് ശാക്തീകരിക്കുന്ന മാധ്യമധർമ്മമാണ് മാറ്റൊലിനടത്തുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചു. റിപ്പോർട്ട്, ബഡ്ജറ്റ്, സാമ്പത്തിക അവലോകനം, പ്രക്ഷേപണത്തെക്കുറിച്ചുള്ള അവതരണം, 25 ഇന പത്താം വർഷപദ്ധതി മുതലായവ അവതരിപ്പിച്ചു. പങ്കെടുത്ത അംഗങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്തു. മാറ്റൊലി മാനവ സമൂഹത്തിനുചെയ്ത മഹാസേവനം അത്യുത്തമമാണെന്ന് അഭിപ്രായപ്പെടുകയും ധാരാളം നല്ല നിർദ്ദേശങ്ങൾ ചൂണ്ടികാണിക്കുകയും ചെയ്തു.

**കണ്ടന്റ് മോണിറ്ററിംഗ് കമ്മിറ്റി**

മാറ്റൊലിയുടെ പ്രക്ഷേപണ പരിപാടികൾ വിലയിരുത്താനും നിർദ്ദേശങ്ങൾ നല്കുവാനുമായി രൂപീകരിച്ച പത്തംഗ കമ്മിറ്റി മാർച്ച് 4– ന് യോഗം ചേർന്നു. ഓരോ മാസത്തിന്റേയും പ്രാധാന്യം കണക്കിലെടുത്ത് ഒരാഴ്ച നീണ്ടു നിൽക്കുന്ന വാരാചരണ പരിപാടികൾ പ്രക്ഷേപണം ചെയ്യാൻ തീരുമാനിച്ചു. അതിൻപ്രകാരം മാർച്ചിൽ–വനിതാവാരം, ഏപ്രിലിൽ –ആരോഗ്യവാരം, മെയ്യിൽ– പുകയില വിരുദ്ധ വാരം, ജൂണിൽ –രക്തദാന വാരം, ജൂലൈയിൽ–നീതിവാരം, ഓഗസ്റ്റിൽ–സ്വാതന്ത്ര്യവാരം, സെപ്റ്റംബറിൽ–വിനോദസഞ്ചാരവാരം, ഒക്ടോബറിൽ–വയോജനവാരം, നവംബറിൽ–നവകേരളം നവവയനാട്, ഡിസംബറിൽ–പ്രവാസി വാരാചരണം, ജനുവരിയിൽ–പുതുവർഷം, ഫെബ്രുവരിയിൽ–റേഡിയോവാരം എന്നിങ്ങനെ വാരാചരണങ്ങൾ നടത്താൻ തീരുമാനമായി. കൂടാതെ ഒരു പ്രത്യേക വിഷയത്തിലൂന്നി 2 മാസം നീണ്ടുനില്ക്കുന്ന പ്രക്ഷേപണ പരമ്പര തുടങ്ങുവാനും തീരുമാനമായി. ശ്രീ. റോജസ് വേങ്ങച്ചുവട്ടിലിന്റെ നേതൃത്വത്തിൽ ജൂലൈവരെ ജലം, ശ്രീ ബാലൻ പുത്തൂറിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിൽ ഗോത്രജനം, ശ്രീ. മംഗലശ്ശേരി മാധവൻ, ശ്രീമതി ആസ്യ ടീച്ചർ എന്നിവരുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ–നവംബർ മാസങ്ങളിൽ ക്യാൻസർ ശ്രീ. ജോസ് പള്ളത്തിന്റെ മേൽനോട്ടത്തിൽ ഡിസംബർ– ജനുവരി മാസങ്ങളിൽ ഇന്ത്യൻ യുവത, ശ്രീ. വി. കെ രഘുനാഥിന്റെ നേതൃത്വത്തിൽ ഫെബ്രുവരി– മാർച്ച് മാസങ്ങളിൽ മാതൃഭാഷ എന്നീ വിഷയത്തിലൂന്നിയാണ് പ്രത്യേക പ്രക്ഷേപണ പരമ്പരകൾ. മാർച്ച് 22 മുതൽ ജലസംരക്ഷണ കാംപെയ്ൻ ആരംഭിച്ചു. ലക്ഷം ലഹരിവിരുദ്ധ പ്രതിജ്ഞ ലക്ഷ്യം ലഹരിരഹിത സമൂഹം എന്ന സന്ദേശമുയർത്തി ലഹരിക്കെതിരെ ഓരോരുത്തരും റേഡിയോയിലൂടെ പ്രതിജ്ഞ എടുത്ത് അവ പ്രക്ഷേപണം ചെയ്ത് ഒരു വലിയമുന്നേറ്റം നടത്താനും തീരുമാനിച്ചു.

**HOD മീറ്റിംഗ്**

മാറ്റൊലിയുടെ വിവിധ വകുപ്പുതലവന്മാരായ അസോസിയേറ്റ് ഡയറക്ർമാരും സ്റ്റേഷൻ ഡയറക്ടറും യോഗം ചേർന്ന് ശ്രോതാക്കളുടെ വർഷം വിലയിരുത്തി പത്താം വർഷപദ്ധതിയുടെ കരട് ചർച്ച ചെയ്തു.

**മാറ്റൊലി ടീം മീറ്റിംഗ്**

മാറ്റൊലിയുടെ നേട്ടങ്ങൾ, പരിമിതികൾ, അവസരങ്ങൾ, വെല്ലുവിളികൾ എന്നിവ നാല്പതോളം വരുന്ന ടീം അംഗങ്ങൾ

വ്യക്തിപരമായി കണ്ടുപിടിക്കുകയും പങ്കുവെയ്ക്കുകയും ചെയ്തു. ആത്മാർത്ഥമായ വിലയിരുത്തലുകൾക്കും ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കും എല്ലാ ടീമംഗങ്ങൾക്കും നന്ദി.

**എംപ്ളോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (ESI)**

മാറ്റൊലി സ്റ്റാഫ് അംഗങ്ങൾക്കായി എംപ്ളോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി.

**മാറ്റൊലി റിംഗ് ടോൺ**

BSNL മൊബൈലിൽ മാറ്റൊലിയുടെ തീം സോംഗ് റിംഗ് ട്യൂണായി ടീം അംഗങ്ങൾക്കായി സെറ്റ് ചെയ്തു.

**റേഡിയോ നിധി**

മാറ്റൊലി റേഡിയോ നിധിയിലേക്ക് മാറ്റൊലി മാനേജിംഗ് കമ്മിറ്റി അംഗം ഡോ. പി.പി. ഷാജു 5000 രൂപ സംഭാവന ചെയ്തു. ഷാജു സാറിന് മറ്റൊലി കുടുംബത്തിന്റെ നന്ദി.

**ജന്മദിനാശംസകൾ**

മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം പിതാവിന്റെ ജന്മദിനത്തിന് സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ, അസി.ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ, ഫാ. സന്തോഷ് കാവുങ്കൽ, ജൂനിയർ സൂപ്രണ്ട് സിന്ധു ജസ്റ്റിൻ എന്നിവർ നേരിൽ കണ്ട് സ്നേഹാശംസകൾ നേർന്നു.

**അനുമോദനങ്ങൾ**

മാറ്റൊലി മാനേജിംഗ് കമ്മിറ്റി അംഗവും ഇപ്പോൾ സെക്രട്ടറിയേറ്റിൽ ഡയറക്റുമായി പ്രവർത്തിക്കുന്ന ശ്രീ. സി.വി. ജോയി സാർ വയനാട്ടിലെ ആദിവാസികളെക്കുറിച്ച് ആധികാരിക ഗ്രന്ഥം പുറത്തിറക്കി. സാറിന് മാറ്റൊലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. ആദിവാസി സമുദ്ധാരണത്തിന് ഈ രചന ഒരു കൈവിളക്കാകട്ടെ.

**വാർത്താ ഫീച്ചറുകൾ**

റേഡിയോ മാറ്റൊലിയെ ആസ്പദമാക്കി ബാംഗ്ളൂർ സ്വദേശിനി അമൂല്യ രാജപ്പ എഴുതിയ യുവർ സ്റ്റോറി എന്ന ഓൺ ലൈൻ മാധ്യമം ജനുവരി 9 ന് പ്രസിദ്ധീകരിച്ചതും സ്റ്റെനി സൈമൺ എഴുതിയ ദ ന്യൂ ഇന്ത്യൻഎക്സ്പ്രസ്സ് ഫെബ്രുവരി 7 ന് പ്രസിദ്ധീകരിച്ചതുമായ 2 വാർത്താ ഫീച്ചറുകൾ ശ്രദ്ധേയമായി.

**വനിതാവാരാചരണം**

അന്താരാഷ്ട്ര വനിതാദിനത്തോട് അനുബന്ധിച്ച് മാർച്ച് 8 മുതൽ 14 വരെ വൈവിധ്യങ്ങളായ പരിപാടികൾ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു. തത്സമയ ഫോൺ ഇൻ പരിപാടി,

അഭിമുഖങ്ങൾ, പാനൽ ചർച്ച എന്നിവയാണ് വനിതകൾക്കുള്ള ആദരമായി മാറ്റൊലി പ്രക്ഷേപണം ചെയ്തത്.

**പങ്കാളിത്തം**

ഫെബ്രുവരി 19 ന് കേരള ക്രിക്കറ്റ് ടീം കോച്ച് ഡേവ് വാട്മോർ നെ ബി ബി സി റേഡിയോയ്ക്കുവേണ്ടി ഫാ. മനോജ് കാക്കോനാൽ ഇന്റർവ്യൂ നടത്തി.

ഫെബ്രുവരി 27-ന് ചെറുകര യു.പി സ്കൂളിൽ നടന്ന വാർഷികാ ഘോഷത്തിൽ സ്റ്റേഷൻ ഡയറക്ടർ പങ്കെടുത്ത് സമ്മാനദാനം നിർവ്വഹിച്ചു.

മാർച്ച് 2-നും മാർച്ച് 10-നും നല്ലൂർനാട് അംബേദ്കർ മെമ്മോറി യൽ ക്യാൻസർ ആശുപത്രിയിൽ ആരംഭിക്കുന്ന പുതിയ ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും ആർ.സി.സി പോലെ നല്ലൂർനാട് ആശുപത്രിയെ മാറ്റിയെടുക്കാനുമുള്ള സർവ്വകക്ഷി ആലോചന യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ സംബന്ധിച്ചു.

മാർച്ച് 17-ന് മാനന്തവാടി പ്രസ്ക്ലബിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും സർവ്വകക്ഷി പ്രതിനിധികളും വ്യാവസായിക, മാധ്യമപ്രതിനിധികളും പങ്കെടുത്ത *മാനന്തവാടിയുടെ വികസനം ചോദിക്കാനും പറയാനും* എന്ന തുറന്ന ചർച്ചയിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്ത് സംസാരിച്ചു.

ജില്ലാ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടത്തിയ തുല്യതാപഠന ക്ളാസുകളുടെ ഉദ്ഘാടനത്തിൽ സ്റ്റേഷൻ ഡയറക്ടർ പങ്കെടുക്കുകയും റേഡിയോ സെറ്റ് വിതരണോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

സർവ്വീസിൽ നിന്നും വിരമിക്കുന്ന ദ്വാരക എ.യു.പി സ്കൂൾ പ്രധാനാദ്ധ്യാപകൻ ശ്രീ. ഷാജിയെ സ്റ്റേഷൻ ഡയറക്ടർ സന്ദർശിച്ച് മാറ്റൊലിയുടെ സ്നേഹോപഹാരം കൈമാറി.

**സന്ദർശനങ്ങൾ**

തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നിന്നും, ആദിവാസികൾക്കിടയിൽ കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ സ്വാധീനം എന്ന വിഷയത്തിൽ പഠനം നടത്തുന്ന മുഹമ്മദ് ഷിഹാസ് കെ. എം മാറ്റൊലി സന്ദർശിച്ചു.

കോഴിക്കോട് ഫറൂഖ് കോളേജ് വിദ്യാർത്ഥികളായ നൂറ പി.പി, സോണിയ സി.ബി എന്നിവർ പ്രൊജക്ടിന്റെ ഭാഗമായി റിസർച്ചിനു വന്നു. മുക്കം മാമ്പറ്റ ഡോൺ ബോസ്കോ കോളജ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഫൊറോനാ സംഗമം**

കല്പറ്റ ഫൊറോനയിലെ ഇടവകവികാരിമാരുടെ മാസ ധ്യാനത്തിൽ ഡയറക്ടർ പങ്കെടുക്കുകയും റേഡിയോ മാറ്റൊലിയും പ്രസിദ്ധീകരണങ്ങളും പരിചയപ്പെടുത്തുകയും ചെയ്തു.

**സർവ്വോദയ സദസ്സ്**

ഗ്രാമപഞ്ചായത്തുകളിലൂടെ നടത്തിയ അന്വേഷണാത്മക, വികസനാധിഷ്ഠിത, യാത്രയിൽ കണ്ടെത്തിയ നിഗമനങ്ങളും വിലയിരുത്തലുകളും നിർദ്ദേശങ്ങളുമടങ്ങിയ റിപ്പോർട്ടും പ്രക്ഷേപണം ചെയ്ത പരമ്പരയുടെ സി.ഡിയും തരിയോട്, പൊഴുതന, വൈത്തിരി, മേപ്പാടി, മൂപ്പൈനാട്, അമ്പലവയൽ, മീനങ്ങാടി, മുട്ടിൽ എന്നീ പഞ്ചായത്തുകളിൽ പ്രസിഡന്റ്, സെക്രട്ടറി മുതലായവരെ നേരിൽകണ്ട് സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ, ലിതിൻ മാത്യു, ജോസഫ് പള്ളത്ത്, ഷാജു പി. ജെയിംസ്, റെനീഷ് ആര്യപ്പിള്ളി എന്നിവർ കൈമാറി. ചെയ്ത നന്മകൾ അക്കമിട്ട് പറഞ്ഞ് ചെയ്യാവുന്ന കാര്യങ്ങൾ ചൂണ്ടിക്കാട്ടിയ മാറ്റൊലിയുടെ ഈ മാധ്യമ ഇടപെടൽ പഞ്ചായത്ത് ഭരണത്തിന് വലിയമുതൽക്കൂട്ടാണ് എന്ന് മിക്ക പ്രസിഡണ്ടുമാരും സെക്രട്ടറിമാരും വിലയിരുത്തി.

**മാറ്റൊലിക്കൂട്ടം കേന്ദ്ര സമിതി**

മാറ്റൊലി ശ്രോതാക്കളുടെ പ്രാദേശിക കൂട്ടായ്മയ്ക്ക് ചുക്കാൻ പിടിക്കുന്ന കേന്ദ്രസമിതിയുടെ യോഗം മാർച്ച് 17 ന് ചേർന്നു. ഇരുപത്തി അഞ്ചിന പത്താം വർഷ പദ്ധതി ചർച്ച ചെയ്ത് ക്രിയാത്മക നിർദ്ദേശം നല്കി. എല്ലാ ഗ്രാമങ്ങളിലും മാറ്റൊലിക്കൂട്ടം തുടങ്ങാനും ശക്തിപ്പെടുത്താനും തീരുമാനിച്ചു. നാളിതുവരെയുള്ള മാറ്റൊലിയുടെ പ്രവർത്തനങ്ങളിലെ ഏറ്റവും ശ്രദ്ധേയമായ ഈ ഗ്രാമീണ കൂട്ടായ്മകൾ ശക്തിപ്പെടുത്താനും തീരുമാനിച്ചു.

**മാറ്റൊലിക്കൂട്ടം**

**പന്തലാടി**

മാറ്റൊലിക്കൂട്ടം രൂപീകരണയോഗം പനമരം ഗ്രാമപഞ്ചായത്തിലെ പന്തലാടി ഗ്രാമത്തിൽ നടന്നു. സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ അദ്ധ്യക്ഷത വഹിച്ചു. മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി തോമസ് ഉദ്ഘാടനം ചെയ്തു. മാറ്റൊലിക്കൂട്ടം പ്രസിഡന്റ് ഷാജൻ ജോസ് മുഖ്യസന്ദേശം നൽകി. ഫ്രാൻസിസ് കുഴിക്കാട്ടിൽ സ്വാഗതവും അംഗനവാടി ടീച്ചർ അൽഫോൻസ നന്ദിയും പറഞ്ഞു. ഫ്രാൻസിസ് കുഴിക്കാട്ടിൽ പ്രസിഡന്റ്, ബെന്നി വരവുകാലായിൽ സെക്രട്ടറി, ഗീത രാമൻ കൊല്ലിയിൽ ജോ. സെക്രട്ടറി, രമ്യ സജി ട്രഷറർ എന്നിവരടങ്ങുന്ന ഭരണസമിതിയെ തെരഞ്ഞെടുത്തു.

**മാടക്കുന്ന്**

കോട്ടത്തറ പഞ്ചായത്തിലെ മാടക്കുന്നിൽ മാറ്റൊലിക്കൂട്ടം രൂപീകരിച്ചു. മാറ്റൊലിക്കൂട്ടം പ്രസിഡന്റ് ഷാജൻ ജോസ് ആമുഖ പ്രഭാഷണം നടത്തി. സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. മാറ്റൊലിക്കൂട്ടം കോ ഓർഡിനേറ്റർ ഷാജു പി ജെയിംസ് മാറ്റൊലിക്കൂട്ടം രൂപീകരണം നടത്തി. സിസ്റ്റർ ആൻസി ജോസ് എഫ്.സി.സി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. വിൻസെന്റ് പാറയിൽ സ്വാഗതവും രാജു പി.ഡി നന്ദിയും പറഞ്ഞു. നിഷിൻ മുണ്ടനടക്കൽ പ്രസിഡന്റ്, തങ്കമണി പി.പി സെക്രട്ടറി, സെബാസ്റ്റ്യൻ നായത്ത് എന്നിവരടങ്ങുന്ന ഭരണസമിതിയെ തെരഞ്ഞെടുത്തു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ പി.സാജിത തത്സമയ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്ത് കുടുംബശ്രീയുടെ പദ്ധതികളെ കുറിച്ച് സംസാരിച്ചു.

**സർവോദയസദസ്സ്:** മീനങ്ങാടി, കണിയാമ്പറ്റ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളാണ് സർവോദയസദസ്സിൽ പങ്കുവെച്ചത്.

**നേരും പൊരുളും:** കൃഷി ഉപേക്ഷിച്ച കേരളം, ജനാധിപത്യത്തിലെ സ്ത്രീ പ്രാതിനിധ്യം, തൊഴിൽനയം തൊഴിലാളികൾക്ക് വേണ്ടി തന്നെയാകട്ടെ, അധ്യാപകരിൽ നിന്നകലുന്ന വിദ്യാർത്ഥി സമൂഹം, സൈബർ ലോകത്തെ ചതിക്കുഴികൾ, ബാങ്കിംഗ് രംഗത്തെ പോരായ്മകളും പരിഹാരങ്ങളും, പൂകൃഷിയ്ക്ക് ഒരുങ്ങി വയനാട്, സമഗ്രം ഈ ആരോഗ്യനയം, ജീവിതശൈലീ രോഗങ്ങൾ വ്യാപിക്കുന്ന കേരളം, പാതയോരത്തെ മദ്യശാലകൾ പ്രോത്സാഹിപ്പിക്കുന്ന മദ്യസംസ്കാരം, മാതൃഭാഷയുടെ മഹത്വം, ശബ്ദമലിനീകരണം സൃഷ്ടിക്കുന്ന വിപത്തുകൾ, റെയിൽഗതാഗത രംഗത്ത് കേരളം നേരിടുന്ന പ്രതിസന്ധികൾ, കേരളത്തിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപഭോഗം തുടങ്ങിയ വിഷയങ്ങളാണ് നേരും പൊരുളും ചർച്ച ചെയ്തത്.

**പാനൽ ചർച്ച :** വന്യമൃഗശല്യവും ശാശ്വതപരിഹാരവും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. നോർത്ത് വയനാട് ഡി.എഫ്.ഓ. കെ.സി. പ്രസാദ്, നോർത്ത് വയനാട് എ.ഡി.സി.എഫ് എം.വി.ജി കണ്ണൻ, മാധ്യമപ്രവർത്തകൻ ബാബു നമ്പുടാകം, വയനാട് വന്യമൃഗശല്യ പ്രതിരോധ ആക്ഷൻ കമ്മിറ്റി ചെയർമാൻ റ്റി.സി ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ജോസഫ് പള്ളത്ത് മോഡറേറ്ററായിരുന്നു.

**പാനൽ ചർച്ച:** സ്ത്രീ മാറ്റത്തിന്റെ ശ്രീ എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. കെ.ജി.എം.ഓ ജില്ലാ സെക്രട്ടറി ഡോ. നീതു ജോൺ, ജ്വാല എക്സിക്യൂട്ടീവ് മെമ്പർ ഡോ. ശ്രീലേഖ, സാമൂഹ്യപ്രവർത്തകയും മാനന്തവാടി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റുമായ അഡ്വ. ഗ്ലാഡിസ് ചെറിയാൻ, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ ശ്രീമതി ഷാബിത. കെ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കൈതക്കൽ ഗവ. യു.പി. സ്കൂൾ സീനിയർ അസിസ്റ്റന്റ് പി. എം ആസ്യ ടീച്ചർ ചർച്ച മോഡറേറ്റ് ചെയ്തു.

**മനസൗഖ്യ:** പഠനം, പരീക്ഷ, ഓർമ്മശക്തി എന്ന വിഷയവും ഓർമ്മശക്തി എന്താണെന്നും അതെങ്ങനെ വർദ്ധിപ്പിക്കാമെന്നും ഡോ.ഫാ. ജോജൻ ജോസഫ് സി.എസ്.ടി. പറഞ്ഞു തന്നു. പുകയിലയും പുകയില ഉത്പന്നങ്ങളും സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളും അവയ്ക്കുള്ള പ്രതിവിധികളേയും കുറിച്ച് ചെന്നലോട് ജൂഡ്സ് മൗണ്ട് ആശുപത്രിയിലെ സൈക്യാട്രിക് സോഷ്യൽ വർക്കറായ ബിജു ജോസ് വിശദീകരിച്ചു.

**അരങ്ങ്:** കൃഷിയും സംസ്കാരവും എന്ന വിഷയത്തിൽ ടെസ അവതരിപ്പിച്ച പ്രസംഗം, ആഗ്നസ് മരിയ, പ്രേമരാജൻ ചീക്കല്ലൂർ എന്നിവരുടെ കവിത, ജിൻസി ജിബിൻ ആലപിച്ച ഭക്തിഗാനം, അലൈന, സുനീഷ് വല്ലിയറ ഇവരുടെ സിനിമാഗാനം എന്നിവയും അരങ്ങിൽ പ്രക്ഷേപണം ചെയ്തു.

**ധന്യമീ ജീവിതം:** പടിഞ്ഞാറത്തറ സ്വദേശി കാർത്ത്യായനി, കൊമ്മയാട് സ്വദേശി മത്തച്ചൻ തെങ്ങുംതോട്ടത്തിൽ എന്നിവർ ധന്യമീ ജീവിതത്തിൽ അനുഭവങ്ങൾ പങ്കുവെച്ചു.

**പ്രത്യേക പരിപാടികൾ:** ഗ്രാമഹൃദയം - പഞ്ചായത്ത് ദിന പരിപാടി, ഗോത്രവിഭാഗത്തിന്റെ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ പദ്ധതികളെ പരിചയപ്പെടുത്തുന്ന മാനന്തവാടി അസിസ്റ്റന്റ് ടി.ഡി.ഒ. ഇസ്മയിൽ സി യുമായി നടത്തിയ അഭിമുഖം, ശ്രേഷ്ഠമീ മലയാളം–മാതൃഭാഷാദിന പരിപാടി, അമ്മ പറയാൻ ബാക്കിവെച്ചത് എന്ന ചിത്രീകരണം, സ്കൗട്ട് ദിന പ്രത്യേക പരിപാടിയിൽ അധ്യാപിക ഷൈനി മൈക്കിളുമായുള്ള പ്രത്യേക അഭിമുഖം, മികവിലേക്ക് ഉയരാൻ നല്ലൂർനാട് ആശുപത്രി– ജില്ലാ ക്യാൻസർ കെയർ യൂണിറ്റ് നല്ലൂർനാട് നോഡൽ ഓഫീസർ ഡോ.സന്തോഷ് കുമാറുമായുള്ള പ്രത്യേക അഭിമുഖം, മാലിന്യസംസ്കരണത്തിന് ഒരു ബത്തേരി മാതൃക, ശാസ്ത്രലോകം തുറക്കുമ്പോൾ, എക്സൈസ് വകുപ്പിന്റെ കലാമേളയിൽ 2017 ൽ കലാതിലകമായ സൽമ ജോസുമായുള്ള അഭിമുഖം എന്നിവ പ്രത്യേകപരിപാടികളായി പ്രക്ഷേപണം ചെയ്തു.

**ജീവിത വളയം:** മാനന്തവാടിയിൽ ഗുഡ്സ് ഓട്ടോ രംഗത്ത് പ്രവർത്തിക്കുന്ന വിൻസെന്റ്, സ്വദേശി വിനോദ് ടി.ജി, ജോബി പി.കെ എന്നിവരാണ് ജീവിതവളയത്തിൽ അതിഥികളായെത്തിയത്.

**ഓവർഡ്രൈവ്:** ഇറക്കുമതി ചെയ്ത കാറുകൾക്കും കാർ നിർമ്മാണത്തിനുള്ള കിറ്റുകൾക്കും കസ്റ്റംസ് ഡ്യൂട്ടി ഉയർത്താനുള്ള നീക്കം വാഹനവിപണിയിൽ പ്രതിഫലിച്ചു തുടങ്ങിയ വിവരമാണ് ഓവർഡ്രൈവ് പ്രധാനമായും പങ്കുവെച്ചത്. അതോടൊപ്പം തണ്ടർ ബേഡ് 350 എക്സ്, തണ്ടർ ബേഡ് 500 എക്സ് എന്നീ പുതിയവാഹനങ്ങളേയും പരിചപ്പെടുത്തി.

**ടെക്നോമാറ്റൊലി:** സാംസങ്ങിന്റെ തെരഞ്ഞെടുത്ത മോഡലുകൾക്ക് പേടിഎം ക്യാഷ് ബാക്ക് ഓഫർ നൽകുന്ന വിവരവും, ഓണർ ഹോളി 4, എസ്റ്റൺ ലൈറ്റ് എന്നീ ഫോണുകളുടെ വിവരവും പങ്കുവെച്ചു.

**ജാലകം:** ജില്ലാ ആസൂത്രണവിഭാഗം മാധ്യമ പ്രവർത്തകർക്കായി നടത്തിയ ശിൽപശാല, സുൽത്താൻ ബത്തേരി നഗരസഭയിൽ പ്രവർത്തിക്കുന്ന രുചിവണ്ടി എന്നിവ ജാലകം പരിപാടിയിൽ പ്രക്ഷേപണം ചെയ്തു.

**എഴുത്തുപെട്ടി:** ശ്രോതാക്കളുടെ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ എഴുത്തുപെട്ടിയിലൂടെ മറുപടി നൽകി.

**ക്ഷീരവാണി:** സൈലേജിനെ കുറിച്ച് കൽപ്പറ്റ ക്ഷീരവികസന ഓഫീസർ ഹർഷ വി.എസ്. നടത്തിയ പ്രഭാഷണം, പടിഞ്ഞാറത്തറ പതിനാറാംമൈൽ സ്വദേശി ബേബി പതിപ്പള്ളിയുടെ ക്ഷീരമേഖലയിലുള്ള അനുഭവങ്ങൾ എന്നിവ ക്ഷീരവാണി പ്രക്ഷേപണം ചെയ്തു.

**കുടുംബവേദി:** പുതുയുഗ പാരന്റിംഗിന് ചില നിർദേശങ്ങൾ, വികാരങ്ങൾ നിയന്ത്രിക്കേണ്ടതിന്റ ആവശ്യകത, കുടുംബജീവിതത്തെ പരിപോഷിപ്പിക്കുന്ന നന്മകൾ എന്നിവയാണ് കുടുംബവേദിയിൽ പങ്കുവെച്ചത്.

**വയൽനാട്:** കമ്മന സ്വദേശി ബാലകൃഷ്ണൻ, പുൽപ്പള്ളി സ്വദേശി മൈക്കിൾ എന്നിവരുടെ കൃഷിരീതികളെയാണ് വയൽനാട് പരിചയപ്പെടുത്തിയത്.

**പൊൻപുലരി:** ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചാണ് ജില്ലാമിഷൻ കോർഡിനേറ്റർ പി.സാജിത പൊൻപുലരി യിലൂടെ ശ്രോതാക്കളോട് പറഞ്ഞത്.

**ക്ലബ്ബ് ടൈം:** വെള്ളമുണ്ട എ.യു.പി.എസ്, തലപ്പുഴ ഗവ.യു.പി. എസ്, പടിഞ്ഞാറത്തറ സെൻറ് ജോർജ് ഇവാഞ്ചലിക്കൽ എൽ.പി.എസ്, എന്നീ സ്കൂളുകളുടെ വിശേഷങ്ങൾ, പനമരം ഗവ.ഹയർസെക്കന്ററി സ്കൂളിൽ വെച്ച് നടന്ന ജില്ലാ റവന്യൂ കലോത്സവ വിശേഷങ്ങൾ, നടവയൽ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ, കാപ്പുംചാൽ ജി.എൽ.പി.എസ്, മൂളിത്തോട് എടവക നാഷണൽ എൽ.പി.എസ് എന്നീ സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകരുടെ അറിവുകളും പരിചയസമ്പന്നതയുമാണ് മാറ്റൊലി ക്ലബ്ബ് ടൈം പങ്കുവെച്ചത്.

**ഹോമിയോകെയർ:** വിവിധ ചികിത്സാപദ്ധതികളേയും അവയ്ക്ക് ജനങ്ങളിൽ നിന്നുള്ള പ്രതികരണത്തേയും കുറിച്ചാണ് ഹോമിയോ കെയർ പങ്കുവെച്ചത്. ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ.എൻ. സോമനാണ് വിവരങ്ങൾ കൈമാറിയത്.

**ചിത്രവിശേഷം:** മിലി ചലച്ചിത്രത്തെകുറിച്ചുള്ള ആസ്വാദനമാണ് വനിതാദിനത്തിൽ ചിത്രവിശേഷത്തിൽ ഉൾപ്പെടുത്തിയത്.

**പ്രകാശഗോപുരങ്ങൾ:** മേപ്പാടി സ്വദേശി ജിതിൻ അബുവിന്റെ ചികിത്സയ്ക്കായി മേപ്പാടി പൗരാവലി നടത്തുന്ന ശ്രമങ്ങളെകുറിച്ചാണ് പ്രകാശഗോപുരങ്ങൾ പങ്കുവെച്ചത്.

**മയിൽപ്പീലി:** മാനന്തവാടി ഗവ.യു.പി.സ്കൂളിൽ വെച്ച് നടന്ന ജില്ലാതല നേഴ്സറി കലോത്സവത്തിലെ പരിപാടികളാണ് മയിൽപ്പീലി പ്രക്ഷേപണം ചെയ്തത്.

**ആയുർകെയർ:** ഡോ.എം.വി.രാജേന്ദ്രൻ മെമ്മോറിയൽ ക്ലിനിക് ആന്റ് പഞ്ചകർമ്മാ സെന്ററിലെ ഡോ.ഇന്ദു കിഷോർ പ്രസവാനന്തര ശുശ്രൂഷയെകുറിച്ച് പങ്കുവെച്ചതും ഉദ്യോഗസ്ഥരായ സ്ത്രീകളുടെ ആരോഗ്യപരിചരണത്തെകുറിച്ചു എഎംഐ വയനാട് ജില്ലാ വനിതാ കൺസോർഷ്യത്തിലെ ചെയർപേഴ്സൺ ഡോ. ഭവാനി നല്കിയ വിവരങ്ങളുമാണ് ആയുർകെയർ പ്രക്ഷേപണം ചെയ്തത്.

**സ്മരണാഞ്ജലി:** പി.ഭാസ്കരൻ, ശ്രീദേവി, കലാഭവൻ മണി, ബോംബെ രവി എന്നിവരെക്കുറിച്ചുള്ള ഓർമ്മകളാണ് സ്മരണാഞ്ജലി പങ്കുവെച്ചത്.

**റേഡിയോ നാടകം:** സ്നേഹസ്പർശം, ഉണരുവാൻ സമയമായി എന്നീ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു.

**മാറ്റൊലിക്കൂട്ടം:** പനമരം ഗ്രാമപഞ്ചായത്തിലെ പന്തലാടി ഗ്രാമത്തിൽ ആരംഭിച്ച മാറ്റൊലിക്കൂട്ടത്തിന്റെ വിവരങ്ങളും വിശേഷങ്ങളുമാണ് പരിപാടി പങ്കുവെച്ചത്.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**February-March 2018**

Annual Sport Day of the college was held on 20 February 2018 in which Sri Prince Abraham, Dy SP Kalpetta, was the chief guest. Ms Ancy George (I B Sc Mathematics) and Mr Ajilal P A (III B Sc Physics) became Individual Champions in Women's and Men's sections. In the University Fine Arts Festival held at S N College, Kannur, many students of our college won prizes and the college grabbed the 17th place this time bettering the 23rd position we had gained last year.

The Teaching Departments have organized many supplementary academic programmes prior to closing the academic year. The Dept of Chemistry organized a programme to commemorate the National Science Day. Dr Lisa Sreejith, Professor of Chemistry at NIT Calicut, delivered a talk on 'The Chemistry of Life' at the program. The Department of English has started a program named schollege in which the BA Students would help and assist the Higher Secondary students of Govt HSS Kartikulam in developing proficiency in English. The Dept of Mathematics conducted an intercollegiate Mathematics quiz competition involving the colleges of Wayanad district. The Dept of Physics conducted a two day Science Fest in February 2018 in which Dr Varkey Sebastian of Nirmalagiri College was the key-note speaker. A seminar on Nanoscience & Nanomagnetism, Science Exhibition and competitions for students were the highlights of the programme. The Dept of Commerce organized a seminar on Digital Banking in which Sri Jeswin T Jose, an RBI certified Financial Literacy Counsellor, gave a talk. Ms Vibina P V and Ms Anju Bernard who completed MSc in computer Science secured first and second ranks in the University examinations.

The Women's Forum of our college organised programmes to commemorate the International Women's Day. Smt. K.C. Rosakutty, Former Chairperson of Kerala State Women's Commission, delivered the message for the International Women's Day. College Annual Day celebration was inaugurated by Sri Abu Salim, noted film actor, and the college magazine was released on the occasion by Sri T K Haris, noted Poet.

**Principal**

### സംസ്ഥാന സമിതി യോഗം

2018 ഫെബ്രുവരി 15 ന് കോട്ടയത്ത് ദീപിക ഓഫീസിൽ ചേർന്ന ഡി.എഫ്.സി. സംസ്ഥാന സമിതി യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. സുനിൽ വട്ടുകുന്നേൽ രൂപതാ പ്രസിഡന്റ് അലക്സ് കടേക്കാട്ട് എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ നമ്മുടെ രൂപതയിൽ ഇതുവരെ നടന്ന, ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ സംക്ഷിപ്ത റിപ്പോർട്ടായി അവതരിപ്പിച്ചു. ഡി.എഫ്.സി സംസ്ഥാന കൺവെൻഷൻ 2018 മെയ് 26 ന് പാലായിൽ നടത്തുന്നതിന് പ്രസ്തുത യോഗം തീരുമാനിച്ചു. സംസ്ഥാന കൺവെൻഷനോടനുബന്ധിച്ച് മൂന്നു മാസത്തെ ദീപിക തീവ്രയജ്ഞ പ്രചരണപരിപാടി നടത്തുന്നതിന് തീരുമാനമെടുത്തു.

### വിളംബരജാഥ

ഇരുപതിനായിരത്തോളം പേരെ പങ്കെടുപ്പിച്ച് നടത്തുന്ന സംസ്ഥാന റാലിക്ക് മുന്നോടിയായി വിളംബരജാഥ, ഡി.എഫ്.സി. കൺവെൻഷൻ റാലി, പൊതുസമ്മേളനം എന്നിവ നടത്തപ്പെടുന്നു. 'മാനവമൈത്രി സൗഹൃദകേരളം' എന്ന സന്ദേശം നൽകുന്ന വിളംബര ജാഥ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മുഴുവൻ രൂപത കളെയും ഉൾപ്പെടുത്തി മെയ് 1 മുതൽ 20 വരെ നടത്തുന്നതിന് തീരു മാനിച്ചു. നമ്മുടെ രൂപതയിൽ മെയ് 4 ന് നടക്കുന്ന വിളംബരജാഥയുടെ സ്വീകരണകേന്ദ്രങ്ങൾ മാനന്തവാടി, നടവയൽ, കൽപ്പറ്റ, പുൽപ്പള്ളി, തരിയോട്, കാവുംമന്ദം എന്നീ സ്ഥലങ്ങളാണ്. വിളംബരജാഥയോടനു ബന്ധിച്ച് 132 കേന്ദ്രങ്ങളിൽ വിവിധ വിഷയങ്ങളെപ്പറ്റി സെമിനാറുകൾ നടക്കുന്നതാണ്. മാധ്യമ ജാഗ്രത, പത്രപ്രദർശനം, ദീപിക നൂറ്റാണ്ടു കളിലൂടെ, കർഷകസെമിനാർ, പരിസ്ഥിതിസംരക്ഷണം, കരിയർ ഗൈഡൻസ് ആരോഗ്യജാഗ്രത, സൈബർ ലോകം, ജൈവകൃഷി തുട ങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് സെമിനാർ നടക്കുക.

### ഫൊറോന സമിതി യോഗം

ഡി.എഫ്.സി തരിയോട് ഫൊറോന സമിതി യോഗം 2018 മാർച്ച് 18 ന് ചെന്നലോട് പള്ളിയിൽ ചേർന്നു. ഫൊറോന പ്രസിഡന്റ് സണ്ണി

മുത്തങ്ങാപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. സുനിൽ വട്ടുകുന്നേൽ വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. ഫൊറോനയിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഏപ്രിൽ 24 ന് കരിയർഗൈഡൻസ് ക്ലാസ്സ് നടത്തുവാനും മെയ് 4-ാം മാനന്തവാടി രൂപതയിൽ പര്യടനം നടത്തുന്ന വാഹനപ്രചരണ ജാഥക്ക് സ്വീകരണം നൽകുവാനും തീരുമാനിച്ചു. ഫൊറോന സെക്രട്ടറി ജോസ് മലയിൽ സ്വാഗതവും ട്രഷറർ ഷിന്റോ നാമറ്റത്തിൽ നന്ദിയും പറഞ്ഞു.

**രൂപതാ ജനറൽ ബോഡി യോഗം**

2018 ഏപ്രിൽ 21-ന് ഉച്ചകഴിഞ്ഞ് 2.30 ന് ടൗൺ പള്ളിയിലെ ഡി.എഫ്.സി. രൂപതാ ഓഫീസിൽ വച്ച് രൂപതാ ജനറൽബോഡി യോഗം ചേരുന്നതാണ്. സംസ്ഥാന കൺവെൻഷന് മുന്നോടിയായി ചേരുന്ന പ്രസ്തുത യോഗത്തിൽ മുഴുവൻ ഫൊറോനകളിലെയും ഡി.എഫ്.സി. ഫൊറോനാ ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.

**ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ**
ഡി.എഫ്.സി. രൂപത സെക്രട്ടറി

# അറിയിപ്പുകൾ

*Institute of Talent Search for social change and Transformation of India*

## DESALES BHAVAN, ITSSCAT-INDIA

H.No. E 49, Shasthri Nagar East, Kunchalummoodu
Karamana P.O., Trivandrum 695002, Kerala, India,
Ph: 0471-2341498

The institute offers education and training of the highly intelligent high school students belonging to the most economically backward families. We undertake the upbringing, education and formation of these students once they are selected. The specific focus of this initiative is to get them motivated, trained, educated and prepared on the Christian values to get into Indian Civil Services and Scientific inventions and discoveries in order to provide the society a better service towards the welfare of the nation and people irrespective of caste, sex and religion.

The selection process is underway for the new academic year 2018-19. The students, preferably Catholics; will be selected only on merit and those who fulfill the criterion i.e. highly intelligent students who desire to study well but cannot due to the pitiable economic and other family situations.

Please find the further details about the selection and admission below.

**The admission procedure**

- Admission will be only for **5** students (boys) for the year **2018-19**
- Applicants should have a minimum score of **85%** in the previous class i.e. **STD VII**
- Admission is only for the students from the poor and marginalized families.

- Admission is only into **class 8**
- Admission is only on the basis of merit
- The students have to qualify themselves through the entrance test and two interviews conducted by the institute
- The entrance test will be based on the text books of the **class 7**
- The Application with the original mark sheet should reach on or before **30th April 2018**
- The entrance test and interview will be on **4th May 2018**
- Admission and classes will begin on **15th May 2018**

For further details, contact:

Number: Ph: 0471 2341498, Cell: 09447165889, 09447576811
Fr. Dr. Jose Karekatt MSFS, Director, ITSSCAT - INDIA
H.No. E 49, Shasthrinagr, Karamana P.O.,
Thiruvanathapuram - 2

# Pastoral Centre Programme



**April 2018**

| | |
|---|---|
| 1 | Easter |
| 2-5 | Catechism Retreat |
| 7 | Zion C R C |
| 8 -11 | Marriage Preparation Course |
| 10 -11 | Catechism Paper Valuation |
| 12 -13 | CML Vachanatharam |
| 14 | Pastoral Council |
| 15 -19 | Zion Retreat |
| 16 | Marian Singles |
| 20 -23 | Marriage Preparation Course |
| 24-26 | CML Camp |
| 30 | Department of Youth Ministry |

**Fr. Paul Vazhappilly**
Director, Pastoral Centre



# *Bishop's Programme*

***April 2018***

| | | |
|---|---|---|
| *1* | *Sun .................* | *Easter* |
| *2* | *Mon 5 Thu .......* | *Out of Station* |
| *6* | *Fri ...................* | *Cathedral: Death Anniversary of Bishop Emmanuel Pothanamuzhy* |
| *8* | *Sun ..................* | *Kalathuvayal: Pastoral Visit* |
| *9* | *Mon ................* | *Out of Station* |
| *10* | *Tue ..................* | *Vincentgiri: Silver & Golden Jubilee of Vincentian Sisters* |
| *11* | *Wed ................* | *Cathedral: Vestition & Golden Jubilee of SABS Sisters* |
| *12* | *Thu 13 Fri .........* | *Sagar: Episcopal Consecration of Msgr James Athikalam MST* |
| *14* | *Sat .................* | *Pastoral Council* |
| *15* | *Sun .................* | *Kaniyambetta: First Communion* |
| *16* | *Mon ................* | *Visitors' Day* |
| *17* | *Tue .................* | *Yavanarkulam: Blessing of the Church* |
| *18* | *Wed ................* | *Cathedral: Vestition & Silver Jubilee of SKD Sisters* |
| *19* | *Thu 20 Fri ........* | *POC Jubilee Celebration* |
| *21* | *Sat ..................* | *Cathedral: Vincent De Paul Anniversary* |
| | *Evening........* | *Kabanigiri* |
| *22* | *Sun ..................* | *Kallody: Concluding Ceremony of the Jubilee* |
| *23* | *Mon ................* | *Tellicherry* |
| *24* | *Tue Morning......* | *Thrissilery: Jubilee Celebration of the Parish* |
| | *Afternoon........* | *Thonichal: Synaxis SKD Sisters* |
| *25* | *Wed .................* | *Thelpara: Blessing of the Presbytery* |

| | | | |
|---|---|---|---|
| *26* | *Thu* | *Morning.....* | *Major Seminarians Gathering* |
| | | *Afternoon...* | *Martin Nagar: Blessing of the Jubilee Memmorial Hall* |
| *27* | *Fri* | *....................* | *Minor Seminary: Major Seminarians Gathering* |
| *28* | *Sat* | *Morning......* | *Kenichira: First Communion* |
| | | *Afternoon.....* | *Martin Nagar: Concluding Ceremony of the Jubilee* |
| *29* | *Sun* | *...................* | *Nadavayal: First Communion* |
| *30* | *Mon* | *................* | *Engaged* |

***May 2018***

| | | | |
|---|---|---|---|
| *1* | *Tue* | *................* | *Inaguration of Kudumbakoottayma & Diocesan day* |
| *2* | *Wed* | *...................* | *Thavinjal: Priestly Ordination: Dn. Shinoj Kaithakkal SVD* |
| *3* | *Thu* | *....................* | *Pastoral Centre : First Profession & Jubilee of SH Sisters* |
| *4* | *Fri* | *..................* | *Out of Station* |
| *5* | *Sat* | *................* | *WSSS: General Body Meeting* |
| *6* | *Sun* | *................* | *Mullenkolly: Pastoral Visit* |
| *7* | *Mon* | *.................* | *Minor Seminary: Vestition of Major Seminarians* |
| *8* | *Tue 12 Sat* | *........* | *Out of Station* |
| *13* | *Sun* | *..................* | *Alattil : First Communion* |
| *14* | *Mon* | *.................* | *Minor Seminary: Interview* |
| *15* | *Tue* | *..................* | *Dwaraka: Corporate Teachers Convention and Farewell Function* |
| *16* | *Wed* | *................* | *Vincentgiri: Vestition and First Profession of Vincentgiri Novices* |
| *17* | *Thu 18 Fri* | *......* | *Out of Station* |
| *19* | *Sat* | *................* | *Valavayal* |
| *21* | *Mon* | *.................* | *Golden & Silver Jubilee of Priests* |
| *22* | *Tue 24 Thu* | *........* | *Kakkanad* |
| *25* | *Fri* | *....................* | *Out of Station* |
| *26* | *Sat* | *.....................* | *Dwaraka: HM & PP Conference* |
| *27* | *Sun* | *..................* | *Pastoral Visit* |
| *28* | *Mon* | *.................* | *Visitors' Day* |
| *30* | *Wed* | *................* | *Visitors' Day* |